# സാമൂഹ്യശാസ്ത്രം I

## സ്റ്റാൻഡേർഡ് IX

ഭാഗം–1

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2019

NT-247-1-SOC.SCI.-I-9-M-VOL.1

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695 012, Kerala

*Website* : www.scertkerala.gov.in
*e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
Printed at : KBPS, Kakkanad, Kochi-30
© Department of Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

സമൂഹത്തിന്റെ വികാസപരിണാമങ്ങളും മനുഷ്യന്റെ ബഹുമുഖമായ വളർച്ചയുമാണ് സാമൂഹ്യശാസ്ത്രത്തിന്റെ പഠനവിഷയം. സാമൂഹിക ജീവിതത്തെയും പ്രതിഭാസങ്ങളെയും സമഗ്രമായും വസ്തുനിഷ്ഠമായും വിശകലനം ചെയ്യാൻ സാമൂഹ്യശാസ്ത്രപഠനം അനിവാര്യമാണ്. സ്ഥലകാലബോധവും കാര്യ-കാരണ ബന്ധവും ശാസ്ത്രീയമനോഭാവവും ജീവിതമൂല്യങ്ങളും വിശാലവീക്ഷണവും സാമൂഹ്യശാസ്ത്രപഠനത്തിലൂടെ സാധ്യമാവേണ്ടതുണ്ട്. ചരിത്രവും രാഷ്ട്രതന്ത്ര ശാസ്ത്രവും സമൂഹശാസ്ത്രവുമായി ഇഴപിരിയുന്നുണ്ടെങ്കിലും ഉദ്ഗ്രഥനത്തിന്റെ സാധ്യതകളും മേഖലകളും പരിഗണിച്ചുകൊണ്ടാണ് ഈ പാഠപുസ്തകം തയാറാക്കിയിട്ടുള്ളത്.

മധ്യകാല ലോകത്തിന്റെയും ഇന്ത്യയുടെയും കേരളത്തിന്റെയും ഒരു സമഗ്രചിത്രം നൽകാൻ ചരിത്രപാഠങ്ങൾക്കു കഴിയും. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിലെ പൗരർ എന്ന നിലയിൽ മൗലികാവകാശങ്ങളുടെ പ്രാധാന്യവും അനിവാര്യതയും രാഷ്ട്രതന്ത്ര പാഠഭാഗങ്ങളിലൂടെ വ്യക്തമാകും. സാമൂഹികപ്രശ്നങ്ങളും പരിഹാരമാർഗങ്ങളും സമൂഹശാസ്ത്രപഠനത്തിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.

**സമഗ്ര** എന്ന വിദ്യാഭ്യാസപോർട്ടലും സാങ്കേതികമായി ശക്തിപ്പെടുത്തിയ ക്യൂ.ആർ കോഡും ക്ലാസ്സ്റൂം പഠനപ്രവർത്തനങ്ങൾ ആയാസരഹിതവും രസകരവുമാക്കിത്തീർക്കും. ദേശീയ തൊഴിൽനൈപുണി ചട്ടക്കൂടും (എൻ.എസ്.ക്യൂ.എഫ്) ഐ.സി.റ്റി. സാധ്യതയും ഈ പാഠപുസ്തകത്തിൽ പരിഗണിച്ചിട്ടുണ്ട്.

വൈവിധ്യങ്ങളെ ആദരിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും മനുഷ്യരുൾപ്പെടെ എല്ലാ ജീവജാലങ്ങളോടും സമഭാവം പുലർത്താനും സാമൂഹ്യശാസ്ത്രപാഠപുസ്തകം നിങ്ങളെ സഹായിക്കും.

സ്നേഹാശംസകളോടെ,

ഡോ. ജെ. പ്രസാദ്
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരള

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

# ഉള്ളടക്കം


| | | |
|---|---|---|
| 01 | മധ്യകാലലോകം : അധികാരകേന്ദ്രങ്ങൾ | 09 |
| 02 | കിഴക്കും പടിഞ്ഞാറും : വിനിമയങ്ങളുടെ കാലഘട്ടം | 23 |
| 03 | ഇന്ത്യൻ ഭരണഘടന: അവകാശങ്ങളും കർത്തവ്യങ്ങളും | 39 |
| 04 | മധ്യകാല ഇന്ത്യ : രാജസങ്കൽപ്പവും ഭരണരീതിയും | 53 |
| 05 | സമ്പത്തും സമൂഹവും മധ്യകാല ഇന്ത്യയിൽ | 69 |

ഈ പുസ്തകത്തിൽ പഠനസൗകര്യത്തിനായി
ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു.


**അധികവായനയ്ക്ക് – വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല**


**പഠനപുരോഗതി നിർണയിക്കുന്ന ചോദ്യങ്ങൾ**


**പ്രവർത്തനങ്ങൾ**


**പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ**


**വിലയിരുത്താം**


**തുടർപ്രവർത്തനങ്ങൾ**

# പാഠപുസ്തകത്തെക്കുറിച്ച്

ചരിത്രം, രാഷ്ട്രതന്ത്രശാസ്ത്രം, സമൂഹശാസ്ത്രം എന്നിവയുടെ ഭാഗമായി ഒമ്പത് അധ്യായങ്ങളാണ് സാമൂഹ്യശാസ്ത്രം ഒന്നാംഭാഗത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. ആറ് അധ്യായങ്ങൾ ചരിത്രപാഠഭാഗങ്ങളും രണ്ട് അധ്യായങ്ങൾ രാഷ്ട്രതന്ത്രശാസ്ത്രവും ഒരു അധ്യായം സമൂഹശാസ്ത്രവുമാണ്.

തുടർച്ചയും വികാസവും ഉറപ്പാക്കുന്ന രീതിയിലാണ് ചരിത്രപാഠഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ആറാം ക്ലാസിൽ അവതരിപ്പിച്ച മധ്യകാലചരിത്രത്തിന്റെ കുറേക്കൂടി ഉയർന്ന തലത്തിലുള്ള വസ്തുതകൾക്കും ആശയമേഖലകൾക്കും അവയുടെ വിശകലനത്തിനുമാണ് ഇവിടെ പ്രാധാന്യം നൽകിയിട്ടുള്ളത്. 'തീമാറ്റിക്' സമീപനത്തിന്റെ അടിസ്ഥാനത്തിൽ ചരിത്രപ്രക്രിയയെ സമഗ്രമായി അവതരിപ്പിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. മധ്യകാലലോകം, മധ്യകാല ഇന്ത്യ, മധ്യകാല കേരളം എന്നിങ്ങനെ മധ്യകാല ജീവിതത്തിന്റെ വിവിധ തലങ്ങളെ വിശദമായ അപഗ്രഥനത്തിനു വിധേയമാക്കുന്നു.

**മധ്യകാലലോകം: അധികാരകേന്ദ്രങ്ങൾ** എന്ന അധ്യായത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിന്ന വ്യത്യസ്ത അധികാരകേന്ദ്രങ്ങളെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. വിവിധ വൻകരകളിലായി വ്യാപിച്ചുകിടന്ന വ്യത്യസ്ത അധികാരരൂപങ്ങളെ ഒരു അധ്യായത്തിലൂടെ അവതരിപ്പിക്കുന്നു.യൂറോപ്പ് കേന്ദ്രീകൃതമായ മധ്യകാലചരിത്രവിശകലന രീതികളിൽ നിന്ന് വ്യത്യസ്തമായി മധ്യകാലഘട്ടത്തിലെ ലോകത്തിന്റെ വ്യത്യസ്ത മേഖലകളിലുണ്ടായ വളർച്ചയും വികാസവും വസ്തുനിഷ്ഠമായി രേഖപ്പെടുത്താനാണ് ശ്രമിച്ചിട്ടുള്ളത്.

**കിഴക്കും പടിഞ്ഞാറും : വിനിമയങ്ങളുടെ കാലഘട്ടം** എന്ന അധ്യായത്തിൽ വാണിജ്യത്തിന്റെ വികാസവും നഗരവത്ക്കരണവും മധ്യകാലഘട്ടത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ സാംസ്കാരിക പുരോഗതിയും പ്രതിപാദിക്കുന്നു. ഇരുണ്ട കാലഘട്ടമെന്ന് യൂറോപ്യൻ ചരിത്രകാരന്മാർ വിശേഷിപ്പിച്ച മധ്യകാലലോകത്തിന്റെ തിളക്കമുള്ള മുഖമാണ് ഇതിലൂടെ വ്യക്തമാക്കുന്നത്.

തുടർന്ന് മൂന്ന് അധ്യായങ്ങളായി മധ്യകാല ഇന്ത്യയുടെ വിശദമായ ചരിത്രം പ്രതിപാദിക്കുന്നു. താനേശ്വരം കേന്ദ്രമാക്കി ഭരിച്ച വർധന സാമ്രാജ്യം വരെയുള്ള ഇന്ത്യാചരിത്രമാണ് എട്ടാം ക്ലാസിൽ നാം ചർച്ച ചെയ്തത്. വർധന സാമ്രാജ്യത്തിനുശേഷം അനേകം ചെറിയ രാജ്യങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി ഉയർന്നു വന്നു. പാലന്മാർ, പ്രതിഹരർ, രാഷ്ട്രകൂടർ, ചാലൂക്യർ, രജപുത്രർ എന്നിവരായിരുന്നു അവർ. ചില രാജ്യങ്ങൾ ശക്തമായിരുന്നെങ്കിലും

രാഷ്ട്രീയ ഐക്യം കൈവരിക്കുന്നതിൽ ഇവരൊന്നും തന്നെ വിജയിച്ചില്ല. അതിനാൽ ഒരു കേന്ദ്രീകൃത ഭരണകൂടം സ്ഥാപിക്കുന്നതിനോ വിപുലമായ ഒരു സാമ്രാജ്യം പടുത്തുയർത്തുന്നതിനോ അവർക്ക് സാധിച്ചില്ല. പിന്നീട് ഇന്ത്യയിൽ ശക്തമായ ഒരു കേന്ദ്രീകൃത ഭരണവ്യവസ്ഥ രൂപപ്പെടുന്നത് സൽത്തനത്ത്-മുഗൾ കാലഘട്ടത്തിലാണ്. ദക്ഷിണേന്ത്യയിൽ ചോള-വിജയനഗര ഭരണകൂടവും മറാത്തയും വളർന്നു വികസിക്കുന്നതും ഇക്കാലത്താണ്. മധ്യകാല ഇന്ത്യയിൽ രാഷ്ട്രീയമായ ഒരു ഏകീകരണത്തിന് തുടക്കം കുറിച്ച പതിമൂന്നാം നൂറ്റാണ്ടു മുതലുള്ള രാഷ്ട്രീയ-സാമൂഹ്യ സാമ്പത്തിക ചരിത്രമാണ് മധ്യകാല ഇന്ത്യാചരിത്രത്തിന്റെ ഭാഗമായി ഈ പുസ്തകത്തിൽ അവതരിപ്പിക്കുന്നത്.

**മധ്യകാല ഇന്ത്യ : രാജസങ്കൽപ്പവും ഭരണരീതിയും** എന്ന അധ്യായത്തിൽ മധ്യകാല ഇന്ത്യയിലെ വ്യത്യസ്ത ഭരണകൂടങ്ങളും അവയുടെ പ്രത്യേകതകളും വിശദമാക്കുന്നു.

**സമ്പത്തും സമൂഹവും മധ്യകാല ഇന്ത്യയിൽ** എന്ന അധ്യായം മധ്യകാല ഇന്ത്യയിലെ സാമ്പത്തിക - സാമൂഹിക വികാസത്തെ അടയാളപ്പെടുത്താനാണ് ശ്രമിച്ചത്.

മധ്യകാല ഇന്ത്യയിലെ സാംസ്കാരിക സമന്വയമാണ് **സമന്വയത്തിന്റെ ഇന്ത്യ** ചർച്ച ചെയ്യുന്നത്. ദർശനങ്ങളുടെ സമന്വയവും ആദാനപ്രദാനബന്ധങ്ങളും പൊതു ഇടങ്ങൾ രൂപപ്പെടുത്തിയതെങ്ങനെയെന്ന് ഈ അധ്യായം വ്യക്തമാക്കുന്നു.


മധ്യകാല കേരളത്തിന്റെ സമഗ്രമായ ജീവിതചിത്രവും ആധുനികകാലഘട്ടത്തിലേക്കുള്ള പ്രയാണവുമാണ് **കേരളം എട്ടാം നൂറ്റാണ്ടു മുതൽ പതിനെട്ടാം നൂറ്റാണ്ടു വരെ** വിശദമാക്കുന്നത്.

തുടർന്ന് രണ്ട് അധ്യായങ്ങളിലൂടെ രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ ചില പ്രധാന മേഖലകൾ അവതരിപ്പിക്കുന്നു.

**ഇന്ത്യൻ ഭരണഘടന : അവകാശങ്ങളും കർത്തവ്യങ്ങളും** എന്ന അധ്യായത്തിൽ ഭരണഘടനയിലെ മൗലികാവകാശങ്ങളും നിർദ്ദേശകതത്വങ്ങളും മൗലികകടമകളും വ്യക്തമാക്കുന്നു.

ജനാധിപത്യപ്രക്രിയയിൽ തിരഞ്ഞെടുപ്പുകൾക്കുള്ള പ്രാധാന്യവും പ്രസക്തിയും വ്യത്യസ്ത തിരഞ്ഞെടുപ്പു സമ്പ്രദായങ്ങളുമാണ് **തിരഞ്ഞെടുപ്പും ജനാധിപത്യവും** ചർച്ച ചെയ്യുന്നത്.

സമൂഹശാസ്ത്രത്തിന്റെ പ്രധാനമേഖലകളിലൊന്നായ വ്യത്യസ്ത സാമൂഹിക പ്രശ്നങ്ങളും അവയുടെ കാരണങ്ങളുമാണ് **നല്ല നാളെയ്ക്കായി** എന്ന അധ്യായത്തിൽ പരാമർശിക്കുന്നത്.



അധ്യായം

01

# മധ്യകാലലോകം : അധികാരകേന്ദ്രങ്ങൾ

"ലോകവ്യാപകമായി നാഗരികത വളർന്നുകൊണ്ടേയിരുന്ന ഒരു കാലമായിരുന്നു മധ്യയുഗം. മധ്യയുഗജീവിതത്തിന്റെയും അതുണ്ടാക്കിയ സാമ്പത്തിക പരിവർത്തനങ്ങളുടെയും സവിശേഷതയാണ് പതിനാറാം നൂറ്റാണ്ടിലെ വിപ്ലവങ്ങൾക്കു കാരണമായത്."

ജെ.ഡി. ബർണൽ,

ശാസ്ത്രം ചരിത്രത്തിൽ (വാള്യം 1, പേജ് 303 – 305)

മുകളിൽ കൊടുത്ത പ്രസ്താവന പരിശോധിക്കൂ. എന്തിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്? എന്തെല്ലാമായിരുന്നു മധ്യകാലലോകത്തിന്റെ സവിശേഷതകൾ? ചർച്ചചെയ്യൂ.

സി.ഇ. അഞ്ചാം നൂറ്റാണ്ടുമുതൽ സി.ഇ. പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തെയാണ് മധ്യകാലം എന്നു വിശേഷിപ്പിച്ചിരുന്നത്. എന്നാൽ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും മധ്യകാലഘട്ടം ഒരേ കാലയളവിലായിരുന്നില്ല. മധ്യകാലലോകത്തിന്റെ രാഷ്ട്രീയഘടന സമാനമായിരുന്നെങ്കിലും അധികാരരൂപങ്ങളിൽ വ്യത്യസ്തത കാണുന്നുണ്ട്. യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക, അമേരിക്ക എന്നിവിടങ്ങളിൽ വിവിധ അധികാരരൂപങ്ങൾ മധ്യകാലഘട്ടത്തിൽ നിലനിന്നിരുന്നു. അവയിൽ പ്രധാനപ്പെട്ട ചിലത് പരിചയപ്പെടാം.

# പൗരസ്ത്യ റോമാസാമ്രാജ്യം




*പൗരസ്ത്യ റോമാസാമ്രാജ്യം*



## കോൺസ്റ്റാന്റിനോപ്പിൾ

മധ്യധരണ്യാഴിക്കും കരിങ്കടലിനും ഇടയിലെ തന്ത്രപ്രധാനമായ ബോസ്ഫോറസ് കടലിടുക്കിലാണ് കോൺസ്റ്റാന്റിനോപ്പിൾ സ്ഥിതി ചെയ്യുന്നത്. റോമൻ ചക്രവർത്തിയായ കോൺ സ്റ്റന്റൈന്റെ പേരിലാണ് ഈ നഗരം അറിയപ്പെട്ടിരുന്നത്. ഓട്ടോമൻ തുർക്കികളുടെ ഭരണകാലത്തും കോൺസ്റ്റാന്റിനോപ്പിൾ തലസ്ഥാനമായിരുന്നു. കലയുടെയും വാസ്തുവിദ്യയുടെയും കേന്ദ്രം കൂടിയായിരുന്നു ഇവിടം. ഇസ്താംബൂൾ എന്നാണ് കോൺസ്റ്റാന്റിനോപ്പിളിന്റെ ഇപ്പോഴത്തെ പേര്.


പുരാതന സാമ്രാജ്യങ്ങളിൽ ഏറ്റവും വിസ്തൃതമായിരുന്നു റോമാസാമ്രാജ്യം. സാമ്രാജ്യവിസ്തൃതി ഭരണപരമായ അസൗകര്യം സൃഷ്ടിച്ചപ്പോൾ സി.ഇ. നാലാം നൂറ്റാണ്ടിൽ ഡയോക്ലിഷ്യൻ എന്ന റോമൻ ചക്രവർത്തി റോമാസാമ്രാജ്യത്തെ രണ്ടായി വിഭജിച്ചു. അങ്ങനെ റോം കേന്ദ്രമായി പാശ്ചാത്യ റോമാസാമ്രാജ്യവും കോൺസ്റ്റാന്റിനോപ്പിൾ കേന്ദ്രമായി പൗരസ്ത്യ റോമാ സാമ്രാജ്യവും നിലവിൽ വന്നു. മുൻപ് കോൺസ്റ്റാന്റിനോപ്പിൾ ബൈസാന്റിയം എന്ന പേരിലാണറിയപ്പെട്ടിരുന്നത്. അതിനാൽ പൗരസ്ത്യ റോമാസാമ്രാജ്യത്തെ ബൈസാന്റയിൻ സാമ്രാജ്യം എന്നും അറിയപ്പെടുന്നു.



പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ ഭൂപടം നിരീക്ഷിച്ച് പശ്ചിമേഷ്യയിലെയും യൂറോപ്പിലെയും ആഫ്രിക്കയിലെയും ഏതൊക്കെ പ്രദേശങ്ങൾ അതിൽ ഉൾപ്പെട്ടിരുന്നു എന്ന് കണ്ടെത്തൂ. ഇന്ന് ആ പ്രദേശങ്ങൾ ഏതെല്ലാം രാജ്യങ്ങളുടെ ഭാഗമാണ്? അറ്റ്ലസിന്റെ സഹായത്തോടെ പട്ടിക തയാറാക്കൂ.

*"ചരിത്രം നീതിപൂർവം ജസ്റ്റീനിയന്റെ യുദ്ധങ്ങൾ മറക്കുകയും അദ്ദേഹത്തിന്റെ നിയമങ്ങളുടെ പേരിൽ സ്മരിക്കുകയും ചെയ്യും".*

**സ്റ്റോറി ഓഫ് സിവിലൈസേഷൻ, വിൽ ഡുറന്റ്**


*ജസ്റ്റീനിയൻ*

പൗരസ്ത്യ റോമാസാമ്രാജ്യത്തിലെ പ്രസിദ്ധനായ ചക്രവർത്തിയായി കണക്കാക്കുന്ന ജസ്റ്റീനിയനെക്കുറിച്ചുള്ള വിൽഡുറന്റിന്റെ നിരീക്ഷണമാണ് മുകളിൽ നൽകിയിരിക്കുന്നത്. റോമിലെ നിയമങ്ങളെല്ലാം ക്രോഡീകരിച്ച് ഒരു നിയമസംഹിത ഉണ്ടാക്കിയതാണ് അദ്ദേഹത്തിന്റെ പ്രധാന നേട്ടം. ഇത് കോർപ്പസ് ജൂറിസ് സിവിൽസ് എന്നറിയപ്പെട്ടു. യുക്തി, നീതി, ഔദാര്യം എന്നീ ആശയങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ് ജസ്റ്റീനിയന്റെ നിയമസംഹിത. പല രാജ്യങ്ങളും നിയമങ്ങളുണ്ടാക്കാൻ ഇത് ഉപയോഗപ്പെടുത്തുകയുണ്ടായി. ഫ്രഞ്ച് ഭരണാധികാരിയായിരുന്ന നെപ്പോളിയന്റെ നിയമസംഹിതയ്ക്കും അടിത്തറയായത് ജസ്റ്റീനിയന്റെ നിയമങ്ങളാണ്.

### ചരിത്രത്തിലെ കാലവിഭജനം

ലോകചരിത്രത്തിലെ കാലവിഭജനത്തിന് റോമാസാമ്രാജ്യത്തെയാണ് മാനദണ്ഡമാക്കാറുള്ളത്. മനുഷ്യന്റെ ഉദ്ഭവം മുതൽ പശ്ചിമ റോമൻ സാമ്രാജ്യം തകർന്ന സി.ഇ. 476 വരെയുള്ള ഘട്ടത്തെയാണ് പുരാതനകാലമെന്നു വിളിക്കുന്നത്. അതുമുതൽ പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ പതനം വരെ (സി.ഇ. 1453) മധ്യകാലഘട്ടമായും പരിഗണിക്കുന്നു. ആധുനിക യുഗത്തിന്റെ ആരംഭം 1453 മുതലാണ്.

**കോർപ്പസ് ജൂറിസ് സിവിൽസ്**

| കോഡ് | ഡൈജസ്റ്റ് | ഇൻസ്റ്റിറ്റ്യൂട്ട്സ് |
|---|---|---|
| റോമിൽ നിലനിന്നിരുന്ന നിയമങ്ങൾ പ്രതിപാദിക്കുന്ന ഗ്രന്ഥം. | നിയമങ്ങളെക്കുറിച്ചുള്ള നിയമജ്ഞരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്ന പുസ്തകം. | നിയമം പഠിക്കാൻ തയാറാക്കിയ ചെറിയ പാഠപുസ്തകം. |

മുകളിൽ നൽകിയ ഉദ്ധരണിയും ഡയഗ്രവും നിരീക്ഷിക്കുക. ജസ്റ്റീനിയന്റെ നിയമങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാമാണ്? ചർച്ചചെയ്യുക.

ജസ്റ്റീനിയന്റെ ഭരണശേഷം സാമ്രാജ്യം ശിഥിലമാവാൻ തുടങ്ങി. പതിനഞ്ചാം നൂറ്റാണ്ടിൽ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയതോടെ പൗരസ്ത്യ റോമൻ സാമ്രാജ്യം തകർന്നു.

## വിശുദ്ധ റോമാസാമ്രാജ്യം




*വിശുദ്ധ റോമാസാമ്രാജ്യം*

റോം കേന്ദ്രമായിരുന്ന പശ്ചിമ റോമാസാമ്രാജ്യം ജർമ്മൻകാരായ ഗോത്രവർഗ്ഗക്കാരുടെ നിരന്തര ആക്രമണത്താൽ തകർന്നു. റോമാസാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന പ്രദേശങ്ങൾ നാടോടികളായിരുന്ന ഈ ആക്രമണകാരികൾ കൈയടക്കി. അവരിലൊരു വിഭാഗമായിരുന്നു ഫ്രാങ്കുകൾ. ഫ്രാങ്കുകൾ സ്ഥാപിച്ച സാമ്രാജ്യമാണ് ഫ്രാങ്കിഷ് സാമ്രാജ്യം.



*ഷാലമീൻ*




ലോകഭൂപടം പരിശോധിച്ച് ഇന്ന് യൂറോപ്പിലുള്ള ഏതൊക്കെ രാജ്യങ്ങൾ വിശുദ്ധ റോമാസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു എന്നു പട്ടികപ്പെടുത്തുക.

ഫ്രാങ്കിഷ് സാമ്രാജ്യത്തിലെ പ്രസിദ്ധനായ ചക്രവർത്തി കരോലിൻജിയൻ വംശജനായ ഷാലമീൻ ആയിരുന്നു. പൗരസ്ത്യ റോമാസാമ്രാജ്യത്തെക്കാൾ വിസ്തൃതമായിരുന്നു ഷാലമീന്റെ സാമ്രാജ്യം. കത്തോലിക്കാ മതമേധാവിയായ പോപ്പ് ലിയോ മൂന്നാമനെ നാടോടികളായ ലൊമ്പാർഡുകൾ എന്ന ആക്രമണകാരികളിൽനിന്നു ഷാലമീൻ രക്ഷിച്ചു. ഇതിനു പ്രത്യുപകാരമായി ഷാലമീനെ വിശുദ്ധ റോമാചക്രവർത്തിയായി പോപ്പ് കിരീടധാരണം നടത്തി. തുടർന്ന് സാമ്രാജ്യം വിശുദ്ധ റോമാസാമ്രാജ്യമെന്ന് അറിയപ്പെട്ടു.

സമർത്ഥനായ യുദ്ധവീരനും കഴിവുറ്റ ഭരണകർത്താവുമായിരുന്നു ഷാലമീൻ. പശ്ചിമ യൂറോപ്പിലെ ഭൂരിഭാഗം രാജ്യങ്ങളെയും അദ്ദേഹം തന്റെ അധീനതയിൽ കൊണ്ടുവന്നു. രാഷ്ട്രീയസഖ്യങ്ങളിലൂടെയും വൈവാഹികബന്ധങ്ങളിലൂടെയും സാമ്രാജ്യ വിസ്തൃതി വർധിപ്പിച്ചു. സാമ്രാജ്യത്തിൽ കേന്ദ്രീകൃതമായ ഭരണം കൊണ്ടുവന്നു. പ്രാദേശികഭരണം 'കൗണ്ടുകൾ' എന്നറിയപ്പെട്ട ഉദ്യോഗസ്ഥരെ ഏൽപ്പിച്ചു. കൗണ്ടുകളുടെ പ്രവർത്തനം പരിശോധിക്കാൻ 'മിസൈ ഡൊമിനിസി' എന്ന രഹസ്യവിഭാഗത്തെ നിയമിച്ചു. സാധുജനങ്ങൾക്കായി ദുരിതാശ്വാസനിധികൾ ആരംഭിച്ചു. ഷാലമീന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങി. അതിനെത്തുടർന്നുണ്ടായ വൈജ്ഞാനികപുനരുത്ഥാനത്തെ കരോലിൻജിയൻ നവോത്ഥാനം എന്നറിയപ്പെടുന്നു. ഷാലമീന്റെ മരണത്തോടെ ഫ്രാങ്കിഷ് സാമ്രാജ്യം വിഭജിക്കപ്പെടുകയും കാലക്രമേണ ശിഥിലമാവുകയും ചെയ്തു.

# അറേബ്യൻ സാമ്രാജ്യം

ഇറാഖ്, ഇറാൻ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങൾ ഉൾപ്പെട്ടിരുന്ന പ്രദേശം ആദ്യകാലത്ത് അറേബ്യ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. മധ്യകാലലോകത്ത് സവിശേഷമായ സംഭാവനകൾ നൽകിയ ജനതയാണ് അറബികൾ. സാംസ്കാരിക മേഖലയിൽ അറബികൾ നൽകിയ സംഭാവനകൾ മുൻക്ലാസുകളിൽ ചർച്ച ചെയ്തതാണല്ലോ.




*അറേബ്യൻ സാമ്രാജ്യം*

രാഷ്ട്രീയരംഗത്തും അറബികൾ നിരവധി സംഭാവനകൾ നൽകി. ഇസ്‌ലാംമത പ്രവാചകൻ മുഹമ്മദ് അറബ് രാഷ്ട്രത്തിന്റെ തലവൻ കൂടിയായിരുന്നു. സി.ഇ. 632 ൽ പ്രവാചകൻ മുഹമ്മദിന്റെ നിര്യാണശേഷം ഖലീഫമാരാണ് അറേബ്യയിൽ ഭരണം നടത്തിയത്. ഖലീഫമാരുടെ കാലത്ത് ഏഷ്യാമൈനർ മുതൽ അറബിക്കടൽ വരെയുള്ള വിശാലമായ പ്രദേശങ്ങൾ അറേബ്യൻ സാമ്രാജ്യത്തിന്റെ ഭാഗമായി. മദീനയായിരുന്നു ഭരണകേന്ദ്രം.

### പ്രവാചകൻ മുഹമ്മദ്

സി.ഇ. 571 ൽ മക്കയിലെ ഖുറൈശിഗോത്രത്തിലാണ് മുഹമ്മദ് ജനിച്ചത്. ഇസ്‌ലാമിന്റെ വിശുദ്ധ നഗരം എന്നാണ് മക്ക അറിയപ്പെടുന്നത്. മക്കയിലെ പ്രമാണിവർഗത്തിന്റെ എതിർപ്പിനെത്തുടർന്ന് സി.ഇ. 622 ൽ മുഹമ്മദ് നബി മദീനയിലേക്ക് പലായനം നടത്തി. ഇത് ഹിജ്റ എന്ന പേരിൽ അറിയപ്പെട്ടു. ഈ സംഭവത്തെ അടിസ്ഥാനമാക്കി ആരംഭിച്ചതാണ് ഹിജ്റ വർഷം.

### ആദ്യഖലീഫമാർ

- അബൂബക്കർ (സി.ഇ 632 - സി.ഇ 634)
- ഉമർ (സി.ഇ 634 - സി.ഇ 644)
- ഉസ്മാൻ (സി.ഇ 644 - സി.ഇ 656)
- അലി (സി.ഇ 656 - സി.ഇ 661)

ആദ്യകാല ഖലീഫമാർക്കുശേഷം ഉമവിയ്യ വംശമാണ് അറേബ്യ ഭരിച്ചത്. ഇവരുടെ കാലത്താണ് അറേബ്യയിൽ കേന്ദ്രീകൃത ഭരണം ആരംഭിക്കുന്നത്. സ്വർണനാണയമായ ദിനാറും വെള്ളിനാണയമായ ദിർഹമും അറേബ്യയിൽ പുറത്തിറക്കിയത് ഉമവിയ്യ ഭരണകാലത്താണ്. ദമാസ്കസ് കേന്ദ്രമായാണ് അവർ ഭരിച്ചിരുന്നത്. ഉമവിയ്യ ഭരണത്തിനു ശേഷം അബ്ബാസിയ ഭരണമാണ് നിലവിൽ വന്നത്. അബ്ബാസിയ ഭരണകാലത്ത് തലസ്ഥാനം ബാഗ്ദാദിലേക്കു മാറ്റി.

അറേബ്യയുടെ ഭൂപടം പരിശോധിച്ച് താഴെപ്പറയുന്ന സ്ഥലങ്ങളുടെ സ്ഥാനം കണ്ടെത്തൂ. അവ ഇന്ന് ഏതെല്ലാം രാജ്യങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്?

- മക്ക
- മദീന
- ദമാസ്കസ്
- ബാഗ്ദാദ്

### ബാഗ്ദാദ്


ടൈഗ്രീസ് നദിക്കരയിലാണ് ബാഗ്ദാദ് സ്ഥിതിചെയ്യുന്നത്. 'ആയിരത്തൊന്നുരാവുകൾ' പശ്ചാത്തലമാക്കുന്നത് ഈ നഗരത്തെയാണ്. ലോകത്തിലെ ഏറ്റവും വലുതും സമ്പന്നവുമായ നഗരമായിട്ടാണ് 'ആയിരത്തൊന്നു രാവുകളിൽ' ബാഗ്ദാദിനെ പരാമർശിക്കുന്നത്. ലോകപ്രശസ്തമായി വളർന്ന ബാഗ്ദാദ് സർവകലാശാല, അബ്ബാസിയാ കൊട്ടാരം എന്നിവ ഇവിടെയാണ് സ്ഥിതിചെയ്യുന്നത്. മംഗോളിയക്കാരനായ തിമൂറും ഓട്ടോമൻ ഭരണാധികാരിയായ സുലൈമാനും ബാഗ്ദാദ് കീഴടക്കിയിരുന്നു. മംഗോളിയക്കാർ ആക്രമിക്കുമ്പോൾ ബാഗ്ദാദ് നഗരത്തിൽ മാത്രം 36 പൊതു ഗ്രന്ഥശാലകൾ ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. അക്കാലത്തെ സാംസ്കാരിക കേന്ദ്രമായിരുന്നു ബാഗ്ദാദ്.

ഹാറൂൺ-അൽ-റഷീദ് ആയിരുന്നു അബ്ബാസിയാ ഭരണാധികാരികളിൽ പ്രസിദ്ധൻ. പ്രജാക്ഷേമതൽപ്പരനായ ഭരണാധികാരിയായിരുന്ന ഹാറൂൺ-അൽ- റഷീദ് ധാരാളം ക്ഷേമപദ്ധതികൾ നടപ്പിലാക്കി. അറേബ്യയിലാദ്യമായി ആശുപത്രികൾ സ്ഥാപിച്ചത് അദ്ദേഹത്തിന്റെ കാലത്താണ്. നീതിന്യായഭരണം ഇസ്‌ലാംമത വിശ്വാസങ്ങൾക്കനുസരിച്ചുള്ളതും നിയമവാഴ്ച കർക്കശവുമായിരുന്നു. സാമ്രാജ്യത്തിന്റെ ഏതുഭാഗത്തും ജനങ്ങൾക്ക് നിർഭയമായി സഞ്ചരിക്കാമായിരുന്നു. വിശുദ്ധ റോമാസാമ്രാജ്യവുമായി ബന്ധം സ്ഥാപിച്ച ഹാറൂൺ-അൽ-റഷീദ് ഷാലമീന്റെ കൊട്ടാരത്തിലേക്ക് പ്രതിനിധികളെ അയച്ചിരുന്നു.

**മധ്യകാലലോകത്തെ ഭരണാധികാരികളിൽ വ്യത്യസ്തനായിരുന്നു ഹാറൂൺ – അൽ – റഷീദ് എന്നു പറയുന്നത് എന്തുകൊണ്ടായിരിക്കാം?**

## ഓട്ടോമൻ സാമ്രാജ്യം

പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ തകർച്ചയുടെ കാരണം എന്തായിരുന്നു?



*ഓട്ടോമൻ സാമ്രാജ്യം സുലൈമാന്റെ ഭരണകാലത്ത്*

സി.ഇ. 1453 ൽ തുർക്കി നേതാവായ മുഹമ്മദ് രണ്ടാമൻ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചെടുത്തതോടെ ഓട്ടോമൻ സാമ്രാജ്യം ശക്തിപ്പെട്ടു. ഇതോടെ പൗരസ്ത്യ റോമാ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന പല പ്രദേശങ്ങളും ഓട്ടോമൻ സാമ്രാജ്യത്തിന്റെ ഭാഗമായി.

ഓട്ടോമൻ സാമ്രാജ്യം ഏറ്റവും കൂടുതൽ

പ്രഭാവത്തിലെത്തിയത് സുലൈമാന്റെ കാലത്താണ്. സുലൈമാനെ അൽഖാനുനി (നിയമദാതാവ്) എന്നാണ് വിളിച്ചിരുന്നത്. അദ്ദേഹം ഓട്ടോമൻ നിയമങ്ങൾ ക്രോഡീകരിച്ചു. സാമ്രാജ്യത്തിൽ കേന്ദ്രീകൃതമായ ഭരണത്തിന് നേതൃത്വം നൽകി. ഇക്കാലത്ത് യൂറോപ്പിലെ പല പ്രദേശങ്ങളും ഓട്ടോമൻ സാമ്രാജ്യത്തിന്റെ ഭാഗമായി. ഏഷ്യയുടെ യുദ്ധവീര്യം ഓട്ടോമൻ ഭരണാധികാരികളിലൂടെ യൂറോപ്യർക്ക് ബോധ്യമായി. ഒന്നാം ലോകയുദ്ധശേഷം ഓട്ടോമൻ സാമ്രാജ്യം തകർന്നു.

**ഓട്ടോമൻ സാമ്രാജ്യം**

ഓട്ടോമൻ സാമ്രാജ്യം സ്ഥാപിച്ചത് പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ തുർക്കി ഗോത്രങ്ങളിലൊന്നിന്റെ നേതാവായിരുന്ന ഉസ്മാനാണെന്ന് കരുതപ്പെടുന്നു. 'ഉത്മാൻ' എന്നറിയപ്പെട്ട അദ്ദേഹത്തിന്റെ പേരിൽ നിന്നാണ് ഓട്ടോമൻ എന്ന പേരുണ്ടായത്.

ഭൂപടം പരിശോധിച്ച് ലോകത്തിന്റെ ഏതൊക്കെ പ്രദേശങ്ങൾ ഓട്ടോമൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു എന്നു കണ്ടെത്തി പട്ടികപ്പെടുത്തുക.

## മംഗോളിയൻ സാമ്രാജ്യം

മധ്യേഷ്യയിൽ റഷ്യക്കും ചൈനയ്ക്കും ഇടയിലുള്ള പ്രദേശമാണ് മംഗോളിയ. വിശാലമായ പുൽമേടുകളും മരുഭൂമിയും പർവതങ്ങളും നിറഞ്ഞ പ്രദേശമാണിത്. വേനൽക്കാലത്ത് ഉയർന്ന ചൂടും തണുപ്പുകാലത്ത് അതിശൈത്യവുമാണ് മംഗോളിയയിലെ കാലാവസ്ഥ. നാടോടികളെപ്പോലെ കൂടാരങ്ങളിലാണ് അവർ കഴിഞ്ഞിരുന്നത്. കുതിരപ്പുറത്ത് നാടുചുറ്റി നടന്ന



മംഗോളിയൻ സാമ്രാജ്യം

വിവിധ മംഗോളിയൻ ഗോത്രങ്ങളെ ഒന്നിപ്പിച്ച് മംഗോളിയൻ സാമ്രാജ്യം സ്ഥാപിച്ചത് ചെങ്കിസ്ഖാനാണ്. ചെങ്കിസ്ഖാന്റെ ഭരണകേന്ദ്രം സൈബീരിയയിലെ ഒനോൺ നദീതീരത്തുള്ള കാറക്കോറമായിരുന്നു.

ഭൂപടം പരിശോധിച്ച് മംഗോളിയക്കാരുടെ സാമ്രാജ്യം ഏതൊക്കെ വൻകരകളിലായി വ്യാപിച്ചിരുന്നു എന്നു കണ്ടെത്തുക.


ചെങ്കിസ്ഖാന്റെ പ്രതിമ – മംഗോളിയ

ശക്തമായ കുതിരപ്പടയായിരുന്നു മംഗോളിയരുടെ സൈന്യത്തിന്റെ പ്രധാനസവിശേഷത. കുതിരപ്പുറത്തിരുന്ന് ഉപയോഗിക്കാൻ കഴിയുന്ന ചെറിയ പീരങ്കികൾ സൈന്യത്തിന്റെ മുഖ്യ ആകർഷണമായിരുന്നു. സുസംഘടിതമായ ചാരസംഘവും ചെങ്കിസ്ഖാനുണ്ടായിരുന്നു.

സാമ്രാജ്യത്തിന്റെ ഭാഗമായ വിദൂരദേശങ്ങളെ ഭരണകേന്ദ്രവുമായി ബന്ധിപ്പിക്കാൻ മംഗോളിയക്കാർ കുതിരകളെ ഉപയോഗിച്ചുള്ള തപാൽ സമ്പ്രദായം നടപ്പിലാക്കിയിരുന്നു. ഈ ആശയവിനിമയ സമ്പ്രദായം 'കൊറിയർ' എന്നറിയപ്പെട്ടു. വളരെയേറെ വേഗത്തിലുള്ളതും കാര്യക്ഷമവുമായിരുന്നു ചെങ്കിസ്ഖാന്റെ കൊറിയർ സമ്പ്രദായം.

### തിമൂർ

സമർഖണ്ഡ് ആസ്ഥാനമാക്കി മംഗോളിയ ഭരിച്ച ഭരണാധികാരിയാണ് തിമൂർ. സാമ്രാജ്യസ്ഥാപകനായ ചെങ്കിസ്ഖാന്റെ പിൻമുറക്കാരനായിരുന്നു തിമൂർ. യുദ്ധത്തിൽ കാലിനു മുറിവേറ്റ തിമൂർ ടാമർ ലൈയിൻ (മുടന്തനായ തിമൂർ) എന്നാണ് അറിയപ്പെട്ടിരുന്നത്. 1398 ൽ സിന്ധുനദി കടന്ന് ഡൽഹിയിലെത്തിയ തിമൂർ വൻസമ്പത്തുമായാണ് മടങ്ങിയത്.

ആധുനികലോകത്തിന് മാതൃകയായ എന്തെല്ലാം ഭരണപരിഷ്കാരങ്ങളാണ് ചെങ്കിസ്ഖാൻ നടപ്പിലാക്കിയത്? അതിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി കുറിപ്പ് തയാറാക്കുക.

## മാലിസാമ്രാജ്യം



മാലിസാമ്രാജ്യം

മധ്യകാല ആഫ്രിക്കയിൽ നിലനിന്നിരുന്ന പ്രസിദ്ധമായ സാമ്രാജ്യങ്ങളിൽ ഒന്നാണ് മാലിസാമ്രാജ്യം. പടിഞ്ഞാറൻ ആഫ്രിക്കയിലെ മാലി ആയിരുന്നു ഭരണകേന്ദ്രം. തന്നിട്ടുള്ള ഭൂപടം പരിശോധിച്ച് ആഫ്രിക്കയിലെ ഏതൊക്കെ പ്രദേശങ്ങളിലായാണ് മാലി സാമ്രാജ്യം വ്യാപിച്ചുകിടന്നതെന്ന് കണ്ടെത്തൂ. പാശ്ചാത്യരാജ്യങ്ങളിലെ രേഖകളിൽ മൻസമൗസ എന്നറിയപ്പെടുന്ന കങ്കൻ മൂസയെയാണ് മധ്യകാല ആഫ്രിക്കയിലെ പ്രസിദ്ധ ഭരണാധികാരിയായി കണക്കാക്കിയിരുന്നത്. വലിയ സ്വർണശേഖരമുണ്ടായിരുന്ന മാലി അക്കാലത്തെ സമ്പന്നമായ പ്രദേശമായിരുന്നു.

മധ്യകാല ആഫ്രിക്കയിലെ പ്രധാന സാംസ്കാരികകേന്ദ്രവും കച്ചവടകേന്ദ്രവുമായിരുന്നു മാലി സാമ്രാജ്യത്തിലെ തിംബുക്തു. വെനീസ്, ഗ്രാനഡ, ജനോവ എന്നിവിടങ്ങളിൽനിന്നും വ്യാപാരികൾ സ്വർണം, ആനക്കൊമ്പ് എന്നിവയുടെ കച്ചവടത്തിനായി 'തിംബുക്തു' വിലെത്തിയിരുന്നു. അടിമക്കച്ചവടത്തിന്റെയും പ്രധാന കേന്ദ്രമായിരുന്നു അത്. തിംബുക്തുവിൽ സ്ഥിതിചെയ്തിരുന്ന സർവകലാശാല മധ്യകാലലോകത്തിലെ പ്രധാന വിജ്ഞാനകേന്ദ്രങ്ങളിലൊന്നായിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വിദ്യാർഥികൾ ഇവിടെയെത്തിയിരുന്നു. കങ്കൻ മൂസ പണികഴിപ്പിച്ച തിംബുക്തുവിലുള്ള 'ഗ്രേറ്റ് മോസ്ക്' മധ്യകാലലോകത്തെ പ്രധാന ഇസ്‌ലാമിക പഠനകേന്ദ്രമായിരുന്നു.

**മക്കയിലേക്കുള്ള യാത്ര**

1324 ൽ കങ്കൻ മൂസ മക്കയിലേക്കു നടത്തിയ യാത്ര ലോകപ്രസിദ്ധമാണ്. കിലോക്കണക്കിന് സ്വർണക്കട്ടികളുമായാണ് അദ്ദേഹവും സംഘവും യാത്ര തിരിച്ചത്. യാത്രയിൽ കണ്ട സാധുക്കൾക്കും പള്ളികൾക്കും തീർഥാടകർക്കും സ്വർണം ദാനമായി നൽകി. മാലിസാമ്രാജ്യത്തിലേക്ക് അധ്യാപകരെയും മതപണ്ഡിതന്മാരെയും ക്ഷണിക്കാൻകൂടിയായിരുന്നു മക്കയിലേക്കുള്ള യാത്ര. മധ്യകാലലോകത്തെ ഏറ്റവും സമ്പന്നനായ ഭരണാധികാരിയായാണ് കങ്കൻ മൂസയെ ഇബ്നുബത്തൂത്ത വിശേഷിപ്പിക്കുന്നത്.

മധ്യകാല ആഫ്രിക്കയുടെ സാമ്പത്തിക-സാംസ്കാരിക പുരോഗതി മാലിസാമ്രാജ്യത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

## ചൈനയും ജപ്പാനും

മധ്യകാലഘട്ടത്തിൽ ഏഷ്യയിൽ ശക്തമായ ഭരണവ്യവസ്ഥകൾ നിലനിന്ന രാജ്യങ്ങളായി രുന്നു ചൈനയും ജപ്പാനും. ഭൂപടത്തിൽ നിന്ന് ഈ രാജ്യങ്ങൾ കണ്ടെത്തൂ.

മധ്യകാലത്തിന്റെ ആദ്യഘട്ടങ്ങളിൽ ടാങ് രാജവംശമാണ് ചൈന ഭരിച്ചിരുന്നത്. രാജ്യത്തിന്റെ പരമാധികാരം ചക്രവർത്തിയിൽ നിക്ഷിപ്തമായിരുന്നു. വിദ്യാഭ്യാസയോഗ്യതയും മികവും മാനദണ്ഡമാക്കി മത്സരപ്പരീക്ഷകളിലൂടെയാണ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുത്തിരുന്നത്. മതസഹിഷ്ണുത പുലർത്തിയിരുന്ന ടാങ് ഭരണാധികാരികൾ കച്ചവടത്തിന്റെയും പ്രോത്സാഹകരായിരുന്നു. ടാങ് രാജവംശത്തിനുശേഷം സോങ്, മിങ്, മഞ്ചു രാജവംശങ്ങൾ ചൈന ഭരിച്ചു.

NT-247-2-SOC.SCI.-I-9-M-VOL.1




*ചൈനയും ജപ്പാനും ഉൾപ്പെടുന്ന വിദൂര കിഴക്കൻ പ്രദേശം*

മധ്യകാല ജപ്പാനിലും രാഷ്ട്രത്തിലെ ഏറ്റവും ഉയർന്ന പദവി നിർവഹിച്ചിരുന്നത് ചക്രവർത്തിയാണ്. എന്നാൽ അധികാരം കൈയാളിയിരുന്നത് ഷോഗണുകൾ എന്നറിയപ്പെട്ട ഫ്യൂഡൽ പ്രഭുക്കന്മാരായിരുന്നു. ഭൂമിയുടെ നിയന്ത്രണവും ഷോഗണുകൾക്കായിരുന്നു. ടോക്കിയോ ഭരണകേന്ദ്രമായി വികസിച്ചത് ഷോഗണുകളുടെ കാലത്താണ്.

**മധ്യകാല ചൈനയിലെയും ജപ്പാനിലെയും അധികാരരൂപങ്ങളെ താരതമ്യം ചെയ്യുക.**

## മധ്യകാല അമേരിക്ക

വടക്കേ അമേരിക്കയിലും തെക്കേ അമേരിക്കയിലും പുരാതനകാലം മുതൽ തന്നെ തനതായ സംസ്കാരങ്ങൾ നിലനിന്നിരുന്നു. അവ മധ്യകാലഘട്ടത്തിലും തുടർന്നു. തദ്ദേശീയമായ ഭരണരീതികളാണ് അവിടങ്ങളിലുണ്ടായിരുന്നത്.

85R215

| അമേരിക്കയിലെ സംസ്കാരങ്ങൾ | |
|---|---|
| • മിസിസിപ്പി | • മായൻ |
| • കരീബിയൻ | • ഇൻക |
| • മൊഗല്ലോൻ | • അസ്ടെക് |
| • പടയൻ | • ടോൾടെക് |

കോളനികൾ സ്ഥാപിക്കാനായി പുതിയ പ്രദേശങ്ങൾ അന്വേഷിച്ചിറങ്ങിയ യൂറോപ്യർ പതിനാറാം നൂറ്റാണ്ടോടെ അമേരിക്കയിലെത്തി. അമേരിക്കയിലെ തദ്ദേശീയ സംസ്കാരങ്ങളെ നശിപ്പിച്ച് അവർ തോട്ടങ്ങളും ഖനികളും നിർമിച്ചു. അവിടങ്ങളിൽ പണിയെടുപ്പിക്കാനാണ് ആഫ്രിക്കയിൽനിന്നു നീഗ്രോകളെ പിടിച്ചുകൊണ്ടുവന്ന് അടിമകളാക്കിയത്. തദ്ദേശവാസികളെ വംശഹത്യക്ക് വിധേയരാക്കുകയും ചെയ്തു.

**മായൻ കലണ്ടർ**

മായൻമാരുടെ കലണ്ടറിൽ 365 ദിവസങ്ങളാണ് ഉണ്ടായിരുന്നത്. 20 ദിവസം വീതമുള്ള 18 മാസങ്ങൾ ചേർന്നതായിരുന്നു ഒരു വർഷം. ബാക്കിയുള്ള 5 ദിവസങ്ങൾ ആഘോഷങ്ങൾക്കും ഉൽസവങ്ങൾക്കുമായുള്ള അവധി ദിനങ്ങളായിരുന്നു.

**കുരിശുയുദ്ധങ്ങൾ**

പതിനൊന്നു മുതൽ പതിമൂന്നു വരെയുള്ള നൂറ്റാണ്ടുകളിൽ പടിഞ്ഞാറൻ യൂറോപ്പും തുർക്കികളും തമ്മിൽ നടന്ന യുദ്ധങ്ങളെയാണ് കുരിശുയുദ്ധങ്ങൾ എന്നു വിളിക്കുന്നത്. ക്രിസ്ത്യൻ-ഇസ്ലാം-ജൂത മതാനുയായികൾ ഒരുപോലെ പുണ്യനഗരമായി കരുതുന്ന ജറുസലേം പട്ടണം സ്വന്തമാക്കുന്നതിനുവേണ്ടിയാണ് ഈ യുദ്ധങ്ങൾ നടന്നത്. പൗരസ്ത്യസംസ്കാരം യൂറോപ്പിൽ വ്യാപിക്കുന്നതിനുള്ള പ്രധാന കാരണങ്ങളിൽ ഒന്നായി കുരിശുയുദ്ധങ്ങളെ കണക്കാക്കാം.

## ഫ്യൂഡലിസത്തിന്റെ പതനം

മധ്യകാല യൂറോപ്പിൽ നിലനിന്നിരുന്ന ഭൂമി കേന്ദ്രീകൃതമായ സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക വ്യവസ്ഥിതി ഫ്യൂഡലിസം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്? ഫ്യൂഡലിസത്തിന്റെ ഘടനയും സവിശേഷതകളും മുൻ ക്ലാസുകളിൽ ചർച്ചചെയ്തിട്ടുണ്ടല്ലോ. പതിനഞ്ചാം നൂറ്റാണ്ടോടെ യൂറോപ്പിൽ ഫ്യൂഡലിസം തകരാൻ തുടങ്ങി.


- കാലാവസ്ഥാ വ്യതിയാനവും കാർഷികോൽപ്പാദനത്തിലെ കുറവും
- ക്ഷാമം
- പ്ലേഗ്പോലുള്ള പകർച്ചവ്യാധികൾ
- കുരിശുയുദ്ധങ്ങൾ
- രാജാക്കന്മാരുടെ വെടിമരുന്നിന്റെ കുത്തക
- കർഷക കലാപങ്ങൾ
- ദേശരാഷ്ട്രങ്ങളുടെ ആവിർഭാവം

**ഫ്യൂഡലിസത്തിന്റെ തകർച്ചയ്ക്ക് വഴിതെളിച്ച കാരണങ്ങൾ എന്തെല്ലാം?**

മധ്യകാലലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്ന അധികാര രൂപങ്ങളെക്കുറിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുക.

മധ്യകാലലോകത്തിലെ വ്യത്യസ്ത അധികാരരൂപങ്ങളാണ് ഈ അധ്യായത്തിൽ പരിചയപ്പെട്ടത്. ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളിലെ ഭരണരംഗത്ത് ശ്രദ്ധേയമായ പരിഷ്കാരങ്ങൾ ഇക്കാലത്തുണ്ടായി. ആധുനികകാലത്തേക്കുള്ള പ്രയാണത്തിന് ഈ പരിഷ്കരണങ്ങളും അധികാരരൂപങ്ങളും ഊർജം പകർന്നു.

മധ്യകാലഘട്ടത്തിൽ നിലനിന്ന അധികാര കേന്ദ്രങ്ങൾ ലോകത്തിനു നൽകിയ സംഭാവനകൾ അടിസ്ഥാനമാക്കി ഒരു ചുവർ പത്രിക തയ്യാറാക്കുക.


മധ്യകാലലോകം : അധികാരകേന്ദ്രങ്ങൾ
പൗരസ്ത്യ റോമാ സാമ്രാജ്യം
ജസ്റ്റീനിയൻ
വിശുദ്ധ റോമാ സാമ്രാജ്യം
ഷാലമീൻ
അറേബ്യൻ സാമ്രാജ്യം
ഹാറൂൺ-അൽ-റഷീദ്
ഓട്ടോമൻ സാമ്രാജ്യം
സുലൈമാൻ
മംഗോളിയൻ സാമ്രാജ്യം
ചെങ്കിസ്ഖാൻ
മാലി സാമ്രാജ്യം
കങ്കൻ മൂസ
മധ്യകാല അമേരിക്ക
വടക്കേ അമേരിക്കൻ സംസ്കാരങ്ങൾ, തെക്കേ അമേരിക്കൻ സംസ്കാരങ്ങൾ
ഫ്യൂഡലിസത്തിന്റെ പതനം

## വിലയിരുത്താം

- 'എ' യുമായുള്ള ബന്ധം മനസ്സിലാക്കി 'ബി' പൂർത്തിയാക്കുക.

| | | | |
|---|---|---|---|
| 1. | എ. ബൈസാന്റിയൻ സാമ്രാജ്യം | - | ജസ്റ്റീനിയൻ |
| | ബി. ...................................................... | - | ഷാലമീൻ |
| 2. | എ. തിംബുക്തു | - | മാലിസാമ്രാജ്യം |
| | ബി. ബാഗ്ദാദ് | - | ....................................... |
| 3. | എ. ടാങ് രാജവംശം | - | ചൈന |
| | ബി. ഷോഗണുകൾ | - | ....................................... |
| 4. | എ. ഹിജ്റ | - | സി.ഇ. 622 |
| | ബി. തുർക്കിയുടെ കോൺസ്റ്റാന്റിനോപ്പിൾ ആക്രമണം | - | ....................................... |

- കോളം 'എ' യിൽ തന്നിട്ടുള്ളവയ്ക്ക് യോജിക്കുന്നത് 'ബി' യിൽ നിന്നു കണ്ടെത്തി എഴുതുക.

| എ | ബി |
|---|---|
| • ചെങ്കിസ്ഖാൻ | ആയിരത്തൊന്നുരാവുകൾ |
| • കങ്കൻ മൂസ | ഹിജ്റ |
| • ഹാറൂൺ-അൽ-റഷീദ് | മക്കയിലേക്കുള്ള തീർത്ഥാടനം |
| • പ്രവാചകൻ മുഹമ്മദ് | കൊറിയർ സമ്പ്രദായം |

- ജസ്റ്റീനിയന്റെ നിയമസംഹിതയുടെ സവിശേഷതകൾ എന്തൊക്കെയായിരുന്നു?
- പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ തകർച്ചയുടെ പ്രധാന കാരണമെന്തായിരുന്നു?
- അബ്ബാസിയ ഖലീഫമാരിൽ ഏറ്റവും പ്രസിദ്ധനായ ഭരണാധികാരിയായിരുന്നു ഹാറൂൺ-അൽ-റഷീദ് പ്രസ്താവനയുടെ സാംഗത്യം പരിശോധിക്കുക.
- മംഗോളിയൻ സൈന്യത്തിന്റെ പ്രധാന സവിശേഷതകൾ എന്തെല്ലാമായിരുന്നു?
- ചെങ്കിസ്ഖാൻ കൊണ്ടുവന്ന തപാൽസംവിധാനത്തിന്റെ പേരെന്ത്? എന്തെല്ലാമായിരുന്നു സവിശേഷതകൾ?

- കോൺസ്റ്റാന്റിനോപ്പിൾ, ബാഗ്ദാദ്, തിംബുക്തു തുടങ്ങിയ മധ്യകാല നഗരങ്ങളുടെ പ്രത്യേകതകൾ പട്ടികപ്പെടുത്തുക.
- ഫ്യൂഡലിസത്തിന്റെ തകർച്ചയിലേക്കു നയിച്ച സാഹചര്യങ്ങൾ വിശകലനം ചെയ്യുക.
- കോൺസ്റ്റാന്റിനോപ്പിൾ, ബാഗ്ദാദ്, മക്ക, മദീന, ദമാസ്കസ്, കാറക്കോറം, മാലി, തിംബുക്തു, ടോക്കിയോ തുടങ്ങിയ മധ്യകാല നഗരങ്ങളുടെ സ്ഥാനം ലോകഭൂപടത്തിൽ കണ്ടെത്തുക. ഇന്ന് ഈ നഗരങ്ങൾ ഏതെല്ലാം രാജ്യങ്ങളിലാണ്സ്ഥിതി ചെയ്യുന്നത്? പട്ടികപ്പെടുത്തുക.



## തുടർപ്രവർത്തനങ്ങൾ

- മധ്യകാലലോകം ഇരുണ്ടയുഗമായിരുന്നോ? ക്ലാസിൽ സംവാദം സംഘടിപ്പിക്കുക.
- യാത്രാവിവരണ ഗ്രന്ഥങ്ങൾ ശേഖരിച്ച് ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ പ്രദേശങ്ങളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.
- മധ്യകാല ലോകത്ത് നിലനിന്ന സാമ്രാജ്യങ്ങളുടെ ഭൂപടങ്ങൾ ചേർത്ത് അറ്റ്ലസ് നിർമ്മിക്കുക.
- മധ്യകാല ലോകത്തെ അധികാര കേന്ദ്രങ്ങളെ ആധാരമാക്കി പ്രശ്നോത്തരി സംഘടിപ്പിക്കുക.



അധ്യായം

# 02


# കിഴക്കും പടിഞ്ഞാറും : വിനിമയങ്ങളുടെ കാലഘട്ടം

> മരുഭൂമിയിലെ യാത്രയ്ക്കിടയിൽ രാത്രിസമയത്ത് ഏതെങ്കിലും കാരണവശാൽ കൂട്ടംതെറ്റി എന്നിരിക്കട്ടെ, കൂട്ടത്തിൽ തിരികെ ചേരാൻ ശ്രമിക്കുന്ന സമയത്ത് ഇരുട്ടിൽ നിന്നു തന്റെ സംഘത്തിൽപ്പെട്ടവർ സംസാരിക്കുന്നതായി അയാൾക്ക് തോന്നും. ചിലപ്പോൾ തന്റെ പേര് പറഞ്ഞുതന്നെ. ഈ ശബ്ദങ്ങളുടെ പിന്നാലെപ്പോയാൽ വഴിതെറ്റിപ്പോവുകയും മരണപ്പെടുകയും സാധാരണമാണ്. ചിലപ്പോൾ രാത്രിയിൽ കുതിരയുടെ കുളമ്പടിശബ്ദം കേൾക്കാം. ശബ്ദംകേട്ട ദിക്കിലേക്കു പോയാൽ കുഴപ്പത്തിൽപ്പെട്ടതുതന്നെ. ചിലപ്പോൾ കേൾക്കുക പെരുമ്പറശബ്ദവും ആയുധങ്ങൾ കൂട്ടിമുട്ടുന്ന ശബ്ദവുമായിരിക്കും. ഇത്തരം അപകടങ്ങൾ ഒഴിവാക്കുവാൻ കച്ചവടസംഘങ്ങൾ കഴിയുന്നത്ര ഒരുമിച്ചു കഴിച്ചുകൂട്ടുകയും രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ അടുത്ത ദിവസം യാത്രപോകേണ്ട ദിക്കിലേക്ക് ദിശാസൂചകം വയ്ക്കുകയും മൃഗങ്ങളുടെ കഴുത്തിൽ ചെറിയ മണികൾ കെട്ടുകയും ചെയ്യാറുണ്ട്.
>
> **മാർക്കോപോളൊ**

പ്രശസ്ത യൂറോപ്യൻ സഞ്ചാരിയായിരുന്ന മാർക്കോപോളൊയുടെ സഞ്ചാരക്കുറിപ്പിൽ നിന്നെടുത്ത ഒരു ഭാഗമാണിത്. മധ്യകാലത്തെ വ്യാപാരസംഘങ്ങളെക്കുറിച്ചാണ് അദ്ദേഹം വിവരിക്കുന്നത്. പ്രധാനമായും കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വ്യാപാരത്തിലേർപ്പെട്ട ഈ സംഘങ്ങൾ അപകടം നിറഞ്ഞ വാണിജ്യപാതകളിലൂടെ അതിസാഹസികമായാണ് സഞ്ചരിച്ചിരുന്നത്.

85ZX2S

മധ്യകാലലോകത്തെ പ്രധാനപ്പെട്ട രണ്ടു വാണിജ്യപാതകളാണ് ചുവടെ ഭൂപടത്തിൽ നൽകിയിരിക്കുന്നത്. അത് നിരീക്ഷിച്ച് നിങ്ങൾക്ക് എന്തെല്ലാം കണ്ടെത്താൻ കഴിയും?




*പട്ടുതുണിപ്പാതയും സുഗന്ധവ്യഞ്ജനപാതയും കാണിക്കുന്ന ഭൂപടം.*

### പട്ടുതുണിപ്പാത (Silk Route)

ചൈന മുതൽ യൂറോപ്പ് വരെ വ്യാപിച്ചിരുന്ന കരമാർഗമുള്ള വാണിജ്യപാതയാണ് പട്ടുതുണിപ്പാത എന്നറിയപ്പെട്ടിരുന്നത്. കിഴക്കിനെയും പടിഞ്ഞാറിനെയും ബന്ധിപ്പിച്ചിരുന്ന ഈ വാണിജ്യപാതയ്ക്ക് ഏകദേശം 6000 കിലോമീറ്റർ ദൈർഘ്യമുണ്ടായിരുന്നു. ചൈന, ഇന്ത്യൻ ഉപഭൂഖണ്ഡം, പേർഷ്യ, യൂറോപ്പ്, ആഫ്രിക്കയുടെ വടക്കൻ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ വാണിജ്യ - സാംസ്കാരിക - വൈജ്ഞാനിക വളർച്ചയ്ക്ക് പട്ടുതുണിപ്പാതയും പാതയിലെ വിശ്രമകേന്ദ്രങ്ങളായ സരായികളും പ്രധാന പങ്കുവഹിക്കുകയുണ്ടായി.

- കിഴക്കൻ ചൈന മുതൽ പടിഞ്ഞാറൻ യൂറോപ്പു വരെ ഈ പാതകൾ വ്യാപിച്ചിരുന്നു.
- കിഴക്കിനെയും പടിഞ്ഞാറിനെയും ബന്ധിപ്പിച്ചിരുന്ന ഈ വാണിജ്യ പാതകളെ പട്ടുതുണി പാതയെന്നും, സുഗന്ധവ്യഞ്ജന പാതയെന്നും വിളിച്ചിരുന്നു.
- പട്ടുതുണിപ്പാത കരയിലൂടെയും സുഗന്ധവ്യഞ്ജനപാത കടൽ മാർഗ്ഗവുമായിരുന്നു.
- അനേകം കച്ചവടകേന്ദ്രങ്ങളിലൂടെ ഈ പാതകൾ കടന്നുപോകുന്നുണ്ട്.

മധ്യകാലത്തിന്റെ ആരംഭത്തിൽ ദുർബലമായിരുന്ന കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വ്യാപാരം കുരിശുയുദ്ധത്തിന്റെ ആരംഭത്തോടെ ശക്തി പ്രാപിച്ചു. ഇറ്റാലിയൻ വ്യാപാരികൾ പൗരസ്ത്യ റോമാ സാമ്രാജ്യവുമായും അറബികളുമായും ദീർഘദൂര വ്യാപാരത്തിൽ ഏർപ്പെട്ടിരുന്നു. ബാഗ്ദാദ്, ദമാസ്കസ്, ജറുസലേം തുടങ്ങിയ പട്ടണങ്ങളുമായി ഇറ്റാലിയൻ വ്യാപാരികൾക്ക് കച്ചവടബന്ധമുണ്ടായിരുന്നു.



മധ്യകാലഘട്ടത്തിലെ കച്ചവടസംഘം – ചിത്രകാരന്റെ ഭാവനയിൽ

ഉൽപ്പാദനവർധനവ്, ഉൽപ്പന്നങ്ങളുടെ വൈവിധ്യം, റോഡുകളുടെയും പാലങ്ങളുടെയും നിർമാണം, കള്ളന്മാരെയും പിടിച്ചുപറിക്കാരെയും അമർച്ച ചെയ്യുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ എന്നിവയുടെ ഫലമായി കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വാണിജ്യബന്ധം വികസിച്ചുവന്നു.

**സുഗന്ധവ്യഞ്ജനപാത (Spice Route)**



കിഴക്കിനെയും പടിഞ്ഞാറിനെയും ബന്ധിപ്പിച്ചിരുന്ന സമുദ്രപാതകളുടെ ഒരു ശൃംഖലയാണ് സുഗന്ധവ്യഞ്ജനപാത എന്നറിയപ്പെട്ടിരുന്നത്. ജപ്പാന്റെ തീരം, ചൈന, ഇന്തോനേഷ്യ, ഇന്ത്യ, ശ്രീലങ്ക, മധ്യേഷ്യ എന്നീ പ്രദേശങ്ങളിലൂടെ കടന്നുപോയിരുന്ന ഈ പാതയിലെ പ്രധാന കൈമാറ്റവസ്തു സുഗന്ധവ്യഞ്ജനങ്ങളായിരുന്നു.

## മധ്യകാലലോകത്തെ നഗരങ്ങൾ

പതിനൊന്നാം നൂറ്റാണ്ടോടുകൂടി പ്രാചീന റോമൻനഗരങ്ങൾ വീണ്ടും സജീവമായി. ഇവക്കുപുറമെ താഴെ പറയുന്നവ കേന്ദ്രീകരിച്ച് പുതിയ നഗരങ്ങളും രൂപംകൊണ്ടു.

- ഫ്യൂഡൽ പ്രഭുക്കന്മാരുടെ കൊട്ടാരങ്ങളുടെ സമീപമുള്ള നഗരങ്ങൾ.
- ക്രൈസ്തവ ദേവാലയങ്ങൾക്കും മഠങ്ങൾക്കും ചുറ്റും വളർന്നുവന്ന നഗരങ്ങൾ.
- കമ്പോളകേന്ദ്രങ്ങൾ വികസിച്ച് രൂപംകൊണ്ട നഗരങ്ങൾ.

869T4F

മധ്യകാലഘട്ടത്തിൽ കൃഷിക്കാർ തങ്ങളുടെ ഉൽപ്പന്നങ്ങളുമായി പൊതുവിപണനകേന്ദ്രങ്ങളിൽ എത്തിച്ചേർന്നു. കച്ചവടക്കാരും കരകൗശലത്തൊഴിലാളികളും ഇത്തരം കേന്ദ്രങ്ങളിൽ താമസിച്ച് വിദൂരപ്രദേശങ്ങളുമായുള്ള വാണിജ്യം നടത്തി. ഈ പൊതുവിപണനകേന്ദ്രങ്ങളാണ് ക്രമേണ നഗരങ്ങളായി വികസിച്ചത്.

യൂറോപ്പിന്റെ വിവിധ പ്രദേശങ്ങളിൽ കച്ചവടകേന്ദ്രങ്ങൾ വളർന്നുവന്നതോടെ വിനിമയത്തിന് നാണയം അത്യന്താപേക്ഷിതമായി. പതിമൂന്നാം നൂറ്റാണ്ടോടെ ഇറ്റാലിയൻ നഗരങ്ങളായ ഫ്ളോറൻസും വെനീസും സ്വന്തമായി നാണയം മുദ്രണം ചെയ്തു. ഇറ്റാലിയൻ ഉപദ്വീപിലെ തുറമുഖങ്ങളുടെ സാന്നിധ്യം, കച്ചവടക്കാർക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ,

ഭരണാധികാരികളുടെ പ്രോത്സാഹനം തുടങ്ങിയവ മറ്റു യൂറോപ്യൻ പ്രദേശങ്ങളെ അപേക്ഷിച്ച് ഇറ്റാലിയൻ നഗരങ്ങളുടെ വികാസത്തിന് അനുകൂല സാഹചര്യമൊരുക്കി. അങ്ങനെ സി.ഇ. 1050 നും സി.ഇ. 1300 നും ഇടയ്ക്ക് ജെനോവ, പിസ, വെനീസ്, ഫ്ളോറൻസ് തുടങ്ങിയ ഇറ്റാലിയൻ നഗരങ്ങൾ പ്രധാന വാണിജ്യകേന്ദ്രങ്ങളായി മാറി.

യൂറോപ്പിലെ പ്രധാന വാണിജ്യകേന്ദ്രങ്ങൾ കണ്ടെത്തി എഴുതുക.

**മധ്യകാലഘട്ടത്തിൽ ഇറ്റലിയിൽ വാണിജ്യം വളരാൻ ഇടയാക്കിയ സാഹചര്യം വിലയിരുത്തുക.**

മധ്യകാല നഗരങ്ങളിൽ പലതും നദീതീരങ്ങളിലാണ് വളർന്നുവന്നത്. നദികളിലൂടെയുള്ള ചരക്കുനീക്കം എളുപ്പമായതിനാൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യം ലഭിച്ചു. വ്യാപാരകേന്ദ്രങ്ങളിൽ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഭരണാധികാരികൾ ചെയ്തുകൊടുത്തതും മധ്യകാലഘട്ടത്തിലെ ജനസംഖ്യാവർധനവും പുതിയ നഗരങ്ങളുടെ വളർച്ചയെ സഹായിച്ച മറ്റു ഘടകങ്ങളാണ്.

സാമൂഹ്യശാസ്ത്ര ലാബിലെ അറ്റ്ലസ് നിരീക്ഷിച്ച് താഴെ തന്നിരിക്കുന്ന നഗരങ്ങൾ ഏതെല്ലാം നദീതീരങ്ങളിലാണ് സ്ഥിതിചെയ്യുന്നതെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുക.

| നഗരം | നദി |
|---|---|
| • ലണ്ടൻ | • |
| • പാരിസ് | • |
| • റോം | • |
| • വിയന്ന | • |

### നഗരങ്ങൾക്കു ചുറ്റുമുള്ള കോട്ടമതിൽ

ഗ്രാമങ്ങൾ അവസാനിക്കുകയും പട്ടണങ്ങൾ ആരംഭിക്കുകയും ചെയ്യുന്നതിന്റെ അടയാളങ്ങളായിരുന്നു ചുറ്റുമതിലുകൾ. പട്ടണത്തിലേക്കു പ്രവേശിക്കുന്നതിന് മതിലുകളിൽ വാതിലുകളും കാവൽപ്പുരകളും ഗോപുരങ്ങളും ഉണ്ടായിരുന്നു. നഗരകവാടങ്ങളിൽ നികുതി പിരിക്കുന്നതിനുള്ള സൗകര്യവും ഉണ്ടായിരുന്നു.

ഇന്നു നമ്മൾ കാണുന്ന ആധുനിക നഗരങ്ങൾ പോലെ ആയിരുന്നില്ല മധ്യകാല യൂറോപ്യൻ നഗരങ്ങൾ. അവ പൊതുവെ വലുപ്പം കുറഞ്ഞവയായിരുന്നു. നഗരവീഥികൾ ഇടുങ്ങിയതും വൃത്തിഹീനവുമായിരുന്നു. കെട്ടിടങ്ങൾ തടികൊണ്ട് നിർമിച്ചതും വൈക്കോൽ മേഞ്ഞതും ആയിരുന്നു. ജനങ്ങൾ തിങ്ങിപ്പാർത്തിരുന്ന നഗരങ്ങളിൽ തീപ്പിടിത്തത്തിനു സാധ്യത വളരെ

കൂടുതലായിരുന്നു. നഗരവാസികളിൽ ഭൂരിഭാഗവും കച്ചവടക്കാർ, കരകൗശല ജോലിക്കാർ, തൊഴിലാളികൾ എന്നിവരായിരുന്നു. നഗരവാസികളായ തൊഴിലാളികൾക്ക് സമ്പത്ത് ഇല്ലാതിരുന്നതിനാൽ അവർ മറ്റുള്ളവരെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത്. ഭക്ഷണത്തിനായി നഗരങ്ങൾ ഗ്രാമങ്ങളെ ആശ്രയിച്ചിരുന്നു.



*മധ്യകാല നഗരത്തിന്റെ ചുറ്റുമുള്ള കോട്ട*



**കർഫ്യൂ**

മധ്യകാല ഇംഗ്ലണ്ടിൽ എല്ലാ ദിവസവും രാത്രി എട്ടുമണിക്ക് വീടുകളിലെ തീ അണയ്ക്കുകയോ മൂടിയിടുകയോ ചെയ്യുന്നതിനുവേണ്ടി മണി മുഴങ്ങിയിരുന്നു. നഗരത്തിൽ ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരുന്ന തീപ്പിടിത്തം ഒഴിവാക്കാനാണ് ഇങ്ങനെ ചെയ്തത്. ഇംഗ്ലണ്ടിൽ നടപ്പിലാക്കിയ ഈ നിയമമാണ് കർഫ്യൂ. അഗ്നിയെ മൂടുക (Cover the fire) എന്നാണ് ഈ വാക്കിന്റെ അർഥം. പ്രശ്നബാധിതപ്രദേശങ്ങളെ സമാധാനത്തിലേക്ക് തിരിച്ചുകൊണ്ടുവരാനായി ഗവൺമെന്റ് സ്വീകരിക്കുന്ന അടിയന്തിരനടപടിയാണ് ഇപ്പോൾ കർഫ്യൂ എന്നറിയപ്പെടുന്നത്.

**മധ്യകാല നഗരങ്ങളുടെ സവിശേഷതകൾ വിശകലനം ചെയ്യുക.**



## കിഴക്കൻ നഗരങ്ങൾ

മധ്യകാലഘട്ടത്തിൽ പശ്ചിമയൂറോപ്യൻ നഗരങ്ങളെ കൂടാതെ വലിയ പട്ടണങ്ങളും വ്യാപാരകേന്ദ്രങ്ങളും നിലനിന്നിരുന്ന മറ്റു പ്രദേശങ്ങൾ ഏതൊക്കെയെന്ന് നോക്കാം.

അബ്ബാസിയാ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന ബാഗ്ദാദ് മധ്യകാലഘട്ടത്തിൽ വ്യാപാരത്തിന്റെയും വാണിജ്യത്തിന്റെയും പ്രധാന കേന്ദ്രമായിരുന്നു. ബാഗ്ദാദിലെ കമ്പോളങ്ങൾ ലോകത്തിന്റെ വിവിധ

ഭാഗങ്ങളിൽനിന്നും എത്തിയ അപൂർവമായ വിഭവങ്ങൾകൊണ്ട് നിറഞ്ഞിരുന്നു. പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന കോൺസ്റ്റാന്റിനോപ്പിൾ (ഇസ്താംബൂൾ) പ്രശസ്തമായ മറ്റൊരു വാണിജ്യകേന്ദ്രമായിരുന്നു. പട്ടുതുണിപ്പാതയിലൂടെയും സുഗന്ധവ്യഞ്ജനപാതയിലൂടെയും എത്തിയിരുന്ന ഉൽപ്പന്നങ്ങൾ യൂറോപ്പിലേക്കു കൊണ്ടുപോയിരുന്നത് ഈ നഗരങ്ങളിലൂടെയാണ്.

- ബസറ
- ഏദൻ
- മക്ക
- മസ്കത്ത്
- ദമാസ്കസ്
- സൂറത്ത്



പാഠഭാഗത്തു തന്നിട്ടുള്ള വാണിജ്യപാതകളുടെ ഭൂപടം നിരീക്ഷിച്ച് മധ്യേഷ്യയിലെ പ്രധാനപ്പെട്ട നഗരങ്ങൾ പട്ടികപ്പെടുത്തൂ.

| | |
|---|---|
| • ബാഗ്ദാദ് | • |
| • | • |
| • | • |

ലോകത്തിന്റെ കിഴക്കും പടിഞ്ഞാറും നിലനിന്നിരുന്ന പ്രധാന വാണിജ്യകേന്ദ്രങ്ങളും നഗരങ്ങളും പരിചയപ്പെട്ടല്ലോ. ഈ നഗരങ്ങളിലെ ജനങ്ങളുടെ സാമൂഹിക-സാമ്പത്തികസ്ഥിതി എങ്ങനെയായിരുന്നുവെന്ന് നോക്കാം.

86IP63

## ഗിൽഡുകൾ (Guilds)

മധ്യകാലഘട്ടത്തിലെ സാമൂഹിക-സാമ്പത്തിക ഘടനയുടെ സവിശേഷതയായിരുന്നു ഗിൽഡുകൾ. വിവിധ തൊഴിൽ മേഖലകളിലെ വിദഗ്ധരുടെ സംഘങ്ങളായിരുന്നു ഗിൽഡുകൾ.



*മധ്യകാല ചെരിപ്പുനിർമാണ കേന്ദ്രം*

- വ്യാപാരഗിൽഡുകൾ (Merchant Guilds)
- കരകൗശല ഗിൽഡുകൾ (Craft Guilds)

എന്നിങ്ങനെ രണ്ടു തരം ഗിൽഡുകൾ ഉണ്ടായിരുന്നു.

മധ്യകാല യൂറോപ്പിലെ നഗരങ്ങളിൽ ഉണ്ടായ വ്യാപാരത്തിന്റെ വളർച്ച, പ്രത്യേക തൊഴിൽമേഖലയുടെ രൂപീകരണം, പട്ടണങ്ങളിലെ ഉയർന്ന നികുതിക്കും ചൂഷണത്തിനുമെതിരെ നിലകൊള്ളേണ്ടതിന്റെ ആവശ്യകത, സംഘടനാബോധം തുടങ്ങി

യവയെല്ലാം ഗിൽഡുകളുടെ രൂപീകരണത്തിലേക്കു നയിച്ച ഘടകങ്ങളാണ്.



ഒരു മധ്യകാല തുന്നൽശാല



മധ്യകാല നെയ്ത്തുകാരൻ

പരസ്പരസഹായവും സഹകരണവും വളർത്തുക, കമ്പോളകുത്തക നിലനിർത്തുക, സാമ്പത്തിക സ്ഥിരത കൈവരിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഗിൽഡുകൾക്കുണ്ടായിരുന്നത്. വ്യാപാര ഗിൽഡുകളാണ് ആദ്യമായി രൂപംകൊണ്ടത്. വ്യാപാര വളർച്ച ലക്ഷ്യമാക്കിയ അവ പട്ടണങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് നഗരാന്തര ലീഗുകൾ (Intercity Leagues) രൂപീകരിച്ചു. യൂറോപ്പിലെ വിവിധ നഗരങ്ങളിലെ വ്യാപാരപ്രവർത്തനങ്ങൾ നിയന്ത്രിച്ചിരുന്ന ഹാൻസിയാറ്റിക് ലീഗ് (Hanse atic League) ഇതിനൊരുദാഹരണമാണ്.

മധ്യകാലത്തെ കരകൗശലത്തൊഴിലാളികളുടെയും മറ്റു വിദഗ്ധതൊഴിലാളികളുടെയും സംഘങ്ങളാണ് കരകൗശല ഗിൽഡുകൾ (Craft Guilds). തുകൽപ്പണിക്കാർ, മരപ്പണിക്കാർ, ഇരുമ്പുപണിക്കാർ തുടങ്ങി ഓരോ തൊഴിൽ വിഭാഗത്തിനും പ്രത്യേകം ഗിൽഡുകൾ ഉണ്ടായിരുന്നു.

വ്യവസായവൽക്കരണം, ശാസ്ത്ര-സാങ്കേതികരംഗത്തെ വളർച്ച എന്നിവ ഗിൽഡ് സമ്പ്രദായത്തിന്റെ പതനത്തിനു കാരണമായി.




മധ്യകാല യൂറോപ്പിലെ ഗിൽഡുകൾ വ്യാപാരരംഗത്ത് ചെലുത്തിയ സ്വാധീനം വിശകലനം ചെയ്യുക.

# മധ്യകാല വിദ്യാഭ്യാസം



*ബൊളോണ സർവകലാശാല*



*കൊർദോവ സർവകലാശാല*

അടിസ്ഥാന വിദ്യാഭ്യാസം, സർവകലാശാലകൾ, ഗ്രീക്കോ-റോമൻ വിജ്ഞാനം, ഇസ്‌ലാമികവിജ്ഞാനം എന്നിവയുടെ വ്യാപനം മധ്യകാലഘട്ടത്തിന്റെ സവിശേഷതയായിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനായി ധാരാളം സ്കൂളുകൾ ഇക്കാലത്ത് വളർന്നുവന്നു.

വ്യാകരണം, ലാറ്റിൻഭാഷ, ജ്യോതിശ്ശാസ്ത്രം, സാഹിത്യം, തത്ത്വചിന്ത, ഗണിതം, പ്രകൃതിനിയമങ്ങൾ തുടങ്ങിയവയായിരുന്നു മധ്യകാല യൂറോപ്യൻ സ്കൂളുകളിലെ പ്രധാന പഠനവിഷയങ്ങൾ. മധ്യകാല യൂറോപ്പിലെ സ്ത്രീകളിൽ വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചിരുന്നത് കന്യാസ്ത്രീകൾക്കും അപൂർവം ചില പ്രഭുക്കന്മാരുടെയും ഭരണാധികാരികളുടെയും മക്കൾക്കും മാത്രമായിരുന്നു.

### കരോലിൻജിയൻ നവോത്ഥാനം

എട്ട്, ഒമ്പത് നൂറ്റാണ്ടുകളിൽ യൂറോപ്പിൽ വളർന്നുവന്ന സാംസ്കാരികവും ബൗദ്ധികവുമായ ഉണർവിനെയാണ് പൊതുവെ ചരിത്രകാരന്മാർ 'കരോലിൻജിയൻ നവോത്ഥാനം' (Carolingian Renaissance) എന്ന് വിശേഷിപ്പിക്കുന്നത്. ഷാലമീൻ ചക്രവർത്തിയുടെയും അദ്ദേഹത്തിന്റെ പിൻഗാമി ലൂയിയുടെയും കാലഘട്ടത്തിലാണ് ഈ നവോത്ഥാനം പ്രധാനമായും നടന്നത്. വിദ്യാഭ്യാസം നേടിയ ഒരു വിഭാഗം ജനങ്ങൾ സമൂഹത്തിൽ ആവശ്യമാണെന്ന് മനസിലാക്കിയ ഷാലമീൻ ചക്രവർത്തി തന്റെ സാമ്രാജ്യത്തിലെ സന്യാസി മഠങ്ങളും കത്തീഡ്രലുകളും സൗജന്യ പ്രാഥമിക വിദ്യാഭ്യാസം നൽകണമെന്ന് കല്പന പുറപ്പെടുവിച്ചു.

മധ്യകാലഘട്ടത്തിൽ വിദ്യാഭ്യാസം പ്രാഥമികതലത്തിൽ മാത്രമായി ചുരുങ്ങിയിരുന്നില്ല. സർവകലാശാലാ വിദ്യാഭ്യാസവും അക്കാലത്ത് വ്യാപകമായി. തത്ത്വചിന്ത, നിയമം, സാഹിത്യം, വൈദ്യശാസ്ത്രം, വിവിധ ഭാഷകൾ, ജ്യാമിതി തുടങ്ങിയവയായിരുന്നു സർവകലാശാലകളിലെ പഠനവിഷയങ്ങൾ. പതിനൊന്നും പന്ത്രണ്ടും നൂറ്റാണ്ടുകളിൽ യൂറോപ്പിൽ നിരവധി സർവകലാശാലകൾ സ്ഥാപിക്കപ്പെട്ടു. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.

- ബൊളോണ - ഇറ്റലി
- കോൺസ്റ്റാന്റിനോപ്പിൾ - തുർക്കി

- പാരിസ് - ഫ്രാൻസ്
- ഓക്സ്ഫഡ്, കേംബ്രിഡ്ജ് - ഇംഗ്ലണ്ട്

മധ്യകാലഘട്ടത്തിലെ പ്രശസ്തമായ സർവകലാശാലകളിൽ ഒന്നായിരുന്നു അറബികൾ സ്പെയിനിൽ സ്ഥാപിച്ച കൊർദോവ സർവകലാശാല. ആയിരക്കണക്കിന് കൈയെഴുത്തുപ്രതികൾ സൂക്ഷിച്ചിരുന്ന വിശാലമായ ലൈബ്രറി ഇതിന്റെ സവിശേഷതകളിലൊന്നായിരുന്നു. ഇവിടെ ഗ്രീക്ക്, സിറിയക്, പേർഷ്യൻ, സംസ്കൃതം എന്നീ ഭാഷകൾ പഠിക്കാനുള്ള സൗകര്യമുണ്ടായിരുന്നു. സർവകലാശാലയിലെ ലൈബ്രറിയിൽ ഈ ഭാഷകളിലുള്ള ഗ്രന്ഥങ്ങളുടെ അറബി തർജമയും ലഭ്യമായിരുന്നു.

വിദ്യാഭ്യാസമേഖലയിലെ പുരോഗതി യൂറോപ്പിൽ മാത്രം ഒതുങ്ങി നിന്നിരുന്നില്ല. അബ്ബാസിയാ ഖലീഫമാരുടെ കാലത്താണ് മധ്യേഷ്യയിൽ വിദ്യാഭ്യാസം വ്യാപകമാകുന്നത്. പത്താം നൂറ്റാണ്ടോടെ ആരംഭിച്ച പ്രാഥമിക വിദ്യാലയങ്ങളിൽ (മക്തബ്) ആറുമുതൽ പതിനാലു വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകിയിരുന്നു.

അറബിലോകത്ത് സ്ത്രീകൾക്ക് വിദ്യാഭ്യാസസൗകര്യം ഉണ്ടായിരുന്നു. സ്ത്രീകൾക്ക് പഠനത്തിലൂടെ 'ഇജാസ്' എന്ന ഡിഗ്രി നേടി അധ്യാപികമാരാകാൻ അവസരമുണ്ടായിരുന്നു.

മധ്യേഷ്യയിലെ ബാഗ്ദാദ്, ദമാസ്കസ് എന്നിവിടങ്ങളിലെ സർവകലാശാലകളും ഈജിപ്തിലെ അൽ-അസ്ഹർ സർവകലാശാലയും മധ്യകാലഘട്ടത്തിലെ ശ്രദ്ധേയമായ വിദ്യാഭ്യാസകേന്ദ്രങ്ങളായിരുന്നു.

മധ്യകാലഘട്ടത്തിൽ കിഴക്കനേഷ്യൻ പ്രദേശങ്ങളും വിദ്യാഭ്യാസപുരോഗതിക്ക് സാക്ഷ്യം വഹിച്ചു. പ്രാചീനകാലം മുതൽ തന്നെ ചൈനയുടെ വിവിധ പ്രദേശങ്ങളിൽ സ്കൂളുകൾ സ്ഥാപിച്ചിരുന്നു. വ്യക്തിത്വ വികാസത്തോടൊപ്പം കുടുംബത്തിനും രാജ്യത്തിനും ഗുണപരമായ സംഭാവനകൾ നൽകാൻ കഴിയുന്നതാണ് വിദ്യാഭ്യാസം എന്ന വിശ്വാസമായിരുന്നു



*അൽ-അസ്ഹർ സർവകലാശാല*

**പുസ്തകനിർമാണം**

കൊർദോവയിലെയും ബാഗ്ദാദിലെയും കെയ്റോയിലെയും വായനശാലകളിൽ ആയിരക്കണക്കിനാളുകൾ കൈയെഴുത്തുപ്രതികൾ തയാറാക്കുന്ന ജോലിയിൽ ഏർപ്പെട്ടിരുന്നു. തുണിയിൽനിന്നു നിർമിക്കുന്ന പേപ്പറാണ് ഇതിനു ഉപയോഗിച്ചിരുന്നത്. മരത്തിൽ നിർമിച്ച അച്ചുകളും അവർ ഉപയോഗിച്ചിരുന്നു. ലോകത്തെ ആദ്യ പേപ്പർമിൽ ബാഗ്ദാദിലാണ് സ്ഥാപിക്കപ്പെട്ടത്. രണ്ടാമത്തേത് കോർദോവയിലും.

ഇതിനു പിന്നിൽ. ചൈനയിലെ വിദ്യാലയങ്ങളിൽ ആറുവയസ്സുമുതലാണ് പഠനം ആരംഭിച്ചിരുന്നത്. ഈ വിദ്യാലയങ്ങൾ ഭൂരിഭാഗവും ഏകാധ്യാപക വിദ്യാലയങ്ങളായിരുന്നു. ബുദ്ധമതവിഹാരങ്ങളോടു ചേർന്നുള്ള പഠനകേന്ദ്രങ്ങളിൽ ബുദ്ധമതദർശനം നിർബന്ധവിഷയമായിരുന്നു.

വിദ്യാർഥികൾ അധ്യാപകരോടൊപ്പം താമസിച്ചു പഠിച്ചിരുന്ന ഗുരുകുലസമ്പ്രദായം മധ്യകാല ഇന്ത്യയിലും നിലനിന്നിരുന്നു. വ്യാകരണം, ഭാഷ, സാഹിത്യം, തത്ത്വചിന്ത, ജ്യോതിശ്ശാസ്ത്രം തുടങ്ങിയ വിഷയങ്ങളാണ് ഇവിടെ പ്രധാനമായും പഠിപ്പിച്ചിരുന്നത്. ദക്ഷിണേന്ത്യയിൽ മധ്യകാലഘട്ടത്തിൽ ക്ഷേത്രങ്ങളോടനുബന്ധിച്ച് നിരവധി വിദ്യാലയങ്ങൾ നിലനിന്നിരുന്നു.

86SK7Q

മധ്യകാലസമൂഹത്തിന്റെ പുരോഗതിയിൽ വിദ്യാഭ്യാസം വഹിച്ച പങ്ക് ചർച്ച ചെയ്യുക.


## കലയും സാഹിത്യവും



*റോമനസ്ക് ശൈലി*



*ഗോഥിക് ശൈലി*



*കരോലിൻജിയൻ ശൈലി*

മധ്യകാലലോകം വാസ്തുവിദ്യയിൽ കൈവരിച്ച പുരോഗതി സൂചിപ്പിക്കുന്ന ചിത്രങ്ങളാണ് തന്നിട്ടുള്ളത്. റോമനസ്ക്, ഗോഥിക് ശൈലികളെക്കുറിച്ച് മുൻ ക്ലാസുകളിൽ ചർച്ചചെയ്തിട്ടുണ്ടല്ലോ. ഇതിനുപുറമെ പ്രാചീന റോമൻ വാസ്തുശൈലിയെ ബൈസാന്റയിൻ വാസ്തുശൈലിയുമായി യോജിപ്പിച്ച ഒരു പുതിയ ശൈലി ഷാലമീൻ ചക്രവർത്തി രൂപപ്പെടുത്തി. ഇത്

കരോലിൻജിയൻ ശൈലി എന്നറിയപ്പെടുന്നു. താഴികക്കുടങ്ങളും കമാനാകൃതിയിലുള്ള വാതിലുകളും വലിയ തൂണുകളും മൊസൈക് തറകളും ഇതിന്റെ സവിശേഷതകളാണ്.


പ്ലാറ്റോണിക് അക്കാദമി - ഫ്ളോറൻസ്

കുരിശുയുദ്ധങ്ങളുടെ കാലത്ത് യൂറോപ്യൻ ജനത ഇസ്‌ലാമികസംസ്കാരവുമായി കൂടുതൽ പരിചയത്തിലായി. കലയും സാഹിത്യവും ഈ കാലഘട്ടത്തിൽ വിനിമയം ചെയ്യപ്പെട്ടു. പൗരസ്ത്യകലയും വാസ്തുശില്പവും പാശ്ചാത്യശൈലിയിൽ വ്യാപകമായ സ്വാധീനം ചെലുത്തി. അവയ്ക്ക് ഉദാഹരണങ്ങളാണ്, കുരിശുയുദ്ധത്തിൽ പങ്കെടുത്ത് തിരിച്ചുവന്നശേഷം ഫ്രഞ്ച് ചക്രവർത്തി ലൂയി ഒമ്പതാമൻ പണികഴിപ്പിച്ച പാരിസിലെ ആദ്യത്തെ ആശുപത്രിയായ 'ക്വിൻസെവിംഗിറ്റും' (Quinze-Vingts) ഫ്ളോറൻസിലെ പ്ലാറ്റോണിക് അക്കാദമിയും.


ക്വിൻസെവിംഗിറ്റ് ആശുപത്രി - പാരിസ്

പാശ്ചാത്യസംഗീതത്തിന്റെ ആരംഭം മധ്യകാലഘട്ടത്തിലാണ്. പള്ളികളിലെ സംഗീതത്തോടൊപ്പം മതേതരസംഗീതവും ആ കാലഘട്ടത്തിൽ വികസിച്ചു. സി.ഇ. 500 മുതൽ 1400 വരെയുള്ള കാലഘട്ടത്തിലെ യൂറോപ്യൻ സംഗീതത്തിൽ അറബിഗാനങ്ങളുടെ സ്വാധീനം കാണാവുന്നതാണ്.

ഉമവിയ്യ, അബ്ബാസിയാ ഖലീഫമാരുടെ കാലത്ത് അറബ്സംഗീതം കൂടുതൽ വികാസം പ്രാപിച്ചു. ഉമവിയ്യാ കാലഘട്ടത്തിലെ ഏറ്റവും പ്രശസ്തനായ സംഗീതജ്ഞനാണ് ഇബ്ൻ മിസ്ജ (Ibn Misjah). അദ്ദേഹം സിറിയയിലൂടെയും പേർഷ്യയിലൂടെയും സഞ്ചരിച്ച് ബൈസാന്റയിൻ സംഗീതത്തിലും പേർഷ്യൻ സംഗീതത്തിലും അറിവു നേടുകയും അറബ് സംഗീതത്തിന് ആരംഭം കുറിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിലെ പ്രശസ്തരായ സംഗീതജ്ഞരിൽ ചിലരാണ് പേർഷ്യൻ സംഗീതജ്ഞനായിരുന്ന ഇബ്ൻ മുഹ്‌രിസ് (Ibn Muhriz), ഇബ്ൻ സുരായി (Ibn Surayi) തുടങ്ങിയവർ.


മധ്യകാലഘട്ടത്തിൽ പ്രചാരത്തിലിരുന്ന 'ല്യൂട്ട്' എന്ന സംഗീതോപകരണം

മധ്യകാലലോകത്തെ സാഹിത്യകൃതികളിലെ പ്രധാന പ്രതിപാദ്യം മതവുമായി ബന്ധപ്പെട്ട വിഷയങ്ങളായിരുന്നു. എന്നാൽ മറ്റു വിഷയങ്ങളും ഈ കാലഘട്ടത്തിലെ രചനകൾക്ക് ആസ്പദമാക്കിയിരുന്നു. അക്കാലത്തെ ചില സാഹിത്യകാരന്മാരും അവരുടെ കൃതികളുമാണ് പട്ടികയിൽ നൽകിയിരിക്കുന്നത്.

NT-247-3-SOC.SCI.-I-9-M-VOL.1



റോമിൽ സ്ഥാപിച്ച ഫിർദൗസിയുടെ പ്രതിമ

| സാഹിത്യകാരന്മാർ | കൃതികൾ |
|---|---|
| ഒമർ ഖയ്യാം | റുബായിയ്യാത്ത് |
| അൽ-ഫിർദൗസി | ഷാനാമ |
| ഇബ്നുഖൽദൂൻ | കിത്താബുൽ ഇബാദ് |
| തോമസ് അക്വിനാസ് | സമ്മാ തിയോളജി |
| സെന്റ് അഗസ്റ്റിൻ | സിറ്റി ഓഫ് ഗോഡ് |
| പീറ്റർ അബിലാർഡ് | ഡയലോഗ് |
| കൽഹണൻ | രാജതരംഗിണി |
| ജയദേവൻ | ഗീതഗോവിന്ദം |



സാന്റ ട്രിനിറ്റ മഡോണ

മധ്യകാലഘട്ടത്തിൽ ചിത്രകലയും ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. ചിത്രങ്ങളിലെ പ്രധാന പ്രതിപാദ്യം മതവിഷയങ്ങളായിരുന്നു. സെന്നി ഡി പെപ്പൊ (Cenni di pepo)വരച്ച സാന്റ ട്രിനിറ്റ മഡോണ (Santa Trinita Madonna) എന്ന ചിത്രം മധ്യകാലഘട്ടത്തിൽ ചിത്രകല കൈവരിച്ച വികാസത്തിന് ഉദാഹരണമാണ്.



കിഴക്കും പടിഞ്ഞാറും തമ്മിലുള്ള സമന്വയത്തിന് ഉദാഹരണമാണ് മധ്യകാലഘട്ടത്തിലെ കലയും സാഹിത്യവും - പ്രസ്താവനയുടെ സാധുത ചർച്ചചെയ്യുക.

## ശാസ്ത്രം

ശാസ്ത്രരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ നിരവധി പണ്ഡിതന്മാർ മധ്യകാലലോകത്ത് ജീവിച്ചിരുന്നു. അവരിൽ ചിലരെക്കുറിച്ചുള്ള വിവരങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്.

| പണ്ഡിതന്മാർ | സംഭാവനകൾ |
|---|---|
| ഇബ്നു സീന (അവിസന്ന) | വൈദ്യശാസ്ത്രജ്ഞൻ, തത്വചിന്തകൻ |
| അബു-അൽ-ഖാസിം | ശസ്ത്രക്രിയയുടെ പിതാവ് |
| അൽബിറൂനി | ഭൂഗർഭശാസ്ത്രത്തിന്റെയും നരവംശശാസ്ത്രത്തിന്റെയും അടിസ്ഥാന ആശയങ്ങൾ രൂപപ്പെടുത്തി |
| മുഹമ്മദ് അൽ-റാസി | വൈദ്യശാസ്ത്രത്തിന് സംഭാവനകൾ നൽകി |
| റോജർ ബേക്കൺ | യന്ത്ര നിർമിത വാഹനങ്ങളുടെയും ആകാശയാനങ്ങളുടെയും കണ്ടുപിടിത്തത്തിന് അടിത്തറയേകി |
| ഭാസ്കര II | ജ്യോതി ശാസ്ത്രത്തിന് ശ്രദ്ധേയമായ സംഭാവനകൾ നൽകി |

മധ്യകാലശാസ്ത്രത്തിന് അറബികൾ നൽകിയ ശ്രദ്ധേയമായ സംഭാവനകൾ ഏതെല്ലാമെന്നു നോക്കാം.

- അറബി അക്കങ്ങളും പൂജ്യവും ഇന്ത്യയിൽനിന്ന് യൂറോപ്പിൽ പ്രചരിപ്പിച്ചു.
- രസതന്ത്രത്തെ ഒരു ശാസ്ത്രം എന്നനിലയിൽ വികസിപ്പിച്ചു.
- ബീജഗണിതത്തിന്റെയും (Algebra) പ്രകാശശാസ്ത്രത്തിന്റെയും (Optics) ഉപജ്ഞാതാക്കൾ അറബികളാണ്.


ഇബ്നു സിന

കുരിശുയുദ്ധങ്ങൾ ശാസ്ത്ര-സാങ്കേതികരംഗത്തെ വിജ്ഞാനത്തിന്റെ കൈമാറ്റത്തിന് കാരണമായി. അറബികളുമായുള്ള ബന്ധത്തിലൂടെ യൂറോപ്യൻ ജനത പരിചയിച്ച സാങ്കേതികജ്ഞാനങ്ങളിൽ ചിലത് താഴെ നൽകിയിരിക്കുന്നു.

- ടെലിസ്കോപിന്റെ നിർമാണത്തിനുള്ള ഉപകരണങ്ങൾ.
- നഗരങ്ങളിലെ തെരുവുദീപങ്ങൾ, മാലിന്യനിർമാർജന പദ്ധതികൾ
- മെക്കാനിക്കൽ ക്ലോക്കുകൾ
- ഗിയറിന്റെ തത്ത്വം
- ശസ്ത്രക്രിയാ ഉപകരണങ്ങൾ
- ബീജഗണിതം, ആൽക്കമി, ത്രികോണമിതി

മധ്യകാല ചൈനയും ശാസ്ത്ര സാങ്കേതിക രംഗത്ത് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിരുന്നു. വെടിമരുന്ന്, ഭൂകമ്പമാപിനി, വടക്കുനോക്കിയന്ത്രം, അച്ചടി, ജ്യോതിശാസ്ത്രജ്ഞരും, നാവികരും ഉപയോഗിക്കുന്ന ആസ്ട്രലാബ് എന്നിവയെല്ലാം മധ്യകാല ചൈനയുടെ സംഭാവനകളാണ്.

**കൈഫങ്ങിലെ ക്ലോക് ടവർ**



ലോകത്ത് ആദ്യമായി ക്ലോക്കുകൾ നിർമിച്ചത് എട്ടാം നൂറ്റാണ്ടിൽ ചൈനക്കാരാണ്. ജലശക്തിയാൽ പ്രവർത്തിക്കുന്ന 12 മീറ്റർ ഉയരമുള്ള ജ്യോതിശ്ശാസ്ത്ര ക്ലോക്കിനെക്കുറിച്ച് ചൈനീസ് രേഖകളിൽ വിവരിക്കുന്നു. ഈ ക്ലോക്കിന്റെ ഭാഗമായ ചെറിയ മനുഷ്യരൂപങ്ങൾ ഇടവേളകളിൽ മണിയടിക്കുകയും ചെണ്ടകൊട്ടുകയും ചെയ്യുമായിരുന്നു.

യൂറോപ്പിൽ പ്രചരിച്ച മധ്യകാല പൗരസ്ത്യദർശനങ്ങളും ശാസ്ത്ര-സാങ്കേതികവിദ്യകളും ആധുനികലോകത്തിന്റെ ഉദയത്തിനും വ്യാവസായിക-ശാസ്ത്ര രംഗങ്ങളുടെ പുരോഗതിക്കും അടിത്തറയേകി.

മധ്യകാലലോകത്തിലെ വിദ്യാഭ്യാസ-ശാസ്ത്രപുരോഗതിയാണ് ആധുനിക യുഗത്തിന്റെ ആരംഭത്തിനു കാരണമായത്. ഈ വിഷയത്തിൽ ഒരു സംവാദം സംഘടിപ്പിക്കുക.

**മധ്യകാലഘട്ടത്തിൽ കല, വിദ്യാഭ്യാസം, ശാസ്ത്രം എന്നീ മേഖലകളിൽ അറബികൾ നൽകിയ സംഭാവനകൾ വിലയിരുത്തുക.**

**കിഴക്കും പടിഞ്ഞാറും : വിനിമയങ്ങളുടെ കാലഘട്ടം**

- **വാണിജ്യം**
  - വാണിജ്യപാതകൾ
  - പട്ടുതുണിപ്പാത
  - സുഗന്ധവ്യഞ്ജനപാത
  - കച്ചവടകേന്ദ്രങ്ങൾ
  - നഗരങ്ങളുടെ രൂപീകരണം
  - ഗിൽഡുകൾ
- **സംസ്കാരം**
  - വിദ്യാഭ്യാസം
  - സർവകലാശാലകൾ
  - സാംസ്കാരികവിനിമയം
  - കല
  - സാഹിത്യം
  - സംഗീതം
  - ശാസ്ത്രം

## വിലയിരുത്താം

- 'വാണിജ്യപാതകൾ കിഴക്കിനെയും പടിഞ്ഞാറിനെയും ബന്ധിപ്പിച്ചു'- സമർത്ഥിക്കുക.
- വിദൂരവാണിജ്യം വളരാൻ ഇടയായ സാഹചര്യങ്ങൾ പരിശോധിക്കുക.
- നഗരങ്ങൾ വ്യാപാരകേന്ദ്രങ്ങളായി മാറിയതിന്റെ കാരണങ്ങൾ എന്തെല്ലാം?
- മധ്യകാലലോകത്തിലുണ്ടായ ശാസ്ത്ര-സാങ്കേതികരംഗത്തെ പുരോഗതിയെക്കുറിച്ച് കുറിപ്പ് തയാറാക്കുക.
- മധ്യകാലലോകത്ത് സ്വന്തമായി നാണയങ്ങൾ മുദ്രണം ചെയ്ത നഗരങ്ങൾ ഏതെല്ലാം?
- ചുവടെ നൽകിയിരിക്കുന്ന നഗരങ്ങൾ പട്ടികപ്പെടുത്തുക.

  ബാഗ്ദാദ്, ഫ്ളോറൻസ്, ജനോവ, ദമാസ്കസ്, വെനീസ്, മക്ക

| യൂറോപ്യൻ നഗരങ്ങൾ | കിഴക്കൻ നഗരങ്ങൾ |
|---|---|
| • | • |
| • | • |
| • | • |
| • | • |

- ഗിൽഡുകളുടെ പ്രധാന ചുമതലകൾ പട്ടികപ്പെടുത്തുക.
- മധ്യകാല യൂറോപ്യൻ സ്കൂളുകളിലെ പ്രധാന പാഠ്യവിഷയങ്ങൾ എന്തെല്ലാമായിരുന്നു?
- പട്ടിക പൂർത്തിയാക്കുക.

| ശാസ്ത്രജ്ഞർ | സംഭാവനകൾ |
|---|---|
| • ഇബ്നു സീന | • ...................................................... |
| • മുഹമ്മദ് അൽ-റാസി | • ...................................................... |
| • ............................................... | • ശസ്ത്രക്രിയയുടെ പിതാവ് |

## തുടർപ്രവർത്തനങ്ങൾ

- മധ്യകാലഘട്ടത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്ന സർവകലാശാലകളെ കുറിച്ച് തുടരന്വേഷണം നടത്തി കുറിപ്പു തയാറാക്കുക.
- മധ്യകാലലോകത്തിനു മഹത്തായ സംഭാവനകൾ നൽകിയ തത്ത്വചിന്തകരെയും പണ്ഡിതരെയും കുറിച്ച് ഒരു പ്രബന്ധം തയാറാക്കുക.




അധ്യായം

03

# ഇന്ത്യൻ ഭരണഘടന: അവകാശങ്ങളും കർത്തവ്യങ്ങളും

## ഭാരതത്തിന്റെ ഭരണഘടന

### ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1] **[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരൻമാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും** ;

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും** ;

പദവിയിലും അവസരത്തിലും **സമത്വവും** ; സംപ്രാപ്തമാക്കുവാനും ;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും ;

സഗൗരവം തീരുമാനിച്ചിരിക്കയാൽ ;

**നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ ഈ** 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976-ലെ ഭരണഘടന (നാൽപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക് " എന്നതിന് പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ്, 2-ാംവകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം)

ഇന്ത്യൻ ഭരണഘടനയുടെ ആമുഖമാണ് നിങ്ങൾ വായിച്ചത്. ആമുഖത്തിൽ ഇന്ത്യ ഒരു പരമാധികാര-സ്ഥിതിസമത്വ-മതേതര-ജനാധിപത്യ-റിപബ്ലിക് ആയിരിക്കുമെന്ന് പ്രഖ്യാപിക്കുന്നു. അതോടൊപ്പം ചില സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക ലക്ഷ്യങ്ങൾ ഉറപ്പുവരുത്തുമെന്ന് പ്രസ്താവിക്കുകയും ചെയ്യുന്നു. അവ ഏതെല്ലാമാണ്?

- സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി.
-
-
-
-

ആമുഖത്തിൽ വിഭാവനം ചെയ്ത ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള വ്യവസ്ഥകൾ നമ്മുടെ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ കൊടുത്തിരിക്കുന്നു.

- മൗലികാവകാശങ്ങൾ
- നിർദേശകതത്ത്വങ്ങൾ
- മൗലികകർത്തവ്യങ്ങൾ

872G9D

## മൗലികാവകാശങ്ങൾ

ജനാധിപത്യസമൂഹത്തിന്റെ അവിഭാജ്യഘടകമായ അവകാശങ്ങൾ ഇന്ത്യ ഉറപ്പുനൽകുന്നുണ്ട്. ഇവയിൽ ഏറ്റവും അനിവാര്യമായവ മൗലികാവകാശങ്ങൾ എന്ന പേരിൽ നമ്മുടെ ഭരണഘടനയുടെ III-ാം ഭാഗത്തിൽ (Part III) ഉൾപ്പെടുത്തിയിരിക്കുന്നു.

എന്തുകൊണ്ടാണ് ചില അവകാശങ്ങൾ മൗലികാവകാശങ്ങൾ എന്നറിയപ്പെടുന്നത്?

വ്യക്തിക്ക് ഒരു കാരണവശാലും നിഷേധിക്കപ്പെടാൻ പാടില്ലാത്ത അവകാശങ്ങളാണ് മൗലികാവകാശങ്ങൾ. അവ വ്യക്തിയുടെ സമ്പൂർണ വികാസത്തിന് ഒഴിച്ചുകൂടാനാവാത്തവയാണ്. അന്തസ്സുള്ള ജീവിതം നയിക്കുന്നതിന് അവ അത്യന്താപേക്ഷിതമാണ്. അതുകൊണ്ടുതന്നെ മൗലികാവകാശങ്ങൾക്കും അവയുടെ സംരക്ഷണത്തിനും ഒരു ജനാധിപത്യസമൂഹത്തിൽ വലിയ പ്രാധാന്യമുണ്ട്.

ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യക്കാർക്ക് പല അവകാശങ്ങളും നിഷേധിച്ചിരുന്നതായി നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനം പൗരന്മാർക്ക് അവകാശങ്ങൾ അനുവദിക്കണമെന്ന ആവശ്യം നിരന്തരമുന്നയിച്ചിരുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് 1928 ലെ നെഹ്റു കമ്മിറ്റി റിപ്പോർട്ട്. ഈ റിപ്പോർട്ട് ഇന്ത്യയിലെ ജനങ്ങൾക്ക് ഉറപ്പു നൽകേണ്ട അവകാശങ്ങളുടെ പട്ടിക സമർപ്പിക്കുകയുണ്ടായി. സ്വാതന്ത്ര്യ

സമരം ലക്ഷ്യം വച്ചതും നെഹ്റു കമ്മിറ്റി റിപ്പോർട്ട് നിർദേശിച്ചതുമായ അവകാശങ്ങൾ അടിസ്ഥാനമാക്കിയാണ് ഭരണഘടനാ നിർമാതാക്കൾ മൗലികാവകാശങ്ങൾ തയാറാക്കിയത്. അമേരിക്കൻ ഭരണഘടനയിലെ അവകാശപ്പട്ടികയും നമ്മുടെ മൗലികാവകാശങ്ങൾ രൂപപ്പെടുത്തുന്നതിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങൾ ചിത്രത്തിൽ നിരീക്ഷിക്കൂ.

ആറ് മൗലികാവകാശങ്ങളാണ് ഇന്ത്യൻ ഭരണഘടന പ്രദാനം ചെയ്യുന്നത്. അവ ഓരോന്നും വിശദമായി പരിശോധിക്കാം.




മൗലികാവകാശങ്ങൾ അന്തസ്സുള്ള ജീവിതം നയിക്കാൻ അനിവാര്യമാണ്. ചർച്ചചെയ്യുക.



## സമത്വത്തിനുള്ള അവകാശം

### മധ്യമപുരം ഗ്രാമത്തിലെ 'ജാതിമതിൽ' പൊളിക്കണമെന്ന് മനുഷ്യാവകാശ സംഘടനകൾ

ഡൽഹി : ഉത്തരേന്ത്യൻ ഗ്രാമമായ മധ്യമപുരത്ത് ദലിത് വിഭാഗങ്ങൾ മുന്നോക്കജാതിയിൽപ്പെട്ടവരുടെ താമസസ്ഥലത്ത് പ്രവേശിക്കുന്നതു തടയാനായി നിർമിച്ച മതിൽ പൊളിക്കണമെന്ന് വിവിധ മനുഷ്യാവകാശ സംഘടനകൾ ഗവൺമെന്റിനോട് ആവശ്യപ്പെട്ടു.... മധ്യമപുരത്തെ വിവേചനങ്ങൾ ജാതിയിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല. സ്ത്രീകൾക്ക് തെരുവുകളിലും ഹോട്ടലുകളിലും പ്രവേശനം നിഷേധിക്കുന്നതും മറ്റു ദേശത്തുള്ളവരെ നാട്ടിൽ പ്രവേശിപ്പിക്കാത്തതും ഒക്കെ നേരത്തേതന്നെ വാർത്തയായിരുന്നു.....

എന്തൊക്കെ തരത്തിലുള്ള വിവേചനങ്ങളെക്കുറിച്ചാണ് വാർത്തയിൽ പ്രതിപാദിക്കുന്നത്?

- ജാതി അടിസ്ഥാനത്തിലുള്ള വിവേചനം.
- സ്ത്രീ-പുരുഷ അസമത്വം
- ജനനസ്ഥലത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേചനം.

ഇതുപോലുള്ള നിരവധി അസമത്വങ്ങളും വിവേചനങ്ങളും നിലനിൽക്കുന്ന സമൂഹമാണ് നമ്മുടേത്. ഇങ്ങനെയുള്ള സാമൂഹിക അസമത്വങ്ങൾ

### നിയമത്തിനുമുന്നിൽ സമത്വം

നിലവിലുള്ള നിയമവ്യവസ്ഥയ്ക്കു മുന്നിൽ എല്ലാ പൗരന്മാരും സമന്മാരാണ് എന്നാണ് നിയമത്തിനുമുന്നിൽ സമത്വം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു വ്യക്തിയുടെ ഔദ്യോഗികപദവിയോ അധികാരങ്ങളോ എന്തുതന്നെയായാലും അയാൾ നിയമവ്യവസ്ഥയ്ക്ക് അതീതനല്ല.

### സ്ഥാനപ്പേരുകൾ നിർത്തലാക്കൽ

ബ്രിട്ടീഷ് ഭരണകാലത്ത് അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ സഹായിക്കുന്ന ഇന്ത്യക്കാരായ ഉദ്യോഗസ്ഥർക്ക് സ്ഥാനപ്പേരുകളും പദവികളും നൽകിയിരുന്നു. സാമ്രാജ്യത്വതാൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഇത്തരം പദവികൾ ദുരുപയോഗം ചെയ്യുന്നതിനെ ഇന്ത്യൻ ദേശീയപ്രസ്ഥാനം എതിർത്തിരുന്നു. ഇത്തരം സ്ഥാനപ്പേരുകൾ അസമത്വത്തിനു കാരണമാകുന്നതിനാൽ ഇന്ത്യൻ ഭരണഘടന സ്ഥാനപ്പേരുകൾ നിർത്തലാക്കി.

അവസാനിപ്പിക്കാനും സമത്വം ഉറപ്പുവരുത്താനും വേണ്ടിയാണ് സമത്വത്തിനുള്ള അവകാശം നിലകൊള്ളുന്നത്.

സമത്വത്തിനുള്ള അവകാശത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ആശയങ്ങൾ താഴെപ്പറയുന്നു:

- നിയമത്തിനുമുന്നിൽ സമത്വം ഉറപ്പാക്കൽ.
- ജാതി, മതം, വർഗം, ലിംഗം, ജനനസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം നിരോധിക്കൽ.
- പൊതുനിയമനങ്ങളിൽ അവസരസമത്വം ഉറപ്പാക്കൽ.
- തൊട്ടുകൂടായ്മ നിർത്തലാക്കൽ.
- സ്ഥാനപ്പേരുകൾ നിർത്തലാക്കൽ.

എന്നാൽ സ്ത്രീകൾ, കുട്ടികൾ, പിന്നാക്കവിഭാഗങ്ങൾ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നത് സമത്വത്തിനുള്ള അവകാശത്തിന് എതിരല്ല. നേരെ മറിച്ച്, പ്രത്യേക പരിഗണന നൽകുന്നതുവഴി അസമത്വം ഒഴിവാക്കാനും സമത്വം സ്ഥാപിക്കാനും കഴിയും.

സമത്വം കൈവരിക്കുന്നതിനുവേണ്ടി ഗവൺമെന്റുകൾ സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ കണ്ടെത്തി പട്ടിക വിപുലീകരിക്കുക.

- 1955 ലെ തൊട്ടുകൂടായ്മ നിരോധനനിയമം.
- 
- 

## സ്വാതന്ത്ര്യത്തിനുള്ള അവകാശം



ഭരണഘടനാ ശിൽപ്പിയായ ഡോ. അംബേദ്കർ ജനങ്ങളെ അഭിസംബോധന ചെയ്യുന്നതിന്റെയും പ്രസംഗം കേൾക്കുന്നതിനായി ജനങ്ങൾ സമാധാനപരമായി സമ്മേളിച്ചിരിക്കുന്നതിന്റെയും ചിത്രമാണ് കൊടുത്തിട്ടുള്ളത്. ഇവ രണ്ടും ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യങ്ങളുമായി ബന്ധപ്പെട്ടതാണ്. ഏതെല്ലാമാണ് അവ?

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം.
- ആയുധങ്ങൾ കൂടാതെ സമാധാനപരമായി സമ്മേളിക്കാനുള്ള സ്വാതന്ത്ര്യം.

ഇതുകൂടാതെ,

- സംഘടനകൾ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം.
- ഇന്ത്യയിലെവിടെയും സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം.
- ഇന്ത്യയിലെവിടെയും താമസിക്കാനുള്ള സ്വാതന്ത്ര്യം.
- ഏതു തൊഴിലിലും വ്യാപാര-വാണിജ്യ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നതിനുള്ള സ്വാതന്ത്ര്യം.
- ജീവനും വ്യക്തിസ്വാതന്ത്ര്യത്തിനുമുള്ള സംരക്ഷണം.
- ആറുമുതൽ പതിനാലു വയസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം.
- അന്യായമായ അറസ്റ്റിനും തടങ്കലിനും എതിരായി സംരക്ഷണം

**ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം**



ഭരണഘടന അനുസരിച്ച് നിയമാനുസൃത നടപടിയിലൂടെയല്ലാതെ ഒരു വ്യക്തിയുടെ ജീവനോ സ്വാതന്ത്ര്യമോ ഹനിക്കപ്പെടരുത്. ഈ അവകാശം അടിയന്തരാവസ്ഥക്കാലത്തും നിഷേധിക്കാൻ പാടില്ല. ഭരണാധികാരികളുടെ ഏകാധിപത്യ പ്രവണതകളെ തടയാൻ ഈ അവകാശം ജനങ്ങളെ സഹായിക്കുന്നു.

എന്നിവ സ്വാതന്ത്ര്യത്തിനുള്ള അവകാശത്തിൽ ഉൾപ്പെടുന്നു.

സ്വാതന്ത്ര്യത്തിനുള്ള അവകാശത്തിന് ഒരു ജനാധിപത്യരാജ്യത്തിൽ വലിയ പ്രാധാന്യമുണ്ട്. മുകളിൽ സൂചിപ്പിച്ച മൗലികസ്വാതന്ത്ര്യങ്ങൾ ഇന്ത്യയിൽ ജനാധിപത്യസംസ്കാരത്തെ ശക്തിപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്. അതേസമയം ഇവയെല്ലാം നിയന്ത്രണവിധേയവുമാണ്. രാജ്യത്തിന്റെ ഐക്യത്തിനും സമാധാനാന്തരീക്ഷത്തിനും ഭീഷണിയുണ്ടാവുന്ന തരത്തിൽ ഈ സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയില്ല.

**സ്വാതന്ത്ര്യത്തിനുള്ള അവകാശം ജനാധിപത്യസംസ്കാരത്തെ ശക്തിപ്പെടുത്തുന്നു– വിലയിരുത്തുക.**



## ചൂഷണത്തിനെതിരായുള്ള അവകാശം



ചിത്രങ്ങൾ നിരീക്ഷിക്കൂ. എന്തെല്ലാം കാര്യങ്ങളാണ് ഇതിൽനിന്നു മനസിലാവുന്നത്?

- തൊഴിലിടങ്ങളിൽ പണിയെടുക്കുന്ന കുട്ടികളുടെ ചിത്രമാണിത്.
- 
- 

ബാലവേല ഉൾപ്പെടെ പലതരത്തിലുള്ള ചൂഷണങ്ങളും ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട്. അടിമത്തത്തിന് സമാനമായ സാമ്പത്തികചൂഷണങ്ങൾ നമുക്ക് ചുറ്റും കാണാൻ കഴിയും. ഇത്തരത്തിലുള്ള ചൂഷണങ്ങൾ നിരോധിക്കുന്നതിനും അന്തസ്സുള്ള ജീവിതം നയിക്കാൻ പ്രാപ്തമാക്കുന്നതിനും വേണ്ടിയുള്ള അവകാശമാണ് ചൂഷണത്തിനെതിരായുള്ള അവകാശം.

ഈ അവകാശപ്രകാരം :

- നിർബന്ധിത തൊഴിൽ, മനുഷ്യക്കച്ചവടം എന്നിവ നിരോധിച്ചിരിക്കുന്നു.
- വ്യവസായശാലകളിലും മറ്റ് അപകടകരമായ മേഖലകളിലും കുട്ടികളെ ജോലിക്ക് നിയോഗിക്കുന്നത് നിരോധിച്ചിരിക്കുന്നു.



ചൂഷണത്തിനെതിരായുള്ള അവകാശം ഏതൊക്കെ രീതിയിലാണ് പൗരന്മാരെ സംരക്ഷിക്കുന്നത്? ചർച്ച ചെയ്യുക.

## മതസ്വാതന്ത്ര്യത്തിനുള്ള അവകാശം



"ധാരാളം മതങ്ങളുള്ള ഇന്ത്യയിലെപ്പോലെ ഒരു രാജ്യത്തെ ഗവൺമെന്റിന് ആധുനിക കാലഘട്ടത്തിൽ മതേതരത്വത്തിൽ അധിഷ്ഠിതമായല്ലാതെ പ്രവർത്തിക്കാൻ സാധ്യമല്ല. നമ്മുടെ ഭരണഘടന മതേതര സങ്കൽപത്തിൽ അധിഷ്ഠിതമായതും മതസ്വാതന്ത്ര്യം അനുവദിക്കുന്നതുമാണ്."

ജവഹർലാൽ നെഹ്റു

ആധുനിക ഇന്ത്യയുടെ ശില്പിയായ ജവഹർലാൽ നെഹ്റുവിന്റെ വാക്കുകൾ ശ്രദ്ധിച്ചല്ലോ.

എന്താണ് മതേതരത്വം എന്നതുകൊണ്ട് അർഥമാക്കുന്നത്?

ഇന്ത്യക്ക് ഒരു ഔദ്യോഗിക മതമില്ല. ഒരു മതത്തേയും ഇന്ത്യ പ്രോത്സാഹിപ്പിക്കുന്നുമില്ല. എന്നാൽ മതസ്വാതന്ത്ര്യം ഭരണഘടന ഉറപ്പുനൽകുന്നു.


മതസ്വാതന്ത്ര്യത്തിനുള്ള അവകാശം താഴെ പറയുന്നവ ഉറപ്പു നൽകുന്നു.

- സ്വതന്ത്രമായി ഏതു മതത്തിലും വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശം.
- മതവിഭാഗങ്ങൾക്ക് മത-ജീവകാരുണ്യ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും നോക്കിനടത്തുന്നതിനുള്ള സ്വാതന്ത്ര്യം.


- ഏതെങ്കിലും പ്രത്യേക മതത്തിന്റെ പ്രോത്സാഹനത്തിനുവേണ്ടി നികുതികൾ കൊടുക്കാൻ നിർബന്ധിക്കുന്നതിനെതിരായ അവകാശം.

അതേസമയം ഗവൺമെന്റ് നടത്തുന്നതോ ഗവൺമെന്റിന്റെ സഹായം സ്വീകരിക്കുന്നതോ ആയ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മതബോധനം നടത്താനോ മതാചാരങ്ങൾ നിർബന്ധമാക്കാനോ പാടുള്ളതല്ല.

മതസ്വാതന്ത്ര്യത്തിനുള്ള അവകാശം മതേതരത്വത്തെ പ്രോത്സാഹിപ്പിക്കുന്നതെങ്ങനെ? ചർച്ചചെയ്യുക.



## സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ




നൽകിയിരിക്കുന്ന പത്രവാർത്തകൾ ശ്രദ്ധിക്കൂ. ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട വാർത്തകളാണിവ.

ഇന്ത്യ വൈവിധ്യങ്ങളുടെ നാടാണല്ലോ. വൈവിധ്യങ്ങളെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടത് രാജ്യത്തിന്റെ ഐക്യത്തിനും പുരോഗതിക്കും അനിവാര്യമാണ്. കൂടാതെ ജനാധിപത്യം ശക്തിപ്പെടുത്തുന്നതിനും വൈവിധ്യങ്ങളെ സംരക്ഷിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ന്യൂനപക്ഷ താൽപ്പര്യസംരക്ഷണത്തിന് നമ്മുടെ ഭരണഘടന മുഖ്യപരിഗണന നൽകുന്നുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനാണ് സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇതനുസരിച്ച് ന്യൂനപക്ഷങ്ങൾക്ക് താഴെ പറയുന്നവ ഉറപ്പു വരുത്തുന്നു:

- അവരുടെ ഭാഷ, ലിപി, സംസ്കാരം എന്നിവയുടെ സംരക്ഷണം.
- മത-ഭാഷാ ന്യൂനപക്ഷങ്ങൾക്ക് സ്വന്തം ഇഷ്ടപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അവകാശം.

സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം രാജ്യത്തിന്റെ സാംസ്കാരികപുരോഗതിയെ സഹായിക്കുന്നു- ചർച്ചചെയ്യുക.



## ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം

മൗലികാവകാശങ്ങളെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയല്ലോ. ഏതെങ്കിലും മൗലികാവകാശങ്ങൾ ലംഘിക്കപ്പെട്ട സാഹചര്യം നിങ്ങളുടെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മൗലികാവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ അതിനുള്ള പരിഹാരമാർഗങ്ങളും ഉണ്ടാവേണ്ടതല്ലേ?

മൗലികാവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ അവ പരിഹരിക്കുന്നതിനുള്ള മാർഗങ്ങളും ഭരണഘടന തന്നെ നിർദേശിക്കുന്നുണ്ട്. ഇത് ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം എന്നറിയപ്പെടുന്നു. ഒരു വ്യക്തിക്ക് മൗലികാവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ അവ പുനസ്ഥാപിക്കുന്നതിന് സുപ്രീം കോടതിയെയോ ഹൈക്കോടതിയെയോ നേരിട്ട് സമീപിക്കാനുള്ള അവകാശമാണ് ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം. ഇപ്രകാരം മൗലികാവകാശങ്ങൾ പുനസ്ഥാപിക്കാൻ വേണ്ടി കോടതികൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ റിട്ട് എന്ന പേരിൽ അറിയപ്പെടുന്നു.

ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശത്തെക്കുറിച്ച് ഭരണഘടനാശില്പി ഡോ.ബി.ആർ. അംബേദ്കർ പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കൂ.

*"ഈ ഭരണഘടനയിൽ ഏറ്റവും പ്രധാനപ്പെട്ട വകുപ്പ് ഏതാണെന്ന് ചോദിച്ചാൽ, എന്റെ ഉത്തരം ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം എന്നാണ്. ഇത് ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവുമാണ്".*

**ഡോ. ബി.ആർ. അംബേദ്കർ**



### റിട്ടുകൾ

മൗലികാവകാശസംരക്ഷണത്തിനായി അഞ്ചു തരത്തിലുള്ള റിട്ടുകൾ പുറപ്പെടുവിക്കാൻ സുപ്രീംകോടതിക്കും ഹൈക്കോടതികൾക്കും അധികാരമുണ്ട്. ഹേബിയസ് കോർപസ്, മാൻഡമസ്, ക്വോ വാറന്റോ, സെർഷ്യോററൈ, പ്രൊഹിബിഷൻ എന്നിവയാണ് അവ.


ഈ വാക്കുകളിൽനിന്ന് ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശത്തിന്റെ പ്രസക്തിയും പ്രാധാന്യവും നമുക്ക് മനസ്സിലാക്കാം.

**ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശത്തിന്റെ പ്രാധാന്യം വിശകലനം ചെയ്യുക.**

താഴെ കൊടുത്ത പട്ടികയിൽ എ കോളത്തിൽ നൽകിയിരിക്കുന്നവ ഏത് മൗലികാവകാശവുമായി ബന്ധപ്പെട്ടതാണെന്ന് ബി കോളത്തിൽ പൂരിപ്പിക്കുക.

| എ | ബി |
|---|---|
| • അഭിപ്രായപ്രകടനത്തിനുള്ള അവകാശം | • സ്വാതന്ത്ര്യത്തിനുള്ള അവകാശം |
| • മതപ്രചാരണത്തിനുള്ള അവകാശം | |
| • സംഘടന രൂപീകരിക്കാനുള്ള അവകാശം | |
| • ഭാഷ സംരക്ഷിക്കാനുള്ള അവകാശം | |
| • അന്യായമായ അറസ്റ്റിൽനിന്നു സംരക്ഷണം | |
| • സ്ത്രീ-പുരുഷ വിവേചനം ഇല്ലാതാക്കൽ | |
| • സമത്വം നിഷേധിക്കപ്പെട്ടാൽ കോടതിയെ സമീപിക്കാനുള്ള അവകാശം | |
| • കുട്ടികൾക്ക് അപകടകരമായ തൊഴിൽ സാഹചര്യങ്ങളിൽനിന്നുള്ള സംരക്ഷണം | |

## നിർദേശകതത്ത്വങ്ങൾ




തന്നിരിക്കുന്ന കൊളാഷ് ശ്രദ്ധിക്കൂ. ഏതൊക്കെ മേഖലകളാണ് കൊളാഷിൽ പ്രതിപാദിക്കുന്നത്?

- പരിസ്ഥിതിസംരക്ഷണം
- 
- 

ജനക്ഷേമം മുൻനിർത്തി മേൽ സൂചിപ്പിച്ചതുപോലുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഭരണഘടന കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് നിർദേശിക്കുന്നുണ്ട്. ഇത്തരം നിർദേശങ്ങൾ ഭരണഘടനയുടെ IV-ാം ഭാഗത്ത് (Part IV) നിർദേശകതത്ത്വങ്ങൾ എന്ന പേരിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു ക്ഷേമ രാഷ്ട്രം സൃഷ്ടിക്കുന്നതിനു സഹായകമാകുന്ന സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ പരിപാടികളാണ് നിർദേശകതത്ത്വങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പേര് സൂചിപ്പിക്കുന്നതുപോലെ ഇവയെല്ലാം നിർദേശങ്ങളാണ്. നയരൂപീകരണവേളയിലും പദ്ധതിനടത്തിപ്പിലും രാഷ്ട്രം പരിഗണിക്കേണ്ടതും നടപ്പിലാക്കേണ്ടതുമായ നിർദേശങ്ങളാണിവ. മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്താൻ സാധിക്കാതിരുന്ന ചില അവകാശങ്ങളും നിർദേശകതത്ത്വങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർദേശകതത്ത്വങ്ങൾ സംരക്ഷിച്ചു കിട്ടുന്നതിന് കോടതിയെ സമീപിക്കാൻ കഴിയില്ല.

**നിർദേശകതത്ത്വങ്ങളിൽപ്പെടുന്ന ചില ഇനങ്ങൾ**



- സൗജന്യ നിയമസഹായം
- സ്ത്രീക്കും പുരുഷനും തുല്യജോലിക്ക് തുല്യവേതനം.
- പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ-സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കൽ.
- അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തൽ.



നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ആശയങ്ങൾ പലതും നിർദേശകതത്ത്വങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയിൽ ചിലത് താഴെ സൂചിപ്പിക്കുന്നു.

- ഗ്രാമ-പഞ്ചായത്ത് സംഘടിപ്പിക്കൽ.
- കുടിൽവ്യവസായം പ്രോത്സാഹിപ്പിക്കൽ.
- ലഹരിവസ്തുക്കളുടെ നിരോധനം.

### ക്ഷേമരാഷ്ട്രം

എല്ലാ ജനങ്ങളുടെയും ക്ഷേമം ലക്ഷ്യമാക്കി നയങ്ങൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന രാഷ്ട്രമാണ് ക്ഷേമരാഷ്ട്രം. ക്ഷേമരാഷ്ട്രങ്ങൾ ജനങ്ങളുടെ സർവതോമുഖമായ ഉന്നമനം ലക്ഷ്യമിട്ട് ജനങ്ങൾക്ക് സംരക്ഷണവും സേവനവും ലഭ്യമാക്കുന്നു. പൊതുവിഭവങ്ങളുടെ വിതരണം, വിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നിവ ഒരു ക്ഷേമരാഷ്ട്രം ഉറപ്പുവരുത്തുന്നു.

അവകാശസംരക്ഷണത്തിനായുള്ള മൗലികാവകാശങ്ങളും ക്ഷേമരാഷ്ട്രം സ്ഥാപിക്കുന്നതിനായുള്ള നിർദേശകതത്ത്വങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. മൗലികാവകാശങ്ങൾ പൂർണമായ അർഥത്തിൽ സാക്ഷാൽക്കരിക്കണമെങ്കിൽ നിർദേശകതത്ത്വങ്ങൾ കൂടി നടപ്പിലാക്കേണ്ടതുണ്ട്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്താനും മെച്ചപ്പെടുത്താനും സഹായകമായ മാനദണ്ഡങ്ങൾ എന്ന നിലയിൽ നിർദേശകതത്ത്വങ്ങളുടെ പ്രാധാന്യം ആർക്കും നിഷേധിക്കാനാവില്ല.

**നിർദേശകതത്ത്വങ്ങൾ നിർവചിക്കുക. അവയുടെ പ്രാധാന്യം വിശദീകരിക്കുക.**

ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള നിർദേശകതത്ത്വങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

## മൗലിക കർത്തവ്യങ്ങൾ

താഴെ കൊടുത്ത ചെക്ക് ലിസ്റ്റ് പൂർത്തീകരിക്കുക.

ദേശീയഗാനം ആലപിക്കുമ്പോൾ എഴുന്നേറ്റു നിൽക്കാറുണ്ട്.

| ഉണ്ട് | ഇല്ല |
|---|---|

ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന തിരിച്ചറിവുണ്ട്.

| ഉണ്ട് | ഇല്ല |
|---|---|

ജനങ്ങൾക്കിടയിൽ സൗഹാർദം വളർത്താൻ ശ്രമിക്കാറുണ്ട്.

| ഉണ്ട് | ഇല്ല |
|---|---|

രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കാറുണ്ട്.

| ഉണ്ട് | ഇല്ല |
|---|---|

പരിസ്ഥിതി സംരക്ഷിക്കാൻ ശ്രമിക്കാറുണ്ട്.

| ഉണ്ട് | ഇല്ല |
|---|---|


മുകളിൽ നൽകിയിരിക്കുന്ന ചെക്ക്‌ലിസ്റ്റിൽ നാം നിർവഹിക്കേണ്ടുന്ന ചില കടമകളാണ് സൂചിപ്പിക്കുന്നത്. മൗലികാവകാശങ്ങൾ അനുഭവിക്കുന്നതോടൊപ്പം മൗലികകർത്തവ്യങ്ങളും നിർവഹിക്കേണ്ടതുണ്ട്.

ഭരണഘടനയുടെ ഭാഗം IV A യിലാണ് മൗലികകർത്തവ്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നത്. രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുന്നതിന് പൗരന്മാർ രാഷ്ട്രത്തോട് ചില കടമകൾ നിറവേറ്റേണ്ടതുണ്ട്. ഈ കടമകളാണ് മൗലികകർത്തവ്യങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്. രാഷ്ട്രം നമുക്ക് അവകാശങ്ങളും സംരക്ഷണവും പ്രദാനം ചെയ്യുമ്പോൾ തിരിച്ച് ഭരണഘടനയെ പരിപാലിക്കേണ്ടതും പൗരന്മാർക്കിടയിൽ സൗഹാർദം വളർത്തേണ്ടതും രാഷ്ട്രത്തിന്റെ നിലനിൽപ്പിനു സഹായകമാകേണ്ടതും നമ്മുടെ ചുമതലയാണ്. ഇപ്രകാരം മൗലികകർത്തവ്യങ്ങൾ നിറവേറ്റുന്നതിലൂടെ ഒരു മെച്ചപ്പെട്ട സമൂഹം നിർമിക്കാനും അതിന്റെ ഫലങ്ങൾ സമൂഹത്തിൽ എല്ലാവർക്കും ഉറപ്പുവരുത്താനും കഴിയും. ചുരുക്കത്തിൽ, മൗലിക കർത്തവ്യങ്ങൾ ഓരോ വ്യക്തിയും അവരവരോടുതന്നെ കാണിക്കുന്ന ഉത്തരവാദിത്വമാണെന്ന് പറയാം.


**മൗലിക കർത്തവ്യങ്ങൾ ഓരോരുത്തരും അവരവരോടു തന്നെ കാണിക്കേണ്ട ഉത്തരവാദിത്വമാണ്– വിശകലനം ചെയ്യൂ.**



മൗലികകർത്തവ്യങ്ങൾ ഉൾക്കൊള്ളുന്ന ചാർട്ട് തയാറാക്കുക.



മൗലികാവകാശങ്ങളും നിർദേശകതത്ത്വങ്ങളും മൗലികകർത്തവ്യങ്ങളും നാം ചർച്ചചെയ്തല്ലോ. നമ്മുടെ രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും നിലനിൽപ്പിൽ ഇവ മൂന്നും നിർണായക സ്വാധീനം ചെലുത്തുന്നുണ്ട്. മൗലികാവകാശങ്ങളിലൂടെയും നിർദേശകതത്ത്വങ്ങളിലൂടെയും പരമാവധി സ്വാതന്ത്ര്യവും ജനക്ഷേമവും ഉറപ്പുവരുത്താൻ രാഷ്ട്രം ശ്രമിക്കുന്നു. അതോടൊപ്പം രാഷ്ട്രത്തോട് നാം പാലിക്കേണ്ട കടമകൾ മൗലിക കർത്തവ്യങ്ങളിലൂടെ നിർദേശിക്കുകയും ചെയ്യുന്നു. മൗലികാവകാശങ്ങൾ ഉറപ്പുവരുത്തുകയും നിർദേശകതത്ത്വങ്ങൾ നടപ്പിലാക്കുകയും ജനങ്ങൾ മൗലികകർത്തവ്യങ്ങൾ നിർവഹിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ രാഷ്ട്രത്തിന് ഐക്യവും പുരോഗതിയും കൈവരിക്കാൻ കഴിയൂ.


ഇന്ത്യൻ ഭരണഘടന: അവകാശങ്ങളും കർത്തവ്യങ്ങളും
അവകാശങ്ങൾ
ക്ഷേമരാഷ്ട്രത്തിനുള്ള നിർദേശങ്ങൾ
മൗലിക കർത്തവ്യങ്ങൾ
നിർദേശകതത്ത്വങ്ങൾ
മൗലികാവകാശങ്ങൾ
സമത്വത്തിനുള്ള അവകാശം
സ്വാതന്ത്ര്യത്തിനുള്ള അവകാശം
ചൂഷണത്തിനെതിരായുള്ള അവകാശം
മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ
ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം

## വിലയിരുത്താം

- മൗലികാവകാശങ്ങൾ നിർവചിക്കുക.
- ഇന്ത്യയുടെ മൗലികാവകാശങ്ങൾ രൂപപ്പെടുത്തുന്നതിൽ സ്വാധീനം ചെലുത്തിയ ഭരണഘടന ഏതു രാജ്യത്തിന്റേതാണ്?
  (അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്)
- ഇന്ത്യൻ ഭരണഘടന വ്യക്തികൾക്ക് ഉറപ്പുനൽകുന്ന മൗലികാവകാശങ്ങൾ ഏതെല്ലാം?
- ചില അവകാശങ്ങൾ മാത്രം മൗലികാവകാശങ്ങൾ എന്നറിയപ്പെടുന്നത് എന്തുകൊണ്ട്?
- സമത്വത്തിനുള്ള അവകാശത്തിൽ ഉൾപ്പെടുന്ന പ്രധാന ആശയങ്ങൾ ഏതെല്ലാം?
- സ്വാതന്ത്ര്യത്തിനുള്ള മൗലികാവകാശം ഉറപ്പുനൽകുന്ന വിവിധ അവകാശങ്ങൾ ഏതെല്ലാം? അവയുടെ പ്രാധാന്യം വിലയിരുത്തുക.
- ആറു വയസു മുതൽ പതിനാല് വയസു വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഏത് മൗലികാവകാശത്തിന്റെ ഭാഗമാണ്.?
  (സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം, സമത്വത്തിനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം)
- ചൂഷണത്തിനെതിരായുള്ള അവകാശം ഏതെല്ലാം മേഖലകളിലാണ് സംരക്ഷണം നൽകുന്നത്?
- മതസ്വാതന്ത്ര്യത്തിനുള്ള അവകാശം വിശദമാക്കുക. അവ എങ്ങനെയാണ് മതേതരത്വം സംരക്ഷിക്കുന്നതെന്ന് വിശകലനം ചെയ്യുക.
- ഏതു മൗലികാവകാശമാണ് തൊട്ടുകൂടായ്മ നിരോധിക്കുന്നത്?
  (ചൂഷണത്തിനെതിരായുള്ള അവകാശം, സമത്വത്തിനുള്ള അവകാശം, മതസ്വാതന്ത്ര്യത്തിനുള്ള അവകാശം)
- ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന മൗലികാവകാശം ഏതാണ്?
  (സമത്വത്തിനുള്ള അവകാശം, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം, മതസ്വാതന്ത്ര്യത്തിനുള്ള അവകാശം)
- സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ എങ്ങനെയാണ് ന്യൂനപക്ഷ താൽപ്പര്യം സംരക്ഷിക്കുന്നതെന്ന് വിശദീകരിക്കുക.
- ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?
- ഭരണഘടനയുടെ ഹൃദയവും ആത്മാവും എന്ന് ഡോ. ബി.ആർ. അംബേദ്കർ വിശേഷിപ്പിച്ച മൗലികാവകാശം ഏതെന്ന് കണ്ടെത്തി അതിന്റെ പ്രാധാന്യം വിലയിരുത്തുക.

- താഴെ കൊടുത്തിരിക്കുന്ന വസ്തുതകളെ തുടർന്നുവരുന്ന പട്ടികയിൽ ക്രമീകരിക്കുക.
  സ്വാതന്ത്ര്യത്തിനുള്ള അവകാശം, വില്ലേജ്-പഞ്ചായത്ത് രൂപീകരിക്കൽ, രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുക, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ, ലഹരി വസ്തുക്കളുടെ നിരോധനം, ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുക, അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുക.

| മൗലികാവകാശങ്ങൾ | നിർദേശകതത്ത്വങ്ങൾ | മൗലികകർത്തവ്യങ്ങൾ |
|---|---|---|
| | | |

- റിട്ടുകൾ എന്നാൽ എന്ത്? അവയുടെ പ്രാധാന്യം വിലയിരുത്തുക?
- നിർദേശകതത്ത്വങ്ങൾ വിശദീകരിക്കുക. അവ എങ്ങനെയാണ് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള മാനദണ്ഡമാകുന്നതെന്ന് വിശകലനം ചെയ്യുക.
- മൗലികകർത്തവ്യങ്ങൾ എന്നാൽ എന്ത്?



## തുടർപ്രവർത്തനങ്ങൾ

- മൗലികാവകാശലംഘനങ്ങളുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശേഖരിച്ച് ആൽബം തയാറാക്കുക.
- വിദ്യാർഥികളുടെ അവകാശങ്ങളും കർത്തവ്യങ്ങളും ഉൾപ്പെടുത്തി ഒരു ചുവർപത്രിക തയാറാക്കുക.
- ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള നിർദേശകതത്ത്വങ്ങൾ പട്ടികപ്പെടുത്തുക.



അധ്യായം

# 04

# മധ്യകാല ഇന്ത്യ : രാജസങ്കൽപ്പവും ഭരണരീതിയും

> ദൈവത്തിന്റെ ഭൂമിയിലുള്ള പ്രതിനിധിയാണ് രാജാവ്. ദൈവത്തെപ്പോലെത്തന്നെ സമാനതകളില്ലാത്ത ശക്തിയാണ് രാജാവിനുള്ളത്. അസാമാന്യമായ അച്ചടക്കവും കുലീനതയും സഭയിൽ വേണം. നേരമ്പോക്കും പൊട്ടിച്ചിരിയും ഒന്നും പ്രഭുക്കന്മാർക്കുപോലും അനുവദനീയമല്ല. രാജകുമാരന്മാരും സാമന്തരും സുൽത്താനുമുൻപിൽ ഭവ്യതയോടെ നിൽക്കണം. രാജസഭയിലുള്ളവർ ഉപചാരവസ്ത്രങ്ങൾ ശരിയായി ധരിച്ച് മുറയനുസരിച്ച് നിൽക്കണം. പ്രധാനമന്ത്രിക്കല്ലാതെ ആർക്കും സുൽത്താനോട് നേരിട്ടു സംസാരിക്കാൻ അനുവാദമില്ല. രാജകീയവേഷവും പ്രതിച്ഛായയും നിലനിർത്തുന്നതിന്റെ ഭാഗമായി ആയുധമേന്തിയ സൈനികർ സുൽത്താനെ എല്ലായിടത്തും അകമ്പടി സേവിക്കണം.
>
> 'താരിഖ് – ഇ – ഫിറോസ് – ഷാഹി' , സിയാവുദ്ദീൻ ബറാനി

സി.ഇ. 1206 മുതൽ 1526 വരെ ഡൽഹി ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന സൽത്തനത്ത് രാജവംശങ്ങളെപ്പറ്റി നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. മംലൂക്ക്, ഖൽജി, തുഗ്ലക്ക്, സയ്യദ്, ലോദി എന്നിവയാണ് സൽത്തനത്ത് കാലത്ത് ഭരണം നടത്തിയത്. മംലൂക്ക് (അടിമ) വംശത്തിലെ പ്രമുഖനായിരുന്ന ബാൽബന്റെ രാജാധികാരത്തെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് ചരിത്രകാരനായ സിയാവുദ്ദീൻ ബറാനി വിവരിക്കുന്നത്.

### തുർക്കിപാരമ്പര്യം

രാജാവ് ദൈവതുല്യനാണ് എന്ന കാഴ്ചപ്പാടാണ് തുർക്കിപാരമ്പര്യം മുന്നോട്ടുവ യ്ക്കുന്നത്. സർവശക്തനും പരമാധികാരിയും നീതിമാനുമായ ദൈവത്തിന്റെ സ്ഥാനമാണ് രാജാവിനുള്ളത്. ഈ കാഴ്ചപ്പാടിൽനിന്നാണ് അനിയന്ത്രിത രാജാധികാരം എന്ന ആശയം ഉടലെടുത്തത്. കുടുംബത്തലവൻ കുടുംബാംഗങ്ങളെ നിയന്ത്രിക്കുന്നതുപോലെ രാജാവ് ഭരണം നടത്തുന്നു. അദ്ദേഹത്തിന്റെ തീരുമാനങ്ങൾ അംഗങ്ങൾ ചോദ്യം ചെയ്യില്ല. ഓരോ അംഗത്തിന്റെയും സ്ഥാനവും സ്വത്തധികാരവും അദ്ദേഹം നിശ്ചയിക്കും.

### കേന്ദ്രഭരണം

സൽത്തനത്ത് കാലത്തെ കേന്ദ്രഭരണത്തിലെ പ്രധാന ഉദ്യോഗസ്ഥരും അവരുടെ ചുമതലകളും.

| | | |
|---|---|---|
| വസീർ | - | ധനകാര്യം |
| മമാലിക് | - | സൈനികം |
| മുഖ്യസദർ | - | നീതിന്യായം |
| ദിവാൻ-ഇ-ഇൻഷാ | - | രാജകീയ കത്തിടപാടുകൾ |

ഇന്ത്യൻ ഭരണരംഗത്ത് കേന്ദ്രീകൃത രാജഭരണരീതിയാണ് സുൽത്താന്മാർ നടപ്പിലാക്കിയത്. അതിന്റെ പ്രധാന സവിശേഷതകൾ എന്തെല്ലാമെന്ന് പരിശോധിക്കാം.

- തുർക്കിപാരമ്പര്യത്തിന്റെ സ്വാധീനം.
- ഭരണത്തിന്റെയും സൈന്യത്തിന്റെയും നീതിന്യായത്തിന്റെയും തലവൻ സുൽത്താനായിരുന്നു.
- ഭരണകാര്യങ്ങളിൽ സുൽത്താനെ സഹായിക്കുന്നതിന് നിരവധി മന്ത്രിമാരും ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു.
- കൃത്യമായ പിന്തുടർച്ചാനിയമം ഉണ്ടായിരുന്നില്ല.
- ബാഗ്ദാദിലെ ഖലീഫയുടെ നേതൃത്വം അംഗീകരിച്ചു.
- ആക്രമണഭീഷണി ചെറുക്കുന്നതിനും രാജ്യവിസ്തൃതി വർധിപ്പിക്കുന്നതിനും ശക്തമായൊരു സൈന്യത്തെ നിലനിർത്തി.
- ഭരണസൗകര്യത്തിനായി വിശാലമായ രാജ്യത്തെ വിവിധ വിഭാഗങ്ങളായി വിഭജിച്ചു.
- ഗ്രാമതലത്തിൽ പ്രാദേശികനിയമങ്ങളാണ് നിലനിന്നിരുന്നത്.

## പ്രാദേശികഭരണം

സൽത്തനത്ത് ഭരണകാലത്തു നിലനിന്നിരുന്ന കേന്ദ്രഭരണത്തിന്റെ സവിശേഷതകൾ മനസ്സിലാക്കിയല്ലോ. പ്രാദേശികതലത്തിലെ ഭരണരീതി എപ്രകാരമായിരുന്നുവെന്നു പരിശോധിക്കാം. ഭരണസൗകര്യത്തിനായി സാമ്രാജ്യത്തെ പ്രവിശ്യകൾ, ഷിഖുകൾ, പർഗാനകൾ, ഗ്രാമങ്ങൾ എന്നിങ്ങനെ തരംതിരിച്ചിരുന്നു. ഓരോ വിഭാഗത്തിനും പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിച്ചു. അവരുടെ അധികാരം പരമ്പരാഗതമായിരുന്നില്ല. ക്രമസമാധാനപാലനം, നീതിന്യായനിർവഹണം, ഭൂനികുതി പിരിക്കൽ, സൈനികസംഘാടനം എന്നിവ അവരുടെ ചുമതലയായിരുന്നു. അവർ സുൽത്താന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു. എന്നാൽ ഗ്രാമഭരണത്തിൽ സുൽത്താന്മാർ നേരിട്ട് ഇടപെട്ടിരുന്നില്ല.

## ഇഖ്ത സമ്പ്രദായം

സൽത്തനത്ത് ഭരണത്തിന്റെ തുടക്കത്തിൽ രാജ്യത്തെ പലഭാഗങ്ങളായി വിഭജിച്ച് സൈനികമേധാവികളായ പ്രഭുക്കന്മാരെ ഏൽപ്പിച്ചു. ഈ പ്രദേശങ്ങൾ ഇഖ്ത എന്നും അവ കൈവശം വച്ചിരുന്നവർ 'ഇഖ്തദാർ', 'മുഖ്തി', 'വാലി' എന്നീ പേരുകളിലും അറിയപ്പെട്ടു. ഇവിടങ്ങളിലെ നികുതിപിരിവിന്റെയും ക്രമസമാധാന പാലനത്തിന്റെയും ചുമതല ഇഖ്തദാർമാർക്കായിരുന്നു. കൂടാതെ, അവർ സ്വന്തമായി ഒരു സൈന്യത്തെ നിലനിർത്തണമായിരുന്നു. പിരിച്ചെടുക്കുന്ന തുകയുടെ ഒരു ഭാഗം സ്വന്തം ചെലവിനും ബാക്കി ഭരണനിർവഹണത്തിനും ഉപയോഗിച്ചു. എന്നാൽ അവർക്ക് സ്വതന്ത്രമായ അധികാരം നൽകിയിരുന്നില്ല. കേന്ദ്രഭരണം ശക്തിയാർജിച്ചതോടെ ഇഖ്തദാർമാരുടെ അധികാരം നിയന്ത്രിക്കപ്പെട്ടു. ഇഖ്തകളാണ് പിന്നീട് പ്രവിശ്യകളായി രൂപപ്പെട്ടത്.

### പ്രാദേശികഭരണം

സൽത്തനത്ത് കാലത്തെ പ്രാദേശികഭരണ വിഭാഗങ്ങളും അവയുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരും.

| | |
|---|---|
| പ്രവിശ്യ | - മുഖ്തി (വാലി) |
| ഷിഖ് | - ഷിഖ്ദാർ |
| പർഗാന | - അമിൽ |
| ഗ്രാമം | - മുക്കദം |



*സൽത്തനത്ത് കാലഘട്ടത്തിൽ സ്ഥാപിക്കപ്പെട്ട ദൗലത്താബാദ് കോട്ട*

സൽത്തനത്ത് ഭരണത്തിന്റെ സ്വഭാവസവിശേഷതകൾ ചുവടെ നൽകിയിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യുക.

- കേന്ദ്രഭരണം
- പ്രാദേശികഭരണം
- പിന്തുടർച്ചാവകാശം
- സൈനികഭരണം

## കമ്പോളപരിഷ്കരണം

ഡൽഹിയിലെ സൽത്തനത്ത് ഭരണം സൈനികശക്തിയിലധിഷ്ഠിതമായിരുന്നു. സുശക്തമായ ഒരു സൈന്യത്തെ സദാ സന്നദ്ധമാക്കി നിർത്താൻ സുൽത്താന്മാർ ശ്രദ്ധിച്ചിരുന്നു. അലാവുദ്ദീൻ ഖൽജി കുറഞ്ഞ ചെലവിൽ വലിയൊരു സൈന്യത്തെ നിലനിർത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി നടപ്പിലാക്കിയ പരിഷ്കരണമാണ് കമ്പോളനിയന്ത്രണം. സൈനികച്ചെലവ് കുറയ്ക്കാൻ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കേണ്ടത് അനിവാര്യമായിരുന്നു. ഇതിന്റെ ഭാഗമായി അവശ്യസാധനങ്ങളുടെ വില സർക്കാർ നിശ്ചയിച്ചു. ആ വിലയ്ക്കു സാധനങ്ങൾ വിൽക്കാൻ വ്യാപാരികൾ നിർബന്ധിതരായി. പൂഴ്ത്തിവയ്പും കരിഞ്ചന്തയും നടത്തുന്നവർക്ക് കഠിനശിക്ഷ നൽകി. അളവുകളും തൂക്കങ്ങളും ഏകീകരിച്ചു.സർക്കാർ ധാന്യപ്പുരകൾ സ്ഥാപിക്കുകയും കർഷകരിൽനിന്ന് ധാന്യങ്ങൾ വാങ്ങി സൂക്ഷിക്കുകയും ക്ഷാമകാലങ്ങളിൽ

മിതമായ വിലയ്ക്കു വിതരണം ചെയ്യുകയും ചെയ്തു. കമ്പോളനിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ ഉദ്യോഗസ്ഥരെ നിയമിച്ചു. തദ്ഫലമായി സൈനികർക്ക് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ വാങ്ങാൻ കഴിഞ്ഞു. അപ്പോൾ ഉയർന്ന ശമ്പളം അവർക്ക് നൽകേണ്ട ആവശ്യം ഉണ്ടായില്ല. ഇത്തരം നടപടികളിലൂടെ സുൽത്താൻ സൈനികച്ചെലവ് കുറയ്ക്കുകയും അതിലൂടെ ലഭിച്ച വരുമാനം കൊണ്ട് സൈനികരുടെ എണ്ണം വർധിപ്പിക്കുകയും ചെയ്തു.

**സൽത്തനത്ത് ഭരണത്തിന്റെ സൈനികശക്തി വർധിപ്പിക്കുന്നതിൽ കമ്പോളപരിഷ്കരണം വഹിച്ച പങ്ക് പരിശോധിക്കുക.**

## മുഗൾഭരണം

**"കാർത്തികമാസത്തിൽ മഴമാറിയ ഒരു ദിനത്തിലാണ് മഹാനായ ചക്രവർത്തി (ചക്രവർത്തി അക്ബർ ഷാഹി ജലാൽ) ആഗ്രയിൽ അന്ത്യശ്വാസം വലിച്ചത്. മരണവാർത്ത കാട്ടുതീപോലെ നാടെങ്ങും പരന്നു. ഇടയനില്ലാതെ അനാഥരാക്കപ്പെട്ടതായി ജനത്തിനു തോന്നി. ഭീതി നാടെങ്ങും ദൃശ്യമായി, മുഖം വിവർണമായി... വാർത്ത കേട്ടപ്പോൾ ഞാനെന്റെ വീട്ടിലെ ഉമ്മറപ്പടിയിലിരിക്കുകയായിരുന്നു. എനിക്ക് തല ചുറ്റുന്നതുപോലെ തോന്നുകയും സമനില നഷ്ടപ്പെട്ട് മറിഞ്ഞു വീഴുകയും ചെയ്തു. എല്ലാവരും വീടുകളുടെ വാതിലുകളടച്ചു. കച്ചവടക്കാർ പീടികകളടച്ചു. സ്വർണവും വിലപ്പെട്ട സാധനങ്ങളും പലരും മണ്ണിൽ കുഴിച്ചിടാൻ തുടങ്ങി. ധനവാൻ മുഷിഞ്ഞ വസ്ത്രമണിഞ്ഞ് ദരിദ്രനാവാൻ ശ്രമിച്ചു. ഉടയാടകളിൽനിന്ന് ദരിദ്രനെയും പണക്കാരനെയും തിരിച്ചറിയാനാവാതെവന്നു. ഭയം എല്ലാ മുഖങ്ങളിലും ദൃശ്യമായിരുന്നു. എന്നാൽ കള്ളന്മാരിൽനിന്നും പിടിച്ചുപറിക്കാരിൽനിന്നും നാട് മുക്തമായിരുന്നതിനാൽ അത്തരം ഭീതിക്ക് അടിസ്ഥാനമില്ലായിരുന്നു."**

**'അർധ് കഥാനക്' (1605 സി.ഇ), ബനാർസിദാസ്**

സൽത്തനത്ത് കാലത്തിനുശേഷം ഡൽഹി ആസ്ഥാനമാക്കി ഭരണം നടത്തിയ മുഗളന്മാരിലെ പ്രധാനിയായ അക്ബറുടെ മരണത്തെ തുടർന്നുള്ള ജനങ്ങളുടെ പ്രതികരണമാണ് ദൃക്സാക്ഷികളിലൊരാളായ ബനാർസിദാസ് വിവരിക്കുന്നത്. മുഗൾ ഭരണം ജനങ്ങൾക്ക് എത്രമാത്രം സുരക്ഷിതത്വബോധം നൽകിയിരുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം.

**മുഗൾവംശം**

ഇന്ത്യയിലെ മുഗൾചക്രവർത്തിമാർ മംഗോളിയൻ ഭരണാധികാരികളായ ചെങ്കിസ്ഖാന്റെയും തിമൂറിന്റെയും പിൻമുറക്കാരായിരുന്നു. പതിനാറാം നൂറ്റാണ്ടിൽ യൂറോപ്യരാണ് ഈ രാജവംശത്തെ 'മുഗൾ' എന്ന് നാമകരണം ചെയ്തത്.

സി.ഇ. 1526 ൽ ബാബർ സ്ഥാപിച്ച മുഗൾ രാജവംശത്തെക്കുറിച്ച് മുൻ ക്ലാസുകളിൽ ചർച്ച ചെയ്തിട്ടുണ്ടല്ലോ. ദക്ഷിണേന്ത്യയിലെ ചില ഭാഗങ്ങളൊഴിച്ച് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും രാഷ്ട്രീയമായി ഏകീകരിക്കാൻ മുഗൾ ഭരണത്തിന് കഴിഞ്ഞു. ഭരണരംഗത്ത് അടിസ്ഥാനപരമായ മാറ്റങ്ങൾ അക്കാലത്തുണ്ടായി.


*അക്ബറുടെ കാലഘട്ടത്തിൽ നിർമിക്കപ്പെട്ട ആഗ്രകോട്ട*

മുഗൾ കാലഘട്ടത്തെ ഭരണവ്യവസ്ഥയെക്കുറിച്ച് അറിയാൻ സഹായിക്കുന്ന പ്രധാന സ്രോതസ്സുകളിലൊന്നാണ് അബുൽഫസൽ രചിച്ച 'അക്ബർ നാമ'.


*അബുൽ ഫസൽ അക്ബർ നാമയെക്കുറിച്ച് അക്ബറിനോട് വിശദമാക്കുന്നതിന്റെ ചിത്രം*

മുഗൾഭരണത്തിന്റെ സവിശേഷതകൾ എന്തെല്ലാമെന്ന് പരിശോധിക്കാം.

- രാജാധികാരം ദൈവദത്തമായിരുന്നു.
- തുർക്കി, മംഗോൾ സമ്പ്രദായങ്ങളുടെ സ്വാധീനം.
- എല്ലാ അധികാരവും രാജാവിൽ കേന്ദ്രീകരിച്ചിരുന്നു.
- സൈനികശക്തിയിലധിഷ്ഠിതമായിരുന്നു.
- മന്ത്രിമാരും ഉദ്യോഗസ്ഥരും ഭരണത്തെ സഹായിച്ചു.
- പ്രാദേശികഭരണം നിലനിന്നിരുന്നു.

**കേന്ദ്രഭരണം**

മുഗൾ കാലത്തെ കേന്ദ്രഭരണത്തിലെ പ്രധാന ഉദ്യോഗസ്ഥരും അവരുടെ ചുമതലകളും.

| | | |
|---|---|---|
| വക്കീൽ | - | പ്രധാനമന്ത്രി |
| വസീർ | - | ധനകാര്യം |
| സദർ | - | നീതിന്യായം |
| മിർബക്ഷി | - | സൈനികം |

**പ്രാദേശികഭരണം**

മുഗൾ കാലത്തെ പ്രാദേശിക ഭരണവിഭാഗങ്ങളും അവയുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരും.


| | | |
|---|---|---|
| സുബ | - | സുബേദാർ |
| സർക്കാർ | - | ഫൗജ്ദാർ |
| പർഗാന | - | ഷിഖ്ദാർ |
| ഗ്രാമം | - | ചൗധരി |
| പട്ടണം | - | കൊത്ത്വാൾ |

സൽത്തനത്ത് ഭരണം, മുഗൾഭരണം എന്നിവയുടെ പൊതു സവിശേഷതകൾ ചർച്ചചെയ്ത് കുറിപ്പാക്കുക.

## പ്രാദേശികഭരണം

പ്രാദേശികഭരണത്തിലും മുഗൾ ചക്രവർത്തിമാർ പ്രത്യേക ശ്രദ്ധ നൽകിയിരുന്നു. ഭരണസൗകര്യത്തിനായി രാജ്യത്തെ സുബകൾ, സർക്കാരുകൾ, പർഗാനകൾ, ഗ്രാമങ്ങൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളായി തിരിച്ചിരുന്നു. ഓരോ ഘടകത്തിന്റെയും ഭരണത്തിനായി നിർദിഷ്ട ഉദ്യോഗസ്ഥരുടെ ഒരു ശൃംഖല തന്നെയുണ്ടായി

രുന്നു. നികുതിപിരിവ്, നീതിന്യായനിർവഹണം, സൈനികമേൽനോട്ടം എന്നിവ അവരുടെ ചുമതലയായിരുന്നു.



അക്ബറിന്റെ കാലഘട്ടത്തിലെ സുബകൾ

അക്ബറുടെ കാലഘട്ടത്തിലാണ് മുഗൾ ഭരണം ശക്തി പ്രാപിച്ചത്. ഇന്ത്യയിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണയുള്ള ഭരണാധികാരിയാവുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനായി അക്ബർ സ്വീകരിച്ച നടപടികളാണ് താഴെ നൽകിയിട്ടുള്ളത്.

- ബാദ്ഷ-ഇ-ഹിന്ദ് (ഇന്ത്യയുടെ ചക്രവർത്തി) എന്ന സ്ഥാനം സ്വീകരിച്ചു.
- വിവിധ മതവിഭാഗങ്ങൾ തമ്മിലുള്ള സൗഹൃദം നിലനിർത്തുന്നതിനായി എല്ലാ മതങ്ങളുടെയും ആശയങ്ങൾ ഉൾക്കൊള്ളിച്ച് ദീൻ-ഇ-ഇലാഹി എന്ന പുതിയ വിശ്വാസത്തിന് രൂപം നൽകി.
- രജപുത്രരായ രാജാ തോടർമാൾ, ബീർബൽ, മാൻസിങ് തുടങ്ങിയവരെ ഉയർന്ന ഉദ്യോഗങ്ങളിൽ നിയമിച്ചു.
- രജപുത്രസ്ത്രീകളെ അക്ബറും ബന്ധുക്കളും വിവാഹം കഴിച്ചു.
- വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി സൈന്യത്തെ ശക്തിപ്പെടുത്തി.



**തന്റെ ഭരണനടപടികളിലൂടെ എല്ലാവർക്കും സ്വീകാര്യനായ ഭരണാധികാരിയായിത്തീരാൻ അക്ബറിന് സാധിച്ചു – സമർഥിക്കുക.**

## ദിൻ – ഇ – ഇലാഹി (തൗഹീദ് – ഇ – ഇലാഹി)



അക്ബർ വിവിധ മതപണ്ഡിതന്മാരുമായി ഇബാദത്ത് ഖാനയിൽ വച്ച് ആശയ വിനിമയം നടത്തുന്നതിന്റെ ചിത്രീകരണം.


രാജ്യത്ത് വിവിധ വിഭാഗം ജനങ്ങൾക്കിടയിൽ സമാധാനവും സൗഹൃദവും ഐക്യവും വളർത്തിയെടുക്കാൻ അക്ബർ ആഗ്രഹിച്ചു. ആശയപരമായ സംവാദങ്ങൾ നടത്തുന്നതിനായി അദ്ദേഹം തലസ്ഥാനമായ ഫത്തേപൂർസിക്രിയിൽ 'ഇബാദത്ത്ഖാന' നിർമിച്ചു. അവിടെ നടന്ന ചർച്ചകളുടെ സാരാംശം ഉൾക്കൊണ്ട് അക്ബർ രൂപപ്പെടുത്തിയ ആശയസംഹിതയാണ് ദീൻ-ഇ-ഇലാഹി. വിവിധ മതങ്ങളുടെ ആശയങ്ങളും തത്ത്വസംഹിതകളും കൂടിച്ചേർന്നതായിരുന്നു ഇത്. ഇതിന്റെ ഭാഗമാകാൻ അക്ബർ ആരെയും നിർബന്ധിച്ചിരുന്നില്ല. പ്രവേശനച്ചടങ്ങുകൾ ഒഴികെ ആചാരങ്ങളോ മതഗ്രന്ഥങ്ങളോ ആരാധനസ്ഥലമോ പുരോഹിതന്മാരോ ദീൻ-ഇ-ഇലാഹിക്കുണ്ടായിരുന്നില്ല. സുൽഹ്-കുൽ (Sulh-kul) അഥവാ എല്ലാവർക്കും സമാധാനം എന്നതായിരുന്നു ഇതിന്റെ അടിസ്ഥാനം.

**അക്ബർ ആവിഷ്കരിച്ച ദീൻ – ഇ – ഇലാഹി ഭരണസ്ഥിരതയ്ക്കും മതസൗഹാർദത്തിനും എത്രത്തോളം സഹായകമായിരുന്നു? വിശകലനം ചെയ്യുക.**

## മാൻസബ്ദാരി

ശക്തമായ സൈനികസംവിധാനമായിരുന്നു മുഗൾഭരണത്തിന്റെ അടിത്തറ. ഭരണം നിലനിർത്താനും സാമ്രാജ്യം വിപുലപ്പെടുത്താനും ചക്രവർത്തിക്ക് സൈനികശക്തിയോടൊപ്പം പ്രഭുക്കന്മാരുടെയും ഉദ്യോഗസ്ഥരുടെയും പിന്തുണയും ആവശ്യമായിരുന്നു. ഈ ലക്ഷ്യം കൈവരിക്കാൻ അക്ബർ സ്വീകരിച്ച സമ്പ്രദായമാണ് മാൻസബ്ദാരി.

87BCB1



മുഗൾ സൈനിക ആയുധങ്ങൾ

'മാൻസബ്' എന്ന പദംകൊണ്ട് മുഗൾ സൈനിക ഉദ്യോഗസ്ഥന്റെ പദവിയാണ് അർഥമാക്കിയിരുന്നത്. ഈ പദവി വഹിച്ചിരുന്നവർ മാൻസബ്ദാർ എന്നറിയപ്പെട്ടു. മാൻസബ്ദാരി എന്ന സമ്പ്രദായത്തിലൂടെ ഉദ്യോഗസ്ഥരുടെ പദവി, ശമ്പളം, സൈനിക ഉത്തരവാദിത്തം എന്നിവ തരംതിരിച്ച് നിർണയിച്ചു. മാൻസബ്ദാർ നിലനിർത്തിയിരുന്ന കുതിരപ്പടയാളികളുടെയും കുതിരകളുടെയും എണ്ണത്തെ അടിസ്ഥാനമാക്കിയായിരുന്നു പദവി നിർണയിച്ചിരുന്നത്. മുപ്പതിൽപ്പരം പദവികളിലായി പത്തു മുതൽ പതിനായിരം വരെ കുതിരകളുള്ള മാൻസബ്ദാർമാർ അക്ബറുടെ സൈന്യത്തിലുണ്ടായിരുന്നു. ഓരോ

മൻസബിനും രണ്ട് ഉപവിഭാഗങ്ങൾ ഉണ്ടായിരുന്നു. ഇവ 'സത്' (Zat), എന്നും 'സവർ' (Sawar) എന്നും അറിയപ്പെട്ടു. 'സത്' എന്ന വാക്കിന് വ്യക്തി എന്നാണ് അർഥം. അത് സൈന്യത്തിൽ ഒരു വ്യക്തിയുടെ സ്ഥാനവും വേതനവും നിജപ്പെടുത്തുന്നു. 'സവർ' ഒരാൾ സംരക്ഷിക്കേണ്ട കുതിരപ്പടയാളികളുടെ എണ്ണം സൂചിപ്പിക്കുന്നു.

**ചക്രവർത്തിയുടെ അധികാരം ഉറപ്പാക്കാനായി നടപ്പാക്കിയ നടപടിയാണ് 'മാൻസബ്ദാരി' സമ്പ്രദായം. സമർഥിക്കുക.**

## ജാഗിർദാരി

മുഗൾ ചക്രവർത്തിമാർ ഭരണം കാര്യക്ഷമമാക്കുന്നതിനായി നടപ്പാക്കിയ മറ്റൊരു പരിഷ്കാരമാണ് ജാഗിർദാരി. സൽത്തനത്ത് കാലത്തെ ഇഖ്തയുടെ ഉയർന്ന രൂപമാണ് ജാഗിർദാരി. മാൻസബ്ദാർമാർക്ക് ശമ്പളത്തിനു പകരമായി ഭൂമി പതിച്ചു നൽകുന്ന സമ്പ്രദായമാണിത്. ഇങ്ങനെ നൽകപ്പെട്ട ഭൂമി 'ജാഗിർ' എന്നറിയപ്പെട്ടു. ജാഗിർഭൂമിയുടെ കൈവശാവകാശം മാത്രമാണ് ഉദ്യോഗസ്ഥർക്കു നൽകിയിരുന്നത്. അവരെ ജാഗിർദാർമാർ എന്നു വിളിച്ചിരുന്നു. ഇഖ്ത സമ്പ്രദായത്തിലേതുപോലെ ജാഗിർ സമ്പ്രദായത്തിലും ജാഗിർദാർമാർ അവർക്കു ലഭിച്ച ഭൂമിയിൽ താമസിക്കുകയോ ഭരണ നിർവഹണം നടത്തുകയോ ചെയ്തിരുന്നില്ല. ജാഗിർദാരി പദവി പരമ്പരാഗതമായിരുന്നില്ല. അവരെ രാജാവ് സ്ഥലംമാറ്റി നിയമിച്ചിരുന്നു. നിശ്ചിത ഭൂമിയിലെ നികുതി പിരിച്ചെടുത്തുപയോഗിക്കുക എന്നതു മാത്രമായിരുന്നു അവരുടെ അധികാരം.

87K8CN

**സൽത്തനത്ത് കാലത്ത് നിലനിന്നിരുന്ന ഇഖ്ത സമ്പ്രദായത്തിൽ നിന്നു 'ജാഗിർദാരി' സമ്പ്രദായത്തിനുള്ള സാമ്യവ്യത്യാസങ്ങൾ എന്തെല്ലാം?**

## ചോളഭരണം

**നാവികശക്തി**

ചോളരാജാക്കന്മാർ സുശക്തമായ ഒരു സൈന്യത്തെ സംഘടിപ്പിച്ചിരുന്നു. അക്കാലത്തെ ഏറ്റവും ശക്തമായ നാവികശക്തി ചോളന്മാരുടേതായിരുന്നു. ബംഗാൾ ഉൾക്കടൽ ചോളന്മാരുടെ തടാകം എന്നാണറിയപ്പെട്ടത്. മലേഷ്യ, ഇന്തോനേഷ്യ, സിലോൺ മുതലായ പ്രദേശങ്ങളിലേക്ക് ചോളസാമ്രാജ്യത്തിന്റെ വിസ്തൃതി വ്യാപിച്ചിരുന്നു. അതിന്റെ പ്രധാന കാരണം അവരുടെ നാവികമേധാവിത്വമായിരുന്നു.

സി.ഇ. ഒമ്പതാം നൂറ്റാണ്ടുമുതൽ പതിനാലാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിലെ ദക്ഷിണേന്ത്യയിലെ പ്രധാനപ്പെട്ട രാഷ്ട്രീയശക്തിയായിരുന്നു ചോളന്മാർ. പരമാധികാരിയായ രാജാവ്, ഉപദേശകരായ മന്ത്രിമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ചേർന്ന ഒരു കേന്ദ്ര ഭരണകൂടമാണു രാജ്യഭരണം നിർവഹിച്ചിരുന്നത്. രാജഭരണത്തിന്റെ പിന്തുടർച്ചാവകാശം മക്കത്തായമനുസരിച്ചായിരുന്നു. രാജശാസനങ്ങളിലൂടെയായിരുന്നു ഭരണം നിയന്ത്രിക്കപ്പെട്ടിരുന്നത്. 'ഒലൈനായകം' എന്നറിയപ്പെട്ടിരുന്ന പ്രധാന ഉദ്യോഗസ്ഥനാണ് രാജശാസനങ്ങൾ മറ്റ് ഉദ്യോഗസ്ഥർക്ക് എത്തിച്ചു

കൊടുത്തിരുന്നത്. ശക്തമായ നാവികപ്പടയോടുകൂടിയ സൈനികസംവിധാനമായിരുന്നു ചോളഭരണത്തിന്റെ മറ്റൊരു സവിശേഷത.

## ഗ്രാമസ്വയംഭരണം

"ഉത്തരമേരൂർ ചതുർവേദിമംഗലം ഗ്രാമസഭാ മന്ദിരത്തിൽ ചേർന്ന പൊതുസഭയിൽ കൂടിയാലോചിച്ച് കൈക്കൊണ്ടിട്ടുള്ള തീരുമാനം കല്പനപ്രകാരം ഉത്തരമേരൂർ ചതുർവേദിമംഗലം ഗ്രാമസഭ, തിരുവെഴുത്തിലെ സൂചനകൾക്കു വിധേയമായി വാർഷികസമിതി, തോട്ടസംരക്ഷണ സമിതി, ജലവിഭവ സമിതി എന്നിവയിലേക്കു പ്രതിനിധികളെ തിരഞ്ഞെടുക്കാൻ നിശ്ചയിച്ചിരിക്കുന്നു".

(ഉത്തരമേരൂർ ശാസനത്തിന്റെ ഒരു ഭാഗം)



*ഉത്തരമേരൂർ ശാസനം*

ചോളഭരണത്തിന്റെ പ്രധാന സവിശേഷതയായ ഗ്രാമസ്വയംഭരണത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഉത്തരമേരൂർ ശാസനത്തിൽ നിന്നുള്ള പരാമർശമാണ് മുകളിൽ നൽകിയിരിക്കുന്നത്. ചോളഭരണകാലത്തെ ഗ്രാമസ്വയംഭരണത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണെന്നു നോക്കാം.

ഭരണസൗകര്യത്തിനായി ചോളരാജാക്കന്മാർ രാജ്യത്തെ മണ്ഡലങ്ങൾ, വളനാടുകൾ, നാടുകൾ, കൊട്ടം എന്നിങ്ങനെ വിഭജിച്ചിരുന്നു. സ്വയംഭരണാധികാരമുള്ള ഗ്രാമങ്ങളുടെ സമൂഹമായിരുന്നു 'കൊട്ടം'. ഗ്രാമഭരണവുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും അധികാരങ്ങളും ഗ്രാമീണ ജനതയിൽ നിക്ഷിപ്തമായിരുന്നു. ഗ്രാമഭരണത്തിനായി 'ഊർ', 'സഭ' എന്നീ രണ്ടു സമിതികൾ പ്രവർത്തിച്ചിരുന്നു. ഗ്രാമത്തിലെ എല്ലാ ജനങ്ങളും ഉൾപ്പെടുന്നതാണ് 'ഊർ'. ബ്രാഹ്മണർ മാത്രം ഉൾപ്പെട്ടതായിരുന്നു 'സഭ'. ക്ഷേത്രപരിസരങ്ങളിലാണ് ഈ സമിതികൾ ചേർന്നിരുന്നത്. സഭയുടെ സവിശേഷതകളാണ് ചുവടെ തന്നിട്ടുള്ളത്.

- സഭയുടെ പ്രവർത്തനത്തിനായി പ്രത്യേകം നിയമങ്ങൾ ഉണ്ടായിരുന്നു.
- ഭരണനിർവഹണത്തിനായി സഭയെ പല പഞ്ചായത്തുകളായി തിരിച്ച് ചുമതലകൾ നിശ്ചയിച്ചു നൽകിയിരുന്നു.
- തിരഞ്ഞെടുപ്പിലൂടെയും നറുക്കെടുപ്പിലൂടെയുമായിരുന്നു പഞ്ചായത്തംഗങ്ങളെ തീരുമാനിച്ചിരുന്നത്.
- അംഗങ്ങളെ വർഷംതോറും തിരഞ്ഞെടുത്തിരുന്നു.
- ഒരാൾക്ക് തുടർച്ചയായി പരമാവധി മൂന്നുതവണ മാത്രമാണ് അംഗമായിരിക്കാൻ അവസരം ലഭിച്ചിരുന്നത്.

### ചോളൻമാർ

ചോളരാജാക്കന്മാരിൽ പ്രഗൽഭരായിരുന്നു രാജരാജചോളനും രാജേന്ദ്രചോളനും. ചോളരാജ വംശത്തിന് ഒരുസ്ഥിര സൈന്യവും നാവികസേനയും ഭരണസംവിധാനവും കൈവന്നത് ഇവരുടെ ഭരണകാലത്താണ്. തഞ്ചാവൂരിലെ രാജരാജേശ്വര ക്ഷേത്രം പണികഴിപ്പിച്ചതും ശ്രീലങ്ക കീഴടക്കിയതും രാജരാജന്റെ കാല ത്താണ്. ഗംഗൻമാരെ കീഴടക്കിയതിന്റെ ഓർമ്മക്കായി രാജേന്ദ്ര ചോളൻ 'ഗംഗൈകൊണ്ട ചോളൻ' എന്ന ബിരുദം സ്വീകരിച്ചു.

- കൈക്കൂലി, കളവ് മുതലായ കുറ്റങ്ങൾ ആരോപിക്കപ്പെട്ടവർക്ക് വീണ്ടും തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ അവകാശമില്ലായിരുന്നു.
- സഭയിലെ അംഗങ്ങൾ 'പെരുമക്കൾ' എന്നും പഞ്ചായത്തിലെ അംഗങ്ങൾ 'വാരിയപെരുമക്കൾ' എന്നും അറിയപ്പെട്ടു.


ഗ്രാമഭരണവുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും അധികാരങ്ങളും 'സഭ'യിൽ നിക്ഷിപ്തമായിരുന്നു. അവയുടെ അധികാരങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് നോക്കാം.

- ക്ഷേത്രങ്ങൾക്കുവേണ്ടി ഭൂമി സ്വീകരിക്കുക.
- ഭൂമി അളന്നുതിട്ടപ്പെടുത്തി നികുതി പിരിക്കുക.
- ജനക്ഷേമത്തിനുവേണ്ടിയുള്ള മരാമത്തുപണികൾ നടത്തുക.
- രേഖകളും കണക്കുകളും സൂക്ഷിക്കുക.
- ഗ്രാമത്തിലെ നീതിന്യായഭരണം നിർവഹിക്കുക.

കേരളത്തിലെ തദ്ദേശസ്വയംഭരണവുമായി ചോളന്മാരുടെ ഗ്രാമസ്വയംഭരണത്തെ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

## വിജയനഗരസാമ്രാജ്യം


കൃഷ്ണദേവരായരുടെ പ്രതിമ




ദക്ഷിണേന്ത്യയിൽ ഭരണം നടത്തിയ വിജയനഗരസാമ്രാജ്യത്തെക്കുറിച്ച് മുൻ ക്ലാസുകളിൽ ചർച്ചചെയ്തത് ഓർക്കുമല്ലോ. ഒരു ഭരണവ്യവസ്ഥയിൽ

രാജാവിന് എത്രമാത്രം പ്രാധാന്യമുണ്ടെന്ന് സൂചിപ്പിക്കുന്ന കൃഷ്ണദേവരായരുടെ വരികളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. കേന്ദ്രീകൃത രാജഭരണമായിരുന്നു വിജയനഗരസാമ്രാജ്യത്തിൽ നിലനിന്നിരുന്നത്. ശക്തമായ സൈന്യത്തിന്റെ പിൻബലം രാജാവിനുണ്ടായിരുന്നു. ശത്രുക്കളിൽനിന്നു രാജ്യത്തെ രക്ഷിക്കുന്നതിനായി വിശാലമായ കോട്ടകൾ അവർ നിർമിച്ചു. വിജയനഗരസാമ്രാജ്യത്തിലെ കേന്ദ്രഭരണം 'നായങ്കര' സമ്പ്രദായമെന്നും പ്രാദേശികഭരണം 'അയ്യഗാർ' സമ്പ്രദായമെന്നും അറിയപ്പെട്ടു. അവയുടെ പ്രത്യേകതകൾ എന്തെല്ലാമെന്ന് നോക്കാം.



ബേലൂർ കോട്ട

87U4EB

## നായങ്കരസമ്പ്രദായം

വിജയനഗരസാമ്രാജ്യത്തിൽ കേന്ദ്രഭരണത്തിന്റെ തലവൻ രാജാവായിരുന്നു. രാജാവിനെ സഹായിക്കാൻ മന്ത്രിമാരും രാജകീയ ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു. താരതമ്യേന ചെറിയ സൈന്യമാണ് രാജാവിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഉണ്ടായിരുന്നത്. പ്രവിശ്യാ ഗവർണർമാർ തങ്ങളുടേതായ നിശ്ചിത സൈന്യത്തെ സംരക്ഷിച്ചു നിലനിർത്തിയിരുന്നു. രാജാവ് ആവശ്യപ്പെടുമ്പോൾ അവർ സൈന്യത്തെ വിട്ടുകൊടുത്തിരുന്നു. സൈനികമേധാവികൾ കൂടിയായിരുന്ന ഇവർക്ക് രാജാവ് 'നായക്' എന്ന പദവിയും നിശ്ചിത ഭൂമിയും നൽകിയിരുന്നു. കേന്ദ്രത്തിൽ നിലനിന്നിരുന്ന ഈ ഭരണരീതി 'നായങ്കര' സമ്പ്രദായം എന്നറിയപ്പെട്ടു.

**വിജയനഗര രാജവംശങ്ങൾ**



സംഗമ, സാലുവ, തുളുവ, അരവീഡു എന്നീ നാലു രാജവംശങ്ങളാണ് വിജയനഗരത്തിൽ ഭരണം നടത്തിയത്. തുളുവ വംശത്തിലെ ഭരണാധികാരിയായിരുന്നു കൃഷ്ണദേവരായർ.

## അയ്യഗാർ സമ്പ്രദായം

ഭരണസൗകര്യത്തിനുവേണ്ടി സാമ്രാജ്യത്തെ പ്രവിശ്യകൾ, നാടുകൾ, ഗ്രാമങ്ങൾ എന്നിങ്ങനെ പലതായി തിരിച്ചിരുന്നു. 'ഗ്രാമം' ആയിരുന്നു അടിസ്ഥാന ഘടകം. ചോളഭരണകാലത്തേതു പോലെ ഇവിടെയും ഗ്രാമസഭകൾ പ്രവർത്തിച്ചിരുന്നു. പരമ്പരാഗതമായി ഉദ്യോഗം വഹിച്ചുപോന്ന 'അയ്യഗാർ'മാരാണ് ദൈനംദിന ഗ്രാമഭരണം നിർവഹിച്ചിരുന്നത്. ഈ ഭരണരീതി അയ്യഗാർ സമ്പ്രദായം എന്നറിയപ്പെട്ടു. കേന്ദ്രഭരണത്തിലെ 'നായക' പദവിക്കു സമാനമായിരുന്നു ഗ്രാമഭരണത്തിൽ 'അയ്യഗാർ' മാർക്കുള്ള സ്ഥാനം.

## മറാത്തഭരണം

പതിനേഴാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ഭരണം നടത്തിയിരുന്ന മറാത്തരാജ്യത്തെ പ്പറ്റി നിങ്ങൾ നേരത്തേ മനസ്സിലാക്കിയിട്ടുണ്ടല്ലോ. മധ്യകാല ഇന്ത്യയിലെ മറ്റു ഭരണാധികാരികളെപ്പോലെ നിയമനിർമാണം, കാര്യനിർവഹണം, നീതിന്യായം, സൈന്യം തുടങ്ങിയ എല്ലാ അധികാരങ്ങളും മറാത്തഭരണത്തിൽ രാജാവായിരുന്നു നിയന്ത്രിച്ചിരുന്നത്.


*ശിവജി*

മറാത്തയിലെ ഭരണാധികാരിയായിരുന്ന ശിവജിയെ ഭരണത്തിൽ സഹായി ച്ചിരുന്ന 'അഷ്ടപ്രധാൻ' എന്ന സമിതിയിലെ വിവിധ മന്ത്രിമാരെയും അവരുടെ ചുമതലകളെയും കുറിച്ചു പ്രതിപാദിക്കുന്ന ചിത്രം ശ്രദ്ധിക്കൂ.






അഷ്ടപ്രധാനിലെ വിവിധ മന്ത്രിമാരുടെ വകുപ്പുകൾ പരിശോധിച്ച് അവയെ ഇന്നത്തെ ഭരണത്തിലെ വിവിധ വകുപ്പുകളുമായി താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

ഇതിൽനിന്ന് വിപുലമായ ഒരു മന്ത്രിസഭയുടെ പിന്തുണയുള്ള കേന്ദ്രീകൃതഭരണമാണ് മറാത്തഭരണത്തിലുണ്ടായിരുന്നതെന്നു മനസ്സിലാക്കാം. മന്ത്രിമാർ ഉപദേശകർ മാത്രമായിരുന്നു. അവരുടെ പദവികൾ പരമ്പരാഗതമായിരുന്നില്ല.

മറാത്തഭരണത്തിന്റെ മറ്റുചില സവിശേഷതകൾകൂടി പരിചയപ്പെടാം.

- ഉദ്യോഗസ്ഥരെക്കുറിച്ചും രാജ്യകാര്യങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ ശക്തമായ രഹസ്യാന്വേഷണ സംവിധാനം ഉപയോഗപ്പെടുത്തിയിരുന്നു.
- പ്രാദേശികഭരണം നിലനിന്നിരുന്നു.



**ഛത്രപതി**

1674 ൽ റായ്ഗഡ് കോട്ടയിൽ വച്ചാണ് ശിവജിയുടെ സ്ഥാനാരോഹണം നടന്നത്. അതിനു ശേഷം അദ്ദേഹം 'ഛത്രപതി' എന്ന പേരു സ്വീകരിച്ചു.



*റായ്ഗഡ് കോട്ട*

## മറാത്തഭരണകാലത്തെ പ്രാദേശികഭരണം

മറാത്ത രാജ്യത്തെ ഭരണസൗകര്യത്തിനായി വിവിധ വിഭാഗങ്ങളായി തിരിച്ചിരുന്നു. പ്രവിശ്യകൾ, ജില്ലകൾ (പ്രാന്തങ്ങൾ), പർഗാനകൾ, ഗ്രാമങ്ങൾ എന്നിവയായിരുന്നു അവ. ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നത് രാജാവ് നേരിട്ടാണ്. ഇവ കൂടാതെ 'സ്വരാജ്യ', 'മൊഗളൈ' എന്നിങ്ങനെയും രാജ്യത്തെ രണ്ടായി വിഭജിച്ചിരുന്നു. മറാത്തക്കാരുടേതായ ഭൂപ്രദേശങ്ങളായിരുന്നു 'സ്വരാജ്യം', മറ്റുള്ളവരിൽനിന്ന് ആക്രമിച്ചു കീഴടക്കിയ പ്രദേശങ്ങളാണു 'മൊഗളൈ'. മറാത്തരാജ്യത്തുനിന്നു (സ്വരാജ്യം) പിരിച്ചിരുന്ന ഭൂനികുതിക്ക് പുറമെ കീഴടക്കിയ പ്രദേശങ്ങളിൽ നിന്നും (മൊഗളൈ) ചൗത്, സർദേശ്മുഖി എന്നിങ്ങനെ രണ്ടുതരം നികുതികൾ പിരിച്ചെടുത്തിരുന്നു.



മധ്യകാല ഇന്ത്യയിൽ നിലനിന്നിരുന്ന ഭരണവ്യവസ്ഥകളിൽ നിന്നു മറാത്ത ഭരണം എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു? ചർച്ച ചെയ്യുക.

ഇന്ത്യയിൽ നിലവിലിരുന്ന ഭരണസമ്പ്രദായങ്ങളിൽ അടിസ്ഥാനപരമായ നിരവധി മാറ്റങ്ങൾ മധ്യകാലത്തുണ്ടായി. അന്നത്തെ ഭരണാധികാരികൾ ആവിഷ്കരിച്ച പല ഭരണസമ്പ്രദായങ്ങളുടെയും സ്വാധീനം പിൽക്കാല ഭരണരീതികളിൽ കാണാവുന്നതാണ്.



മധ്യകാലഘട്ടത്തിൽ ഇന്ത്യയിൽ നിലനിന്നിരുന്ന വിവിധ ഭരണ സമ്പ്രദായങ്ങളെക്കുറിച്ച് ഒരു സെമിനാർ നടത്തുക.

## മധ്യകാല ഇന്ത്യ : രാജസങ്കൽപ്പവും ഭരണരീതിയും

- **സൽത്തനത്ത് ഭരണം**
  - കേന്ദ്രഭരണം
  - പ്രാദേശിക ഭരണം
  - ഇഖ്ത സമ്പ്രദായം
  - കമ്പോള പരിഷ്കരണം
- **മുഗൾ ഭരണം**
  - കേന്ദ്രഭരണം
  - പ്രാദേശിക ഭരണം
  - ദീൻ-ഇ-ഇലാഹി
  - മാൻസബ്ദാരി
  - ജാഗിർദാരി
- **ചോള ഭരണം**
  - കേന്ദ്രഭരണം
  - ഗ്രാമ സ്വയംഭരണം
- **വിജയനഗര ഭരണം**
  - കേന്ദ്രഭരണം (നായങ്കര സമ്പ്രദായം)
  - പ്രാദേശികഭരണം (അയ്യഗാർ സമ്പ്രദായം)
- **മറാത്ത ഭരണം**
  - കേന്ദ്രഭരണം (അഷ്ടപ്രധാൻ)
  - പ്രാദേശിക ഭരണം

## വിലയിരുത്താം

- ഇന്ത്യയിൽ ഒരു കേന്ദ്രീകൃതഭരണരീതി നടപ്പാക്കാൻ സൽത്തനത്ത് ഭരണാധികാരികളെ പ്രേരിപ്പിച്ച സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു?
- അക്ബർ വികസിപ്പിച്ച മാൻസബ്ദാരി സമ്പ്രദായത്തിന്റെ സവിശേഷതകൾ വിലയിരുത്തുക.
- 'എ' വിഭാഗത്തിന് യോജിക്കുന്നവ 'ബി' വിഭാഗത്തിൽനിന്ന് കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| മാൻസബ്ദാരി സമ്പ്രദായം | ചോളഭരണം |
| ഇഖ്തസമ്പ്രദായം | ശിവജി |
| ഗ്രാമസ്വയംഭരണം | കൃഷ്ണദേവരായർ |
| അഷ്ടപ്രധാൻ | സൽത്തനത്ത് ഭരണം |
| അമുക്തമാല്യദ | അക്ബർ |

- വിജയനഗരഭരണകാലത്തു നടപ്പാക്കിയ 'നായങ്കര', 'അയ്യഗാർ' വ്യവസ്ഥകളെപ്പറ്റി കുറിപ്പു തയാറാക്കുക.
- മറാത്തഭരണകാലത്തു നിലവിലിരുന്ന 'അഷ്ടപ്രധാൻ' എന്ന സമിതിയെപ്പറ്റി ലഘുവിവരണം തയാറാക്കുക.

## തുടർപ്രവർത്തനങ്ങൾ

- മധ്യകാലഘട്ടത്തിൽ ഇന്ത്യയിൽ നിലനിന്നിരുന്ന വിവിധ ഭരണ സമ്പ്രദായങ്ങളെക്കുറിച്ച് പ്രബന്ധം തയാറാക്കുക.
- ഇന്റർനെറ്റിന്റെ സഹായത്തോടെ മധ്യകാല ഇന്ത്യയിലെ പ്രധാന ഭരണാധികാരികളുടെയും ഭരണകേന്ദ്രങ്ങളുടെയും സാമ്രാജ്യങ്ങളുടെയും ചിത്രങ്ങൾ ശേഖരിച്ച് ഒരു ഡിജിറ്റൽ ആൽബം തയാറാക്കുക.
- മുഗൾ രാജാക്കന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് അടികുറിപ്പുകളോടെ ആൽബം തയാറാക്കുക.

അധ്യായം

05



# സമ്പത്തും സമൂഹവും മധ്യകാല ഇന്ത്യയിൽ

> *"ലോകമെമ്പാടുമുള്ള വ്യാപാരത്തിലൂടെ വിനിമയം ചെയ്യപ്പെട്ട വെള്ളിയും സ്വർണവും ഒടുവിൽ എത്തിച്ചേരുന്നത് ഇന്ത്യയിലാണ്. അമേരിക്കൻ വൻകരയിൽനിന്ന് യൂറോപ്യർ ശേഖരിച്ച സ്വർണവും വെള്ളിയും കച്ചവടത്തിലൂടെ തുർക്കിയിലും പേർഷ്യയിലും എത്തുന്നു. അവസാനം അവിടെനിന്ന് ഹിന്ദുസ്ഥാനിലേക്കും."*
>
> *- ജിയോവനി സെരാരി*

പതിനേഴാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച ഇറ്റാലിയൻ സഞ്ചാരി ജിയോവനി സെരാരിയുടെ നിരീക്ഷണമാണ് മുകളിൽ തന്നിരിക്കുന്നത്.

മധ്യകാലഘട്ടത്തിലെ ലോകവാണിജ്യത്തിന്റെ പ്രധാന കേന്ദ്രമായിരുന്നു ഇന്ത്യയെന്ന് ഇതിൽനിന്നു വ്യക്തമാണല്ലോ. കാർഷികാഭിവൃദ്ധിയിലൂടെ കൈവന്ന സമ്പത്താണ് ലോകത്തിലെ വിവിധ ഭാഗങ്ങളിൽനിന്നുള്ള വ്യാപാരികളെ ഇന്ത്യയിലേക്ക് ആകർഷിച്ചത്. അക്കാലത്ത് ഇന്ത്യ കാർഷികാഭിവൃദ്ധി നേടിയത് എപ്രകാരമായിരുന്നുവെന്ന് നോക്കാം.

## മധ്യകാല ഇന്ത്യയിലെ കാർഷികപുരോഗതി

പതിനാലാം നൂറ്റാണ്ടിൽ ഇന്ത്യയിലെത്തിയ ഇബ്നുബത്തൂത്ത അന്നത്തെ കാർഷികപുരോഗതിയെക്കുറിച്ച് 'കിത്താബുൽ-രിഹ്‌ല' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. വയലുകളിൽ വർഷത്തിൽ മൂന്നു തവണ കൃഷിയിറക്കിയിരുന്നുവെന്ന് ഈ ഗ്രന്ഥത്തിൽ പരാമർശിക്കുന്നു. നെല്ല്, ഗോതമ്പ്, ബാർലി, കരിമ്പ്, പരുത്തി, എണ്ണക്കുരുക്കൾ, നീലം എന്നിവയായിരുന്നു മുഖ്യമായി കൃഷി ചെയ്തിരുന്നത്. ഭരണാധികാരികൾ കാർഷിക വികസനത്തിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുത്തിരുന്നു. സൽത്തനത്ത് ഭരണാധികാരിയായിരുന്ന ബാൽബൻ കൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി ദൊവാബ് പ്രദേശം (ഗംഗ, യമുന നദികൾക്കിടയിലുള്ള പ്രദേശം) കർഷകർക്ക് വീതിച്ചു കൊടുത്തു. ഫിറോസ് ഷാ തുഗ്ലക്ക് ജലസേചനത്തിനായി കിണറുകൾ നിർമിക്കാൻ കർഷകർക്ക് പണം മുൻകൂറായി നൽകി. യമുനാനദിയിൽനിന്ന് കൃഷിയിടങ്ങളിലേക്ക് വെള്ളം കൊണ്ടുപോകാൻ കനാലുകൾ നിർമിച്ചു. ഇതിന്റെയെല്ലാം ഫലമായി ഉൽപ്പാദനവും സമ്പത്തും വർധിച്ചു.



പേർഷ്യൻ ജലചക്ര മാതൃക

കാർഷിക മേഖലയിലും അനുബന്ധമേഖലയിലും ലഭ്യമായ തൊഴിൽ സാധ്യതയെ കുറിച്ചും അവയ്ക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനത്തെക്കുറിച്ചും വിവരശേഖരണം നടത്തുക.

ഡൽഹിയിലും ബംഗാളിലും കൃഷിചെയ്തിരുന്ന വ്യത്യസ്തയിനം നെല്ലുകളെപ്പറ്റി അബുൽ ഫസൽ വിശദീകരിക്കുന്നു. ആഗ്രയിൽ 39 ഇനം വിളകൾ കൃഷിചെയ്തിരുന്നതായി അദ്ദേഹം 'ഐൻ ഇ-അക്ബരി'യിൽ പറയുന്നുണ്ട്.

സ്പെയിൻ, ആഫ്രിക്ക എന്നിവിടങ്ങളിൽ നിന്ന് കൊണ്ടുവന്ന ചോളം പശ്ചിമേന്ത്യയിലെ പ്രധാന വിളയായി മാറി. തക്കാളി, ഉരുളക്കിഴങ്ങ്, മുളക്, കൈതച്ചക്ക, പപ്പായ തുടങ്ങിയവയും ഇന്ത്യയിൽ പ്രചരിച്ചു.

പുതിയ ഉപകരണങ്ങളുടെയും സാങ്കേതികവിദ്യകളുടെയും ഉപയോഗം കാർഷികപുരോഗതിയെ ത്വരിതപ്പെടുത്തി. ജലസേചനത്തിനായുള്ള പേർഷ്യൻ ചക്രമായിരുന്നു ഉപകരണങ്ങളിൽ പ്രധാനപ്പെട്ടത്. ഇരുമ്പുകൊഴു ഘടിപ്പിച്ച ഭാരം കുറഞ്ഞ കലപ്പയും വിത്തു വിതയ്ക്കാനുള്ള 'ഡ്രിൽ' എന്ന ഉപകരണവും അക്കാലത്ത് ഉപയോഗിച്ചു. കാളകളെ ഉപയോഗിച്ചായിരുന്നു ഇവ പ്രവർത്തിപ്പിച്ചിരുന്നത്.



മധ്യകാല ഇന്ത്യയിലെ കാർഷികപുരോഗതിയുമായി ബന്ധപ്പെടുത്തി നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| വിളകൾ | ഭരണാധികാരികളുടെ നടപടികൾ | ഉപകരണങ്ങൾ |
|---|---|---|
| •<br>•<br>•<br>•<br>• | •<br>• | •<br>•<br>• |

മധ്യകാലഘട്ടത്തിന്റെ ആരംഭത്തിൽ ദക്ഷിണേന്ത്യയിൽ ഭരണം നടത്തിയിരുന്ന ചോളരാജാക്കന്മാരും കാർഷികാഭിവൃദ്ധി ലക്ഷ്യമാക്കി ധാരാളം നടപടികൾ സ്വീകരിച്ചിരുന്നു. ദക്ഷിണേന്ത്യയിലെ കാർഷികപുരോഗതിയെ സഹായിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് നോക്കാം.



*ചോളകാലത്ത് ജലസേചനത്തിനായി ഉപയോഗിച്ച ജലസംഭരണി*

- കാവേരിനദിയിലെ ജലസമൃദ്ധി.
- കൈവഴികളിലൂടെ ഒഴുകിയെത്തുന്ന എക്കൽമണ്ണ്.
- ജലസേചനത്തിനായി ചോളരാജാക്കന്മാർ നിർമിച്ച കനാലുകൾ.
- ഗ്രാമഭരണം നടത്തിയ 'സഭ'കൾക്ക് കീഴിൽ കാർഷികപുരോഗതി ലക്ഷ്യമിട്ട് പ്രവർത്തിച്ചിരുന്ന സമിതികൾ.

**ദക്ഷിണേന്ത്യയിൽ ചോളഭരണകാലത്തുണ്ടായ കാർഷിക പുരോഗതി വിശകലനം ചെയ്യുക.**



### കൃഷിഭൂമി പലതരം



ചോളഭരണകാലത്തെ ചരിത്രസ്രോതസ്സുകൾ നൽകുന്ന വിവരണമനുസരിച്ച് നാലു തരം കൃഷിഭൂമികൾ ഉണ്ടായിരുന്നു.


| | |
|---|---|
| ബ്രഹ്മദേയ | - ബ്രാഹ്മണർക്ക് ദാനം ലഭിച്ച ഭൂമി. |
| ദേവദാന | - ക്ഷേത്രങ്ങൾക്ക് ലഭിച്ച ഭൂമി. |
| വെള്ളാൻ വകൈ | - കർഷകരുടെ കൈയിലുള്ള ഭൂമി. |
| പള്ളിച്ചാണ്ടം | - ജൈനസ്ഥാപനങ്ങൾക്കു നൽകിയ ഭൂമി. |

## കൈത്തൊഴിലും കരകൗശലവും

കൃഷിക്ക് പുറമെ മറ്റെന്തെല്ലാം ഉപജീവനമാർഗങ്ങളാണ് മധ്യകാല ഇന്ത്യയിലെ ജനങ്ങൾ സ്വീകരിച്ചിരുന്നതെന്ന് പരിശോധിക്കാം.

കാർഷികോൽപ്പന്നങ്ങളെ ആശ്രയിച്ച് നിരവധി വ്യവസായങ്ങൾ നിലനിന്നിരുന്നു. ഉദാഹരണമായി, എണ്ണക്കുരുക്കൾ, കരിമ്പ്, പരുത്തി, നീലം, എന്നിവ എണ്ണയാട്ടൽ, ശർക്കരനിർമാണം, തുണിനെയ്ത്ത്, ചായംമുക്കൽ എന്നീ ചെറുകിട വ്യവസായങ്ങളുടെ വളർച്ചയ്ക്ക് ഇടയാക്കി. നെയ്ത്തായിരുന്നു അവയിൽ പ്രധാനം.

## ചർക്ക



ചർക്കയെക്കുറിച്ചുള്ള ആദ്യപരാമർശം 1350 ൽ ഇസാമി രചിച്ച 'ഫുത്തുഹുസ്സലാത്തീൻ' എന്ന കൃതിയിലാണുള്ളത്. മുകളിൽ നൽകിയിരിക്കുന്ന ചർക്കയുടെ ചിത്രം പതിനഞ്ചാം നൂറ്റാണ്ടിൽ രചിച്ച 'മിഫ്ത്തഹുൽ ഫസല' യിലുള്ളതാണ്.

തുണിനിർമാണരംഗത്തെ പുരോഗതിയെ സഹായിച്ച പ്രധാനഘടകം ചർക്കയുടെ ഉപയോഗമാണ്. പതിനാലാം നൂറ്റാണ്ടിലാണ് ഇന്ത്യയിൽ ചർക്ക ഉപയോഗിക്കാൻ തുടങ്ങിയത്. ചൈനയിൽനിന്നാണ് ഇന്ത്യക്കാർ ഈ സാങ്കേതികവിദ്യ സ്വായത്തമാക്കിയത്. ചർക്കയുടെ ഉപയോഗത്തോടെ നൂൽനിർമാണത്തിൽ ആറു മടങ്ങ് വർധനവുണ്ടായി.

നൂൽനൂൽപ്പിനൊപ്പം നെയ്ത്തിലും അക്കാലത്ത് പുരോഗതിയുണ്ടായി. ചവിട്ടിപ്രവർത്തിപ്പിക്കുന്ന തറിയുടെ (Loom) കണ്ടുപിടിത്തം തുണിനിർമാണ രംഗത്ത് വലിയ മാറ്റമുണ്ടാക്കി. പട്ടുനൂൽപ്പുഴുക്കളിൽനിന്ന് നൂലുണ്ടാക്കുന്ന സാങ്കേതികവിദ്യയും അക്കാലത്ത് പ്രചാരം നേടി. പതിനാലാം നൂറ്റാണ്ടിൽ ബംഗാളിലാണ് ഇത് ആരംഭിച്ചത്.

പരവതാനി, കടലാസ് എന്നിവയുടെ നിർമാണമായിരുന്നു കരകൗശലമേഖലയിലെ മറ്റു പ്രധാന തൊഴിലുകൾ. ഇന്ത്യൻ നിർമിത പരവതാനികൾ വിദേശകമ്പോളങ്ങളിൽ ഏറെ പ്രചാരം നേടിയിരുന്നു.



*സാമ്പാർ തടാകത്തിലെ ഉപ്പുനിർമാണം*

പതിമൂന്നാം നൂറ്റാണ്ടുമുതൽ തന്നെ കടലാസിന്റെ ഉപയോഗം ഇന്ത്യയിൽ ആരംഭിച്ചിരുന്നു. ലോഹസംസ്കരണം, ഖനനവ്യവസായം എന്നിവയും അക്കാലത്ത് പുരോഗതി പ്രാപിച്ചു. ലോഹസംസ്കരണ രംഗത്ത് പ്രവർത്തിച്ചിരുന്നവർ പ്രധാനമായും നിർമിച്ചിരുന്നത് കാർഷിക ഉപകരണങ്ങളും യുദ്ധോപകരണങ്ങളുമായിരുന്നു. ഇരുമ്പുകൊണ്ടുള്ള ലാടം (Horse shoe), സവാരിക്കാർക്ക് കാലുകൾ വയ്ക്കാൻ കുതിരയുടെ മുതുകിൽ തൂക്കിയിടുന്ന ഇരുമ്പു ചവിട്ടുപടി (Iron Stirrup) എന്നിവ യുദ്ധരംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കി. രാജസ്ഥാനിൽനിന്ന് ചെമ്പും ഗൊൽകൊണ്ടയിൽനിന്ന് രത്നവും ഖനനം ചെയ്തിരുന്നു. ഉപ്പുനിർമാണമായിരുന്നു വികാസം പ്രാപിച്ച മറ്റൊരു തൊഴിൽ. കടൽത്തീരങ്ങൾ, ഉപ്പുപാറകൾ, ഉപ്പുതടാകങ്ങൾ എന്നിവ ഉപ്പിന്റെ സ്രോതസ്സുകളായിരുന്നു. പശ്ചിമ പഞ്ചാബ്, രാജസ്ഥാനിലെ സമ്പാർ എന്നിവ ഉപ്പുനിർമാണകേന്ദ്രങ്ങളായിരുന്നു.

പരമ്പരാഗത തൊഴിൽ മേഖലയിൽ പുതുതായി രൂപപ്പെടുന്ന മൂല്യവർധിത ഉൽപന്നങ്ങളുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യകൾ കണ്ടെത്തുക.




സാങ്കേതികവിദ്യയിലുണ്ടായ പുരോഗതി തൊഴിൽരംഗത്തെ എങ്ങനെയെല്ലാം സഹായിച്ചു? ചർച്ചചെയ്ത് കുറിപ്പ് തയാറാക്കൂ.

## വാണിജ്യവും കച്ചവടവും

ഉൽപ്പാദനരംഗത്തുണ്ടായ മിച്ചം വാണിജ്യത്തിന്റെ വളർച്ചയ്ക്ക് സഹായകമായി. ഇന്ത്യയിലെ വാണിജ്യകേന്ദ്രങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുള്ള വരെ ആകർഷിച്ചു. മധ്യകാലഘട്ടത്തിൽ ഇന്ത്യയുമായി വ്യാപാരത്തിലേർപ്പെട്ട പ്രധാന രാജ്യങ്ങളുടെ പേരുകളാണ് ചുവടെ നൽകിയിരിക്കുന്നത്.

- സുമാത്ര, ജാവ (ഇന്തോനേഷ്യ)
- ചൈന
- പേർഷ്യ (ഇറാൻ)
- പോർട്ടുഗൽ
- ഹോളണ്ട്
- ഇംഗ്ലണ്ട്
- ഫ്രാൻസ്

പട്ടികയിൽ നൽകിയിരിക്കുന്ന രാജ്യങ്ങളുടെ സ്ഥാനം അറ്റ്ലസിന്റെ സഹായത്തോടെ ലോകഭൂപടത്തിൽ കണ്ടെത്തി അടയാളപ്പെടുത്തുക.






കരവഴിയും കടൽവഴിയും ഇന്ത്യക്ക് വിദേശരാജ്യങ്ങളുമായി വാണിജ്യബന്ധമുണ്ടായിരുന്നു. കരവഴിയുള്ള രണ്ട് പ്രധാന വാണിജ്യമാർഗങ്ങളായിരുന്നു ലാഹോറിൽ (ഇന്നത്തെ പാകിസ്ഥാൻ) നിന്ന് കാബൂളിലേക്കും (ഇന്നത്തെ അഫ്ഗാനിസ്ഥാൻ) മുൾത്താനിൽ (ഇന്നത്തെ പാകിസ്ഥാൻ) നിന്ന് കാണ്ടഹാറിലേക്കുമുള്ള (ഇന്നത്തെ അഫ്ഗാനിസ്ഥാൻ) പാതകൾ. കടൽവഴിയുള്ള വാണിജ്യം തീരദേശ വാണിജ്യമെന്നും അറിയപ്പെട്ടു. കാംബെ, ബ്രോച്ച്, സൂറത്ത്, ഗോവ, നാഗപട്ടണം, മസൂലിപട്ടണം, കോഴിക്കോട്, കൊല്ലം എന്നിവയായിരുന്നു പ്രധാന തുറമുഖങ്ങൾ.

മധ്യകാലത്തെ പ്രധാന തുറമുഖങ്ങൾ കണ്ടെത്തി ഇന്ത്യയുടെ ഭൂപടത്തിൽ അടയാളപ്പെടുത്തുക. ഇന്ന് അവ ഏതൊക്കെ സംസ്ഥാനങ്ങളിലാണ് സ്ഥിതിചെയ്യുന്നത്?



അന്നത്തെ പ്രധാന കച്ചവടവിഭാഗങ്ങളെയും അവർ ഏർപ്പെട്ട മേഖലയെയും താഴെകൊടുത്തിരിക്കുന്നു.




പരുത്തിത്തുണിത്തരങ്ങൾ, നീലം, ഉപ്പ്, പഞ്ചസാര എന്നിവയായിരുന്നു പ്രധാനമായി ഇന്ത്യയിൽനിന്ന് കയറ്റുമതി ചെയ്തത്. ലോഹങ്ങൾ, തുകൽ, വെൽവെറ്റ്, ഉണങ്ങിയ പഴങ്ങൾ. കുതിരകൾ എന്നിവയായിരുന്നു പ്രധാന ഇറക്കുമതി. അറബികൾ വഴിയാണ് മധ്യേഷ്യൻ രാജ്യങ്ങളിൽനിന്ന് കുതിരകളെ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തിരുന്നത്. കുതിരകളെ കച്ചവടം ചെയ്തിരുന്നവർ ദക്ഷിണേന്ത്യയിൽ കുതിരച്ചെട്ടികൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

കച്ചവടപുരോഗതിക്കായി ഭരണാധികാരികൾ വിവിധ നടപടികൾ സ്വീകരിച്ചിരുന്നു. അവയിൽ ചിലതാണ്.

- പ്രധാന നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് റോഡുകൾ നിർമിച്ചു.
- കച്ചവടക്കാർക്ക് വായ്പകൾ നൽകി.
- സരായികൾ (വിശ്രമകേന്ദ്രങ്ങൾ) പണിതു.
- ഏകീകൃത നികുതിസമ്പ്രദായം നടപ്പാക്കി.
- തപാൽസംവിധാനം കാര്യക്ഷമമാക്കി.
- കാര്യക്ഷമമായ നാണയസംവിധാനം നടപ്പിലാക്കി.


മധ്യകാല ഇന്ത്യയിൽ പ്രചാരത്തിലിരുന്ന നാണയങ്ങൾ

സൽത്തനത്ത് കാലത്തുതന്നെ കാര്യക്ഷമമായ ഒരു നാണയവ്യവസ്ഥ നിലനിന്നിരുന്നു. 'തങ്ക' എന്ന വെള്ളിനാണയവും 'ജിതൽ' എന്ന ചെമ്പുനാണയവുമാണ് അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്നത്. നാണയവ്യവസ്ഥയിൽ ഷേർഷ കാര്യമായ പരിഷ്കരണങ്ങൾ കൊണ്ടുവന്നു. അദ്ദേഹം പ്രചാരത്തിലാക്കിയ വെള്ളിനാണയമായ 'റുപി' ദീർഘകാലം നിലനിന്നു. അക്ബർ ചക്രവർത്തി 'ജലാലി' എന്ന പേരിൽ വെള്ളിനാണയവും 'ഇലാഹി' എന്ന സ്വർണനാണയവും പുറത്തിറക്കി.

ആദ്യകാലത്ത് അറബികളായിരുന്നു ഈ കച്ചവടത്തിലെ പ്രധാനികൾ. പോർട്ടുഗീസുകാരുടെ വരവോടെ അറബികൾ പിന്തള്ളപ്പെടുകയും അവരുടെ സ്ഥാനം പോർട്ടുഗീസുകാർ കൈയടക്കുകയും ചെയ്തു.



### ഉല്ലൂഖും ദാവയും

ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന രണ്ടു തരം തപാൽ സമ്പ്രദായങ്ങളായിരുന്നു ഉല്ലൂഖും ദാവയും. ഉല്ലൂഖ് എന്നറിയപ്പെടുന്ന സമ്പ്രദായത്തിൽ കുതിരകളെ ഉപയോഗിച്ചാണ് തപാലുകൾ കൈമാറിയത്. ദാവ എന്നത് കാൽനടയായുള്ള തപാൽ സമ്പ്രദായമായിരുന്നു. ഇതിൽ ഓരോ മൈലിലും മൂന്നു വീതം കേന്ദ്രങ്ങളുണ്ടായിരുന്നു.

1498 ൽ വാസ്കോ ഡ ഗാമ കോഴിക്കോട്ട് എത്തിയതോടെയാണ് ഇന്ത്യയും യൂറോപ്പും തമ്മിൽ നേരിട്ടുള്ള കച്ചവടത്തിനു തുടക്കമായത്. പോർട്ടുഗീസുകാരെ തുടർന്ന് ഡച്ചുകാരും ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും കച്ചവടത്തിനായി ഇന്ത്യയിലെത്തി. സുഗന്ധദ്രവ്യങ്ങൾ, തുണിത്തരങ്ങൾ, നീലം, പഞ്ചസാര, ഉപ്പ് എന്നിവയായിരുന്നു ഇന്ത്യയിൽനിന്ന് പ്രധാനമായി ശേഖരിച്ചത്. മുൻകാല വാണിജ്യത്തിൽനിന്ന് ഇക്കാലത്തുണ്ടായ പ്രധാന മാറ്റം യൂറോപ്യർ കച്ചവട കുത്തകയ്ക്ക് വേണ്ടി പരസ്പരം മത്സരിക്കുകയും ഇന്ത്യയെ സാമ്രാജ്യത്വ യുദ്ധങ്ങൾക്ക് വേദിയാക്കുകയും ചെയ്തു എന്നതായിരുന്നു. ഈ മത്സരത്തിൽ വിജയം നേടിയത് ഇംഗ്ലീഷുകാരാണ്.

മധ്യകാലവാണിജ്യത്തിന്റെ പുരോഗതിയിൽ ഭരണകൂടം വഹിച്ച പങ്ക് ചർച്ചചെയ്യുക.



## മധ്യകാല ഇന്ത്യയിലെ നഗരങ്ങൾ

കാർഷിക-വാണിജ്യ പുരോഗതി നഗരങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തി. മധ്യകാലഘട്ടത്തിൽ നഗരജനസംഖ്യയിൽ വലിയ വർധനവുണ്ടായി. നേരത്തേ രാജാക്കന്മാരും ബ്രാഹ്മണരും പട്ടാളക്കാരുമായിരുന്നു നഗരത്തിലെ പ്രധാന ജനവിഭാഗങ്ങൾ. സൽത്തനത്ത് കാലത്ത് തുകൽപ്പണിക്കാർ, പാചകക്കാർ, നെയ്ത്തുകാർ മുതലായ വിവിധ വിഭാഗങ്ങൾ നഗരങ്ങളിലേക്കു കുടിയേറി. ആഗ്ര, ലാഹോർ, ഡൽഹി, ഖാൻഡേഷ്, അഹമ്മദാബാദ്, ധാക്ക, ദൗലത്താബാദ്, ബനാറസ് തുടങ്ങിയവയായിരുന്നു പ്രധാന നഗരങ്ങൾ.

യുദ്ധവിജയം നേടിയ ഭരണാധികാരികൾ യുദ്ധങ്ങളിൽ പിടിച്ചെടുത്ത അടിമകളെ ധാരാളമായി നഗരങ്ങളിലേക്ക് കൊണ്ടുവന്നു. ഇത് നഗരജനസംഖ്യ വർധിക്കാൻ ഇടയാക്കി. ഇപ്രകാരം നഗരങ്ങളിലെത്തിച്ചേർന്ന ജനവിഭാഗങ്ങളിലൂടെ കരകൗശലവ്യവസായങ്ങൾ പുരോഗതി പ്രാപിച്ചു. നഗരങ്ങളിലെ കരകൗശലവസ്തുക്കളുടെ പ്രധാന നിർമാണകേന്ദ്രങ്ങളായിരുന്ന കാർഖാനകളെപ്പറ്റി മുൻ ക്ലാസിൽ പ്രതിപാദിച്ചിരുന്നല്ലോ. നഗരജനസംഖ്യ


മധ്യകാല ഇന്ത്യയിലെ നഗരങ്ങളുടെയും ജനസംഖ്യയുടെയും വളർച്ചയെ സഹായിച്ച ഘടകങ്ങൾ എന്തെല്ലാമായിരുന്നു?




യിലെ വർധനവിനനുസരിച്ച് ഉൽപ്പന്നങ്ങളുടെ ആവശ്യകതയും വർധിച്ചു. നഗരങ്ങൾക്ക് ഗ്രാമീണ ഉൽപ്പന്നങ്ങളെ ഏറെ ആശ്രയിക്കേണ്ടിവന്നു. ഇത് ഗ്രാമീണ സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തി. ഗ്രാമങ്ങളായിരുന്നല്ലോ പ്രധാന ഉൽപ്പാദനകേന്ദ്രങ്ങൾ.

## മധ്യകാല ഇന്ത്യൻ സമൂഹം

മധ്യകാല ഇന്ത്യയിലെ സാമ്പത്തികസ്ഥിതിയെക്കുറിച്ചാണല്ലോ നാം ഇതുവരെ ചർച്ചചെയ്തത്. ഇനി അക്കാലത്തെ സാമൂഹികസാഹചര്യങ്ങൾ പരിശോധിക്കാം. മധ്യകാല ഇന്ത്യൻ സമൂഹത്തിൽ ഉപരിവർഗം, മധ്യവർഗം, താഴ്ന്ന വിഭാഗം എന്നിങ്ങനെ മൂന്നു തട്ടുകൾ പ്രകടമായിരുന്നു.




ജനങ്ങളിൽ ഭൂരിഭാഗവും കർഷകരായിരുന്നു. ഭൂവുടമകൾ പൊതുവെ മെച്ചപ്പെട്ട ജീവിതം നയിച്ചപ്പോൾ ബഹുഭൂരിപക്ഷം വരുന്ന സാധാരണ കർഷകരുടെ ജീവിതം ദുരിതപൂർണമായിരുന്നു. നികുതിഭാരം അവരുടെ ചുമലിലായിരുന്നു. സ്വന്തമായി ഭൂമിയോ കാളയോ കലപ്പയോ ഇല്ലാത്തവരായിരുന്നു ബഹുഭൂരിപക്ഷം കർഷകരും. മുഗൾകാലഘട്ടത്തിലെ ചരിത്രരേഖകൾ നൽകുന്ന വിവരണമനുസരിച്ച് ഖുദ്-കഷ്ത (Khud Kashta),




പാഹി-കഷ്ത(Pahi-Kashta) എന്നിങ്ങനെ രണ്ടു വിഭാഗം കർഷകരുണ്ടായിരുന്നു.

മുഗൾ കാലഘട്ടത്തിലെ കാർഷികരംഗത്തെ പ്രബല വിഭാഗം സെമീന്ദർമാരായിരുന്നു. വിശാലമായ കൃഷിയിടങ്ങളുടെ ഉടമകളായിരുന്നു അവർ. എന്നാൽ

അവർ നേരിട്ട് കൃഷി നടത്തിയിരുന്നില്ല. മറ്റുള്ളവരെ ഉപയോഗിച്ച് കൃഷി ചെയ്യുകയായിരുന്നു. സമൂഹത്തിൽ ഉന്നതസ്ഥാനം അനുഭവിച്ചിരുന്ന സെമീന്ദാർമാർ ഭരണാധികാരികൾക്കു വേണ്ടി നികുതി പിരിച്ചിരുന്നു. അവർക്ക് സ്വന്തമായി കോട്ടയും സൈനികരും ഉണ്ടായിരുന്നു. ഉന്നതജാതിയിൽപ്പെട്ട സെമീന്ദാർമാർ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ദേശ്മുഖ്, പാട്ടീൽ, നായക് മുതലായ പേരുകളിലാണ് അറിയപ്പെട്ടത്.

"മധ്യകാല ഇന്ത്യൻ സമൂഹം അസമത്വം നിറഞ്ഞതായിരുന്നു." പ്രസ്താവന വിശകലനം ചെയ്യുക.

## അടിമസമ്പ്രദായം


അടിമച്ചൂഷണം - ചിത്രകാരന്റെ ഭാവനയിൽ

മധ്യകാല ഇന്ത്യൻ സമൂഹത്തിൽ അടിമസമ്പ്രദായം നിലനിന്നിരുന്നതായി അക്കാലത്ത് ഇന്ത്യ സന്ദർശിച്ച സഞ്ചാരികളുടെ കുറിപ്പുകൾ വ്യക്തമാക്കുന്നു. സി.ഇ. പതിനാലാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച ഇബ്നുബത്തൂത്ത അന്നത്തെ ഡൽഹി ഭരണാധികാരി മുഹമ്മദ് ബിൻ തുഗ്ലക്കിന് സമ്മാനിക്കാൻ കുതിരകളെയും ഒട്ടകങ്ങളെയും അടിമകളെയും വാങ്ങിയതായി പറയുന്നുണ്ട്. കൊട്ടാരത്തിലെ അടിമകൾ നൃത്തത്തിലും സംഗീതത്തിലും നിപുണരായിരുന്നുവെന്നും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. അടിമകൾക്കുവേണ്ടി പ്രത്യേകം അടിമച്ചന്തകളുണ്ടായിരുന്നു. യുദ്ധത്തടവുകാരായി പിടികൂടിയവരായിരുന്നു അടിമകളിൽ ഭൂരിഭാഗവും. ഇതിനു പുറമെ ആഫ്രിക്കൻ പ്രദേശത്തുനിന്നും അടിമകളെ ഇറക്കുമതി ചെയ്തിരുന്നു.

883ZFY

## സ്ത്രീകളുടെ പദവി


സ്ത്രീകൾ ജോലിയിൽ (അക്ബർനാമ)

ശൈശവവിവാഹവും സതി അനുഷ്ഠാനവും രാജ്യത്തിന്റെ പല ഭാഗത്തും നിലനിന്നിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച ഫ്രഞ്ചു സഞ്ചാരിയായ ഫ്രാങ്കോയിസ് ബർണിയർ സതി അനുഷ്ഠാനം നേരിൽ കണ്ടതായി പറയുന്നുണ്ട്. പുനർവിവാഹത്തിന് നിയന്ത്രണങ്ങളുണ്ടായിരുന്നു. പെൺകുട്ടികൾ ചെറുപ്രായത്തിൽത്തന്നെ വിവാഹിതരാകുന്നതിനാൽ അവർക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിച്ചിരുന്നില്ല. കാർഷിക - കാർഷികേതര മേഖലകളിലെ സ്ത്രീകളുടെ പങ്ക് പ്രധാനപ്പെട്ടതായിരുന്നു. വിത്തു വിതയ്ക്കുന്നതു മുതൽ കൊയ്യു

ന്നതുവരെയുള്ള ഓരോ ഘട്ടത്തിലും അവർ പങ്കാളികളായി. നൂൽനൂൽപ്പ്, മൺപാത്രനിർമാണം, വസ്ത്രാലങ്കാരം എന്നീ രംഗങ്ങളിലും അവർ പ്രവർത്തിച്ചു.

ഉന്നത രാഷ്ട്രീയ-സാമൂഹിക പദവി അലങ്കരിച്ച നിരവധി സ്ത്രീകൾ അക്കാലത്തുണ്ടായിരുന്നു. സുൽത്താന റസിയയും മുഗൾ ചക്രവർത്തിയായിരുന്ന ജഹാംഗീറിന്റെ പത്നി നൂർജഹാനും ഭരണകാര്യങ്ങളിൽ കഴിവു തെളിയിച്ച സ്ത്രീകളാണ്. ഹുമയൂണിന്റെ സഹോദരി ഗുൽബദാൻ ബീഗം, ഷാജഹാന്റെ മകളായ ജഹനാര, ശിവജിയുടെ മാതാവായ ജീജാഭായ് എന്നിവർ വിവിധ പദവികൾ വഹിച്ചവരായിരുന്നു.




മധ്യകാല ഇന്ത്യയിലെ സ്ത്രീകളുടെ പൊതു അവസ്ഥയെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

## ജാതിവ്യവസ്ഥ

മുൻകാലങ്ങളിലെന്നപോലെ മധ്യകാലത്തും ജാതി അടിസ്ഥാനമാക്കി ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നു. ബ്രാഹ്മണരായിരുന്നു സമൂഹത്തിൽ ഉന്നതസ്ഥാനം അനുഭവിച്ചത്. ജാതികളുടെ എണ്ണത്തിലുണ്ടായ വർധനവ് അക്കാലത്തെ പ്രധാന സവിശേഷതയാണ്. പുതിയ തൊഴിൽക്കൂട്ടങ്ങൾ നിലവിൽ വന്നതോടെ ഒരു തൊഴിലിൽ ഏർപ്പെടുന്നവർ ഒരു പ്രത്യേക ജാതിയായി പരിണമിക്കുകയാണുണ്ടായത്. മുഗൾ ഭരണാധികാരിയായ ബാബർ തന്റെ ഓർമക്കുറിപ്പുകളിൽ തൊഴിൽക്കൂട്ടങ്ങളെയും ജാതികളെയുംപറ്റി ഇങ്ങനെ പരാമർശിക്കുന്നു:

*...ഹിന്ദുസ്ഥാനിലെ മറ്റൊരു സവിശേഷത വ്യത്യസ്ത തൊഴിലുകളിൽ പ്രാവീണ്യമുള്ള ധാരാളം തൊഴിലാളികളുണ്ടായിരുന്നു എന്നതാണ്. ഓരോ തൊഴിലിലും ഏർപ്പെട്ടിരുന്നവർ ഓരോ ജാതിയിൽപ്പെടുന്നവരായിരുന്നു. പരമ്പരാഗതമായി ഈ തൊഴിലുകൾ പുതിയ തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു............. ആഗ്രയിലെ എന്റെ കെട്ടിട നിർമാണ പ്രവർത്തനങ്ങളിൽ മാത്രം 680 ഓളം കൽപ്പണിക്കാർ ദിനവും തൊഴിൽ ചെയ്തിരുന്നു. ഇത്തരത്തിൽ ഹിന്ദുസ്ഥാന്റെ എല്ലായിടങ്ങളിലും എണ്ണമറ്റ തൊഴിൽക്കൂട്ടങ്ങളുണ്ട്...*


– ബാബർനാമ




ഉത്തരേന്ത്യയിലേതിനു സമാനമായി തൊഴിലിനെ അടിസ്ഥാനമാക്കിയുള്ള ജാതിവിഭജനം തന്നെയാണ് ദക്ഷിണേന്ത്യയിലും നിലനിന്നിരുന്നത്. ദക്ഷിണേന്ത്യയിൽ ജാതികളെ പൊതുവെ ഇടങ്കൈ, വലങ്കൈ എന്നിങ്ങനെ രണ്ടായി വിഭജിച്ചിരുന്നു. കച്ചവടം, കൈത്തൊഴിൽ എന്നീ മേഖലകളിൽ പ്രവർത്തിച്ചിരുന്നവർ പൊതുവെ ഇടങ്കൈ ജാതികളായി അറിയപ്പെട്ടപ്പോൾ

കാർഷികമേഖലയിൽ പ്രവർത്തിച്ചിരുന്നവർ വലങ്കൈ ജാതികൾ എന്നാണറിയപ്പെട്ടിരുന്നത്.

മധ്യകാല ഇന്ത്യയിലെ സാമൂഹികജീവിതത്തെക്കുറിച്ച് ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.



മധ്യകാലലോകത്ത് മികച്ച സാമ്പത്തികവളർച്ച കൈവരിച്ച രാജ്യമായിരുന്നു ഇന്ത്യ. സാമ്പത്തികരംഗത്തുണ്ടായ പുരോഗതി കലാ-സാംസ്കാരിക രംഗത്തെ വളർച്ചയെ സഹായിച്ചു. ഈ സമ്പന്നതയാണ് അക്കാലത്തുണ്ടായ ക്ഷേത്രങ്ങളുടെയും സ്മാരകങ്ങളുടെയും നിർമിതിക്ക് അടിസ്ഥാനമായത്. എന്നാൽ സാമ്പത്തികപുരോഗതി ഒരു ചെറിയ വിഭാഗം മാത്രമേ അനുഭവിച്ചിരുന്നുള്ളൂ. ബഹുഭൂരിപക്ഷവും ജീവിച്ചത് ദാരിദ്ര്യത്തിലായിരുന്നു.

**സമ്പത്തും സമൂഹവും മധ്യകാല ഇന്ത്യയിൽ**

- **സമ്പദ്‌വ്യവസ്ഥ**
  - കാർഷികപുരോഗതി
  - കൈത്തൊഴിലും കരകൗശലവും
  - വാണിജ്യവും കച്ചവടവും
  - നാണയവ്യവസ്ഥ
  - നഗരങ്ങൾ
- **സമൂഹം**
  - അടിമസമ്പ്രദായം
  - സ്ത്രീപദവി
  - ജാതിവ്യവസ്ഥ

## വിലയിരുത്താം

- മധ്യകാല ഇന്ത്യയുടെ സാമ്പത്തികപുരോഗതിയെ കാർഷികമേഖലയുടെ വളർച്ച എങ്ങനെയെല്ലാം സഹായിച്ചു? വിലയിരുത്തുക.
- സൽത്തനത്ത്, മുഗൾ കാലഘട്ടങ്ങളിൽ ഇന്ത്യയിലെ ജനങ്ങളുടെ പ്രധാന ജീവനോപാധികൾ എന്തൊക്കെയായിരുന്നു? പരിശോധിക്കുക.
- പുതിയ സാങ്കേതികവിദ്യകളുടെ കണ്ടുപിടിത്തം തൊഴിൽ-വ്യവസായ രംഗങ്ങളിലെ പുരോഗതിയെ എത്രമാത്രം സ്വാധീനിച്ചു? വിശകലനം ചെയ്യുക.
- വാണിജ്യപുരോഗതിക്കായി മധ്യകാല ഇന്ത്യയിലെ ഭരണാധികാരികൾ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു?
- മധ്യകാല ഇന്ത്യയിലെ രണ്ടു പ്രധാന കച്ചവടവിഭാഗങ്ങൾ ഏതൊക്കെ? അവർ ഏർപ്പെട്ട കച്ചവടമേഖലകൾ ഏതൊക്കെയായിരുന്നു?
- മധ്യകാല ഇന്ത്യയിലെ കർഷകരുടെ ജീവിതത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.
- മധ്യകാല ഇന്ത്യയിലെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളിൽ സ്ത്രീകളുടെ അവസ്ഥ എന്തായിരുന്നു? പരിശോധിക്കുക.

## തുടർപ്രവർത്തനങ്ങൾ

- മധ്യകാല ഇന്ത്യയുടെ സാമ്പത്തിക-സാമൂഹിക സാഹചര്യങ്ങളെക്കുറിച്ച് സെമിനാർ പ്രബന്ധം തയാറാക്കി അവതരിപ്പിക്കുക.